FMPB
# മിത്രസമാചാർ
(for private circulation only)

വാല്യം : 12 ലക്കം : 8 ആഗസ്റ്റ് : 2022



**സഹോദരന്മാരേ, നിങ്ങൾ സ്വാതന്ത്ര്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു; ഈ സ്വാതന്ത്ര്യം ജഡത്തിനു അവസരമാക്കുക മാത്രം ചെയ്യാതെ സ്നേഹത്താൽ അന്യോന്യം സേവിപ്പിൻ.**

(ഗലാത്യർ. 5:13)



# സ്വാതന്ത്ര്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു!

## ആമുഖം ...



അടിമകൾ അധികാരമില്ലാത്തവർ, അടിമകൾ അവകാശങ്ങളില്ലാത്തവർ. അടിമകളെ വിലയില്ലാത്തവരായി പരിഗണിക്കുന്നു. അവരുടെ ജീവിതം കഠിനമാകുന്നു. അവരെ ചാട്ടവാറു കൊണ്ടു ക്രൂരമായി മർദ്ദിക്കുകയും കൊള്ളരുതാത്തവർ എന്നു മുദ്രകുത്തി മോശമായി പെരുമാറി പ്രത്യേക കാരണമൊന്നുമില്ലാതെ കൊല്ലുകയും ചെയ്യുന്നു. ഈജിപ്തുകാർക്കും പിന്നീട് മറ്റു പല രാജ്യങ്ങൾക്കും അടമികളായിരുന്ന യിസ്രായേലിനെ കുറിച്ചു പുറപ്പാട് പുസ്തകം പറയുന്നു. ഇന്ന് നവ അടിമത്തം എന്നോ ആധുനിക അടിമത്തം എന്നോ അറിയപ്പെടുന്ന സമാകാലിക അടിമത്വത്തിൽ 38 ദശലക്ഷം മുതൽ 46 ദശലക്ഷം ആളുകൾ ഇപ്പോഴും അടിമകളായുണ്ടെന്നു കണക്കാക്കുന്നു. ഫാക്ടറികൾ, കമ്പനികൾ, ഇഷ്ടിക ചൂളങ്ങൾ, കൃഷിയിടങ്ങൾ, വേശ്യാലയങ്ങൾ തുടങ്ങിയ ഇടങ്ങളിൽ ഇവർ ചൂഷണം ചെയ്യപ്പെടുന്നത് കാണാം. ആധുനിക അടിമത്തം പലപ്പോഴും ദാരിദ്യം, നിരക്ഷരത എന്നിവയുടെ ഫലമായി കാണപ്പെടുന്നു. ദുർബലരായ ന്യൂനപക്ഷ സമുദായങ്ങളിലാണ് ഇത് കാണപ്പെടുന്നത്.

നമ്മുടെ രാജ്യം 75-ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുവാൻ പോകുന്ന വേളയിൽ ഈ പട്ടികയിൽ ഇന്ത്യയുടെ യഥാർത്ഥ സ്ഥാനം എവിടെയെന്നു പരിശോധിക്കാം. നമ്മോടു കൂടെ സ്വാതന്ത്ര്യം അനുഭവിക്കുവാൻ ആഗ്രഹിക്കുന്ന ഈ കൂട്ടത്തിലുള്ളവരെ നാം കണ്ടെത്തണം. ഈ ജനം ഈ സ്വാതന്ത്ര്യം എന്ന് അനുഭവമാക്കും?

പാപത്തിന്റെ അടിമത്തം മറ്റൊരു വിധത്തിലുള്ള അടിമത്തമാകുന്നു. ഇത് ഏറെ മോശകരമായ വസ്തുതയാണെന്നു അനേകർ അറിയുന്നില്ല. വേദപുസ്തകം പറയുന്നു - പാപികൾ അവരുടെ യജമാനനായ സാത്താന്റെ ആധിപത്യ സ്വാധീനത്തിലാകുന്നു. " സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു' (1 യോഹ.5:19). നമ്മുടെ വീണ്ടെടുപ്പുകാരനായ യേശു തന്റെ രക്തം വിലയായി നൽകി നേടിയെടുത്ത സ്വാതന്ത്യം നാം കാണാതെ വിട്ടുകളയരുത്. (ഗലാത്യർ.3:13) അതായത് യേശു കാൽവറി ക്രൂശിൽ നമുക്കായി മരിച്ചു. അവന്റെ വചനം അനുസരിക്കുന്നതിലൂടെ സത്യം (സാക്ഷാൽ സ്വാതന്ത്യം) നാം അനുഭവമാക്കും (യോഹ.8:31-32). ദൈവം നമ്മെ ക്ഷണിക്കുന്നു 'വരിക' തുടർന്നു ദൈവം നമ്മുടെ ചങ്ങലകളെ തകർക്കുന്നു എന്നിട്ടു നമ്മെ അയയ്ക്കുന്നു. പോകുക മറ്റുള്ളവരെ ചങ്ങലകളിൽ നിന്നു സ്വതന്ത്രരാക്കുക. ഈ നിയോഗമാണ് ദൈവം നമ്മെ ഭരമേല്പിച്ചിരിക്കുന്നത്.

ഒരു കൂട്ടം മോറാവിയൻ മിഷനറിമാർ "പോകുക' എന്ന വിളി സ്വീകരിച്ചു. ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ 100 ദ്വീപുകളിൽ പാർക്കുന്ന അടിമകൾക്കു സ്വാതന്ത്യം നൽകുന്നതിനായി അവരോടു ദൈവവചനം പങ്കുവെക്കുന്നതിനായി തങ്ങളുടെ ജീവിതങ്ങളെ സമർപ്പിച്ചു. ഈ ദ്വീപുകളിലേക്കു ആർക്കെങ്കിലും പോകണമെങ്കിൽ അവർക്കു പാസ്സപോർട്ടും വീസയും ഒന്നും വേണ്ട പകരം അടിമകളായി തീർന്നാൽ മതി. ഇവിടെയുള്ള നീഗ്രോ ജനങ്ങളുടെ അടിമച്ചങ്ങല പൊട്ടിച്ചെറിയണമെന്ന ആത്മഭാരത്താൽ ഈ യൗവ്വനക്കാരായ മിഷനറിമാർ അടിമകളാകുവാൻ തീരുമാനിച്ചു. അടിമകളാകുന്നതിനായി അവരുടെ കാതുകൾ കിഴിക്കുകയും ശീരരത്തിൽ 12 ലധികം ചാട്ടവാറടിയുടെ പാടുകൾ കണുകയും വേണം. ശരീരത്തിലുള്ള ഈ അടയാളങ്ങളാണ് അവർ അടിമകളാണെന്നു തെളിയിക്കുന്നത്. വേദപുസ്തകം അവരുടെ കൂടെ കൊണ്ടു പോകുവാൻ അനുവദിക്കയില്ലാത്തതിനാൽ അവർ മുഴു വേദപുസ്തകവും കാണാതെ പറയുവാൻ പഠിച്ചു. അങ്ങനെ അവർ ഏറിയ എരിവോടുകൂടെ സഞ്ചരിക്കുന്ന വേദപുസ്തകമായി ഈ ദ്വീപുകളിൽ പ്രവേശിച്ചു അടിമകളായ നീഗ്രോകളെ കൂട്ടത്തോടെ വിടുവിച്ചു.

ആധുനിക അടിമത്ത പട്ടികയിൽ ഉയർന്നു നിൽക്കുന്ന ഇന്ത്യക്കാരെ രക്ഷിക്കുന്നതിനായി ആർ മുന്നോട്ടു കടന്നു വരും? കണ്ണുനീരോടെ ഇടിവിൽ നിന്നു പ്രാർത്ഥിക്കുന്നതിനു ആർ തയ്യാറാകും? ഈ വിണ്ടെടുപ്പിൻ ശുശ്രൂഷയിൽ നമ്മുടെ പങ്കാളിത്തം എന്താകുന്നു? "രാജ്യത്തെ അതിന്റെ നരിയാണിയിൽ ഉറച്ചു നിൽക്കുന്നത് നാം നമ്മുടെ മുഴങ്കാലിൽ നിൽക്കണം". - ബില്ലി ഗ്രഹാം. അതുകൊണ്ട് നമ്മുടെ രാജ്യത്തെ നേടുന്നതിനായി വരിക, നമുക്കു മുഴങ്കാൽ നിൽക്കാം!

- മേഴ്സി സെൽവിൻ, കമ്യൂണിക്കേഷൻ വിഭാഗം

സ്വതന്ത്രരായും സ്വാതന്ത്യം ദുഷ്ടതക്കു മറയാക്കാതെ
ദൈവത്തിന്റെ ദാസന്മാരായും നടപ്പിൻ.
(1 പത്രോ.2:16)

ഒരുവന്റെ സ്വാതന്ത്ര്യം സുരക്ഷിതമാക്കുവാൻ ക്രിസ്ത്യാനി
ദൈവത്തിന്റെ വെളിച്ചമായ ദൈവീക സത്യം അനുഭവമാക്കണം
- വാച്ച്മാൻ നീ

എന്നാൽ ഇപ്പോൾ പാപത്തിൽ നിന്നു സ്വാതന്ത്ര്യം
പ്രാപിച്ചു ദൈവത്തിനു ദാസന്മാരായിരിക്കയാൽ നിങ്ങൾക്കു
ലഭിക്കുന്ന ഫലം വിശുദ്ധീകരണവും അതിന്റെ അന്തം
നിത്യജീവനും ആകുന്നു.
(റോമർ.6:22)

ജീവതത്തെ അർത്ഥവത്തായതും ലക്ഷ്യപൂർണ്ണമായതും
ആക്കുന്നത് എടുത്തു കളവാൻ കഴിയാത്ത
ഈ ആത്മീക സ്വാതന്ത്ര്യം ആകുന്നു.
- വിക്ടർ ഇ ഫ്രാങ്കൾ

- മിത്രസമാചാർ FMPB യുടെ ഔദ്യോഗിക പത്രികയാണ്.
- FMPB ഭാരതിയരുടെ മിഷനറി പ്രസ്ഥാനമായി യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേരാത്ത ജനസമൂഹങ്ങൾക്കു എത്തിച്ചുകൊടുക്കുന്നു
- ഭാരതത്തിലുടനീളം സഭകൾ നട്ടുപിടിപ്പിക്കുവാനുള്ള ക്രൈസ്തവ സഭയുടെ ഒരു കരമായി FMPB പ്രവർത്തിക്കുകയാണ്.
- വിവധ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ FMPB സുവിശേഷം പ്രസംഗിക്കുന്നു.
- സഭകൾ, സ്ഥാപനങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ എന്നിവരെ FMPB പ്രാർത്ഥനക്കും ഉദാരമായ സഹായ സഹകരണങ്ങൾക്കുമായി ക്ഷണിക്കുന്നു.


കേരള സോൺ:-
FMPB, ചൂരക്കുഴിയിൽ,
മക്കപ്പുഴ. പി. ഒ, റാന്നി, പത്തനംതിട്ട
Mob: 9495 309 335; 90740 03768
E-mail: sajifmpb@gmail.com



*Publisher & Editor*
Rev. **സുദർശൻ തോമസ്**

മിത്ര സമാചാർ

***FMPB*** യുടെ പ്രതിമാസ സൂനം


| SUBSCRIPTION | INDIA | FOREIGN |
|---|---|---|
| Annual | Rs.100 | Rs.600 |
| Life | Rs.1500 | Rs.5,000 |


H.Q: 29, High School Road, Ambattur,
Chennai - 600 053
Tel: +91-44-2657 0404 Fax: 2657 3353
Cell: 9444394342
E-mail: info@fmpb.org
Web site: www.fmpb.co.in

Layout and Preparation:
Communication Dept., fmpb

# ജനറൽ സെക്രട്ടറിയുടെ കത്ത്...



സുവിശേഷം ശ്രവിക്കാത്ത ഇന്ത്യക്കാരെ നേടുന്ന ദൗത്യത്തിൽ പ്രീയ പങ്കാളികളെ,

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സർവ്വശക്തിയുള്ള നാമത്തിൽ സ്നേഹവന്ദനം.

ഞാൻ ഈ പത്രാധിപലേഖനം ജാർഖണ്ഡിൽ നിന്നാണ് എഴുതുന്നത്. അശൂരിൽ നിന്ന് അധികാരം ബാബിലോണ്യ സാമ്രാജ്യത്തിലേക്കു മാറുന്ന കാലത്തിനു അടുത്ത് ഹബക്കൂക്ക് പ്രവാചകനും ദൈവവുമായി സംഭാഷണത്തിൽ ഏർപ്പെട്ടിരുന്നു. ഹബക്കുക് പ്രവാചകൻ പരാതിയുടെ ഒരു ചെറിയ പരമ്പര അവതരിപ്പിച്ചു, തുടർന്ന ദൈവത്തിന്റെ പ്രതികരണം. ഹബക്കുക്കിന്റെ വിലാപങ്ങൾക്കു ദൈവം ഉത്തരം നൽകുമ്പോൾ പ്രവാചകൻ ദൈവത്തിലുള്ള വിശ്വാസത്തിന്റെ സംഗീതത്തോടെ പുസ്തകം അവസാനിപ്പിക്കുന്നു.

പുസ്തകത്തിന്റെ ഉപസംഹാരത്തിൽ പ്രവാചകൻ പറയുന്നത് ഭക്ഷണത്തിന്റെ ദൗർല്ലഭ്യം വന്നാലും ഞാൻ ദൈവത്തിൽ ആശ്രയിക്കും (ഹബ.3:17-19) മനുഷ്യന്റെ എല്ലാ ആവശ്യങ്ങളിലും പരമപ്രധാനമായത് ആഹാരമാകുന്നു. കാരണം ഭക്ഷണമില്ലാതെ മനുഷ്യനു അധികനാൾ ജീവിക്കുവാൻ കഴികയില്ല. ഇവിടെ പ്രവാചകൻ പ്രതിപാദിക്കുന്ന അത്തി, മുന്തിരി, ഒലിവ് എണ്ണ, വയലിലെ ഉല്പന്നങ്ങൾ ആട്, കന്നുകാലി തുടങ്ങിയവയെല്ലാം ഭക്ഷ്യവസ്തുക്കളാകുന്നു. മുകളിൽ പ്രതിപാദിച്ചവയൊന്നു ലഭ്യമല്ലെങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും എന്നു പ്രവാചകൻ പാടുന്നു. എവിടെ നിന്നാണ് ഈ ആശ്രയം വരുന്നത്? യഹോവയായ കർത്താവ് എന്റെ ബലമാകുന്നു എന്നതാണ് ഇതിനു കാരണം. നമ്മുടെ ജീവിതത്തിലും അടിസ്ഥാന ആവശ്യങ്ങൾ നമുക്കു ലഭിക്കുന്നില്ലെങ്കിലും പരമാധികാരിയായ ദൈവം നമ്മുടെ ബലം ആകുന്നു. ആ ദൈവത്തിൽ നാം ആനന്ദിക്കും നമ്മുടെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും.

## ഡിവിഷണൽ നേതൃത്വത്തിന്റെ രണ്ടു ദിവസത്തെ ഉപവാസ പ്രാർത്ഥന

ജൂൺ 16, 17 തീയതികളിൽ ഡിവിഷണൽ തലവന്മാരുമായി രണ്ടു ദിവസം ഉപവസിച്ചു പ്രാർത്ഥിക്കുവാൻ എനിക്കു സാധിച്ചു. ഇത്തരത്തിലുള്ള പ്രാർത്ഥന എല്ലാ മേഖലയിലും സംഘടിപ്പിക്കണം. മൂന്നു മാസത്തിലൊരിക്കൽ എല്ലാ സെക്രട്ടറിമാരും അവരുടെ ടീമിനൊപ്പം രണ്ടു ദിവസം ഉപവസിച്ചു പ്രാർത്ഥിക്കണം.

## സെക്രട്ടറിമാരുടെ യോഗം

തമിഴ്നാട്, പോണ്ടിച്ചേരി മൊബലൈസേഷൻ സെക്രട്ടറിയോടു കൂടെ ജൂൺ 20 ന് യുവജനം , സ്കാൻ, സ്ത്രീകൾ, പ്രാർത്ഥന എന്നീ വിഭാഗങ്ങളുടെ സെക്രട്ടറിമാരുമായി ഒരു മീറ്റിംഗ് നടത്തി അവരുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ഭാവി ശുശ്രൂഷ സംബന്ധമായി ആലോചന കഴിക്കയും ചെയ്തു.

## കോയമ്പത്തൂർ യോഗം

ജൂൺ 24, 25 തീയതികളിൽ കോയമ്പത്തൂർ മേഖലയിലുള്ള നേതാക്കന്മാരുടെ യോഗം സംഘടിപ്പിച്ചു. FMPB യുടെ പ്രവർത്തനത്തോടു അവർ കാണിക്കുന്ന ആത്മാർത്ഥതക്കു നന്ദിയർപ്പിച്ചതിനൊ

പ്പം നമ്മുടെ ദർശനത്തിന്റെ അടിസ്ഥാനത്തിൽ ചില പദ്ധതികളെ കുറിച്ചു ചർച്ച നടത്തി. ദേശത്തിനു വേണ്ടി ഇടിവിൽ നിന്നു പ്രാർത്ഥിക്കുന്ന ചില പ്രാർത്ഥന പോരാളികളെ നേരിൽ കണ്ടു. സജീവ സേവനത്തിൽ നിന്നു വിരമിച്ച വയസ്സായ മിഷനറി സഹോദരി നമ്മുടെ ശുശ്രൂഷക്കു വേണ്ടി പ്രാർത്ഥിക്കുന്നതിനു അനേക പ്രാർത്ഥനക്കൂട്ട നേതാക്കന്മാരെ ഉരുവാക്കിയതു കണ്ടത് എനിക്കു വളരെ പ്രചോദനമേകി.

### വാൽപാറൈ യോഗം

ജൂൺ 26 ഞായറാഴ്ച വാൽപാറയിലെ പ്രധാന ദൈവാലയത്തിൽ ദൈവവചനം പങ്കുവെക്കുവാൻ സാധിച്ചു. സമീപത്തുള്ള രണ്ടു ദൈവാലയങ്ങളിൽ നമ്മുടെ രണ്ടു മിഷനറിമാർ ദൈവവചന ശുശ്രൂഷ നിർവഹിച്ചു. തുടർന്നു വാൽപാറയിലെ പഴയ ദൈവാലയത്തിൽ വെച്ചു ആ പ്രദേശത്തെ നമ്മുടെ നേതാക്കന്മാരുടെ സംഗമം നടത്തി. നമ്മുടെ ശുശ്രൂഷക്കു സഭയിലെ പട്ടക്കാർ നൽകുന്ന പിന്തുണ മഹത്വകരവും ആവേശകരവുമാകുന്നു.

### കൊളച്ചൽ യോഗം

ജൂൺ 2 ന് കന്യാകുമാരിയിലെ കൊളച്ചൽ സി എസ് ഐ പള്ളിയിൽ ഏകദിന സമ്മേളനം സംഘടിപ്പിച്ചു. പാസ്റ്ററന്മാർ, സഭയിലെ ചുമതലക്കാർ, FMPB യുടെ പ്രാദേശിക നേതാക്കന്മാർ യോഗത്തിനു വേണ്ട ക്രമീകരണങ്ങൾ സ്തുത്യർഹമാവിധം ചെയ്തു. പ്രായമായവർക്കും കുട്ടികൾക്കും യുവജനങ്ങൾക്കും പ്രത്യേക യോഗങ്ങൾ ക്രമീകരിച്ചിരുന്നു.

### വാർഷീക യോഗ അവലോകനം

ജൂലൈ മൂന്നിന് തമിഴ്നാട് വാർഷിക കൺവൻഷനിൽ ദൈവം ചൊരിഞ്ഞ അത്ഭുതകരമായ അനുഗ്രഹങ്ങൾക്കു നന്ദിയർപ്പിക്കുന്നതിനും യോഗത്തിന്റെ അവലോകനത്തിനുമായി ഞങ്ങൾ ഡാനീഷ്പേട്ടിലുള്ള ബഥേലിലെ വിശാലമായ ക്യമ്പസിൽ ഒരുമിച്ചു കൂടി. സംഘാടക സമിതിയിലെ നേതാക്കന്മാർ അവരുടെ പ്രവർത്തനങ്ങൾക്കു ദൈവം നൽകിയ സഹായത്തെ കുറിച്ചു വിവരിച്ചപ്പോൾ ഞങ്ങളുടെ ഹൃദയം സന്തോഷത്താലും നന്ദിയാലും തുടിച്ചു. വാർഷീക കൺവൻഷനിൽ ലഭിച്ച അനുഗ്രഹങ്ങൾ തീർച്ചയായും ദൈവത്തിന്റെ പ്രവർത്തിയാകുന്നു. എല്ലാ മഹത്വവും ദൈവത്തിനു മാത്രം.

### ആസ്തി വകുപ്പിന്റെ യോഗം

ജൂലൈ എട്ടാം തീയതി ഈ വിഭാഗത്തിന്റെ കൺവീനറും സെക്രട്ടറിയുമായി കൂടിക്കാഴ്ച നടത്തി ഭാവി പ്രവർത്തനത്തെക്കുറിച്ചു ആലോചിച്ചു. FMPB യുടെ രാജ്യത്താകമാനമുള്ള നിർമ്മാണ പ്രവർത്തനത്തിനു മേൽനോട്ടം വഹിക്കുന്ന ഈ സംഘത്തിലുള്ള എഞ്ചിനിയറന്മാർക്കും വക്കീലന്മാർക്കും നിങ്ങളുടെ വിലയേറിയ പ്രാർത്ഥന ആവശ്യമാകുന്നു.

### ട്രിച്ചിയിലെ മിഷൻ മേള

ട്രിച്ചി – തഞ്ചാവൂർ സി എസ് ഐ മഹായിടവക മിഷൻ മേള സംഘടിപ്പിച്ചു. മഹായിടവകയുടെ ബിഷപ്പ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ദൈവവചനം പങ്കുവെക്കുന്നതിനുള്ള ഭാഗ്യം എനിക്കു ലഭിച്ചു. ഇന്ത്യയുടെ മുക്കിലും മൂലയിലും സുവിശേഷം എത്തിക്കുന്നതിനു ബിഷപ്പും മഹായിടവക നേതാക്കന്മാരും എടുക്കുന്ന ഉദ്യമത്തിനായി ദൈവത്തെ സ്തുതിക്കുന്നു.

### NELC മോഡറേറ്ററുമായുള്ള കൂടിക്കാഴ്ച

മിഷൻ വയൽ നേതാക്കന്മാരുടെ കൂടെ പുതുതായി അഭിഷക്തനായ NELC മോഡറേറ്ററെയും സിനഡിന്റെ അദ്ധ്യക്ഷനെയും സിനഡ് സെക്രട്ടറിയെയും ജൂലൈ 15 ന് സന്ദർശിച്ചു. NELC യും FMPB യും തമ്മിലുള്ള മികച്ച പങ്കാളിത്വത്തിന്റെ മുപ്പത്തിമൂന്നാം വർഷമാണിത്. പുതിയതായി നിയോഗിതരായ നമ്മുടെ നേതാക്കന്മാരെ സഭക്കു പരിചയപ്പെടുത്തി കൊടുക്കുന്നതിനു ഈ കൂടിക്കാഴ്ച സഹായകരമായി.

# ദൈവത്തിന്റെ സ്വാതന്ത്ര്യ ദിനം



*നിന്റെ പ്രമാണങ്ങളെ ആരായുന്നതു കൊണ്ട് ഞാൻ വിശാലതയിൽ നടക്കും. (സങ്കീ. 119:45)*

**ആ**ഗസ്റ്റ് 15 നമ്മുടെ രാജ്യം സ്വാതന്ത്ര്യ ദിനമായി ആഘോഷിക്കുന്ന സന്ദർഭത്തിൽ നമ്മുടെ രാജ്യത്തിൽ ആധിപത്യം സ്ഥാപിച്ചു അധികാരം നടത്തിയ രാജ്യങ്ങളിൽ നിന്നും സ്വാതന്ത്ര്യ പ്രാഖ്യാപനം നടത്തിയ നാളിനെ നാം ഓർക്കണം. ത്രിവർണ്ണ പതാക ഉയർത്തൽ, ദേശസ്നേഹത്തിന്റെ ആരവങ്ങൾ, ബ്രീട്ടീഷുകാരിൽ നിന്ന് എങ്ങനെ നാം സ്വാതന്ത്ര്യം പ്രാപിച്ചു എന്നതിന്റെ ആഖ്യാനം, സ്വാതന്ത്ര്യത്തിനു അടരാടി വീരചരമം പ്രാപിച്ച ധീരന്മാർക്കുള്ള ആദരവ്, ദൂരദർശനിൽ സ്വാതന്ത്ര്യ ദിന പരേഡ് കാണൽ എന്നിവയാണ് സ്വാതന്ത്ര്യദിനത്തിലുള്ള നമ്മുടെ പതിവ് പരിപാടികൾ. രാഷ്ട്രീയ സ്വാതന്ത്ര്യം, ആരാധന സ്വാതന്ത്ര്യം, പത്ര സ്വാതന്ത്ര്യം, അവസരങ്ങളും സ്വപ്നങ്ങളും പിന്തുടരുവാനുള്ള സ്വാതന്ത്ര്യം, സംസാര സ്വാതന്ത്ര്യം, നമ്മുടെ രാജ്യത്തിന്റെ ജനാധിപത്യ പ്രക്രീയയിൽ പങ്കാളികളാകുന്നതിനുള്ള സ്വാതന്ത്ര്യം എന്നിങ്ങനെ വിവിധ തരത്തിലുള്ള സ്വാതന്ത്ര്യം അനുഭവിക്കുന്നതിലേക്കു നമ്മെ നയിച്ച നമ്മുടെ ദേശത്തിന്റെ സ്വാതന്ത്ര്യത്തിനായി നമുക്കു ദൈവത്തെ വാഴ്ത്തി സ്തുതിക്കാം.

ഇന്ത്യ മഹാരാജ്യത്തോടുള്ള കൃതജ്ഞതയിൽ നിന്നാണ് സ്വാതന്ത്ര്യദിനത്തിന്റെ ആഘോഷം ഉദിക്കുന്നത്, എന്നിരുന്നാലും യേശു വലിയവനാകുന്നു. **യേശുക്രിസ്തുവിന്റെ ഗിരിപ്രഭാഷണം മഹാത്മ ഗാന്ധിയുടെ സത്യാഗ്രഹ സമരത്തിനു നിദാനമാകുകയും അങ്ങനെ ഇന്ത്യ സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്തു.** ഇന്ത്യയിൽ ജീവിക്കുന്നതിനുള്ള പദവിക്കു വേണ്ടിയാണ് നമ്മുടെ ആഘോഷം എന്നിരുന്നാലും യേശുക്രിസ്തുവിന്റെ മരണത്തിലൂടെ ലഭിച്ച സ്വാതന്ത്ര്യമാണ് മഹത്വകരം. അതുകൊണ്ട് നമ്മുടെ സഭ ദേശഭക്തിയുള്ള ദേശീയ ഗാനം ആലപിക്കുകയാ

### ABA യുമായുള്ള ധാരണപത്രം

ദൈവഹിതമെങ്കിൽ അരുണാചൽ പ്രദേശത്തെ അപതാനി ബാപ്റ്റിസ്റ്റ് അസോസിയേഷനമായുള്ള ധാരണപത്രം പുതുക്കുന്നതിനുള്ള കരാർ ഒപ്പിടുന്നത് ആഗസ്റ്റ് എട്ടിന് അരുണാചൽ പ്രദേശിലെ സീറോ വാലിയിൽ വെച്ചു നടക്കും.

### നോർത്ത് ഈസ്റ്റേൺ സോൺ കുടുംബസംഗമം

നോർത്ത് ഈസ്റ്റേൺ സോണിലെ മിഷനറിമാരുടെ കുടുംബ സംഗമം ആഗസ്റ്റ് 9-11 വരെ അസമിലെ നഹർലാഗണിൽ വെച്ചു നടത്തുന്നതാണ്. മിഷനറിമാരുടെ യാത്രക്കും യോഗത്തിന്റെ അനുഗ്രഹത്തിനുമായി പ്രാർത്ഥിക്കുക.

കർത്താവിന്റെ ദൗത്യ നിർവഹണത്തിൽ നിങ്ങളുടെ സഹയാത്രികൻ



റവ. ജോൺ ബർലിൻ എസ്.

ണെങ്കിൽ പൂർണ്ണ ഹൃദയത്തോടെ പഠണം. അതു നമ്മുടെ ആരാധനയെ മാറ്റി സ്ഥാപിക്കയില്ല. ദൈവത്തോടുള്ള നമ്മുടെ പ്രതിബദ്ധതയുടെ ചിലവിൽ സന്തോഷവും നന്ദിയും പ്രഖ്യാപിക്കുന്നില്ല. നമ്മുടെ രാജ്യത്തിന്റെ പിറവിയിലുള്ള നമ്മുടെ സന്തോഷം ആഘോഷമായി പ്രകടിപ്പിക്കുന്നു.

### വേദപുസ്തകത്തിലെ സ്വാതന്ത്ര്യ ദിനം

വേദപുസ്തക കാഴ്ചപ്പാടിൽ യിസ്രായേൽ മക്കളുടെ ഈജിപ്തിൽ നിന്നുള്ള സ്വാതന്ത്ര്യം രേഖപ്പെടുത്തുന്നത് ഈജിപ്ത് വിടുന്നതിനു ഒരുങ്ങുന്നതിനു ദൈവം അവരോടു ആവശ്യപ്പെടുന്നതു മുതലാണ് (പുറ.12). ദൈവം ഈജിപ്തിന്റെമേൽ ബാധകളെ അയച്ചു ദേശത്തെ നശിപ്പിക്കുവാൻ തുടങ്ങുന്നതോടു കൂടെയാണ് ഈ സംഭവം ആരംഭിക്കുന്നത് (പുറ.7-11). **യാക്കോബിന്റെ സന്തതികൾ തങ്ങളുടെ സ്വാതന്ത്ര്യം നേടിയെടുക്കുന്നതിനായി പോരാടുന്നില്ല. ദൈവം അവർക്കു വേണ്ടി യുദ്ധം ചെയ്യുന്നു.**

യിസ്രായേൽ ഈജിപ്ത് വിട്ടു ചെങ്കടൽ കടന്നപ്പോൾ അവർ സത്യത്തിൽ സ്വതന്ത്ര രാജ്യമായി. ദൈവം അവരുടെ രാജാവും മോശെ ദൈവത്തിന്റെ മാനുഷിക പ്രതിനിധിയുമായി. ദൈവം അവർക്കു സ്വന്തമായ നിയമം നൽകി. ആ നിയമത്തിൽ ദൈവത്തെ ആരാധിക്കുന്നതിനുള്ള കല്പനകളും സഹപൗരന്മാരുമായി ഇടപഴകുന്നതിനുള്ള പ്രമാണങ്ങളും ഉണ്ടായിരുന്നു.

ഒരു കാലഘട്ടത്തിനു ശേഷം യിസ്രായേൽ അവരുടെ പാപത്തിന്റെ ഫലമായി ബാബിലോണിനു അടിമകളായി തീർന്നു. 70 വർഷത്തിനു ശേഷം യരുശലെമിലേക്കു മടങ്ങി വരുന്നതിനു ദൈവം അവർക്കു മേദ്യ പാർസ്യ രാജാവിലൂടെ അവസരം നൽകി. യിസ്രായേലിൽ ഉണ്ടായിരുന്ന ശേഷിപ്പ് യരുശലെം രാജ്യം പണിയുവാൻ തുടങ്ങി. മടങ്ങി വന്നതിനു ശേഷം അവർ യരുശലെമിന്റെ മതിലും ദൈവാലയവും പണിയുന്നു. അതിനെ തുടർന്നു ബാബിലോണ്യ അടിമത്വത്തിൽ നിന്നു തിരികെ വന്ന ജനം വിശ്വാസത്തിൽ ഉണർവ്വ് പ്രാപിക്കുന്നു.

### വിശ്വാസികളുടെ സ്വാതന്ത്ര്യ ദിനം

അനേക നൂറ്റാണ്ടുകൾക്കു ശേഷം അപ്പൊസ്തലനായ പൗലൊസ് ഒരു വ്യക്തിയുടെ ജീവിതത്തിലെ സ്വാതന്ത്ര്യത്തെ കുറിച്ചു പറയുന്നു. ഇത് ഗവൺമെന്റിൽ നിന്നു ലഭിക്കുന്ന ഒരു സ്വാന്ത്ര്യത്തെ കുറിച്ചല്ല പ്രതിപാദിക്കുന്നത് പകരം പാപത്തിന്റെ അടിമത്വത്തിൽ നിന്നുള്ള സ്വാതന്ത്ര്യം ആകുന്നു. ഈ പുതു ജീവൻ യേശുക്രിസ്തുവിന്റെയും അപ്പൊസ്തലന്മാരുടെയും പ്രവചാകന്മാരുടെയും ഉപദേശത്തിന്റെ അടിസ്ഥാനത്തിലുള്ളതാകുന്നു. **യഥാർത്ഥ സ്വാതന്ത്ര്യം യേശുക്രിസ്തുവുമായുള്ള ബന്ധത്തിൽ നിന്നാണ് ആരംഭിക്കുന്നത്.** സകലവും അവൻ മുഖാന്തിരം ഉളവായി; ഉളവായതു ഒന്നും അവനെ കൂടാതെ ഉളവായതല്ല (യോഹ.1:3). അതിനാൽ നമ്മുടെ സ്വാതന്ത്ര്യം, വാസ്തവത്തിൽ എല്ലാ സ്വാതന്ത്ര്യവും അവനിൽ നിന്നാണ് ഒഴുകുന്നത്. **എല്ലാ സ്വാതന്ത്ര്യത്തിന്റെയും ഉറവിടം യേശുക്രിസ്തുവാകുന്നു. യേശുക്രിസ്തുവുമായുള്ള വ്യക്തിബന്ധം ബാഹ്യമായ ജീവിതബന്ധങ്ങളിലെ എല്ലാ അടിമത്തത്തിൽ നിന്നു നമ്മെ വിടുവിക്കുന്നു. കാരണം യഥാർത്ഥ സ്വാതന്ത്ര്യവും പാപവും ഒരുമിച്ചു നിലനിൽക്കയില്ല.** യഥാർത്ഥ സ്വാതന്ത്ര്യം നമുക്കു നൽക്കുന്നത്:

- പാപത്തിന്റെ ശിക്ഷയിൽ നിന്നുള്ള വിടുതൽ
- മരണഭയത്തിൽ നിന്നുള്ള വിടുതൽ
- പാപത്തിന്റെ അധികാരത്തിൽ നിന്നുള്ള വിടുതൽ
- ജീവനുള്ള ദൈവത്തെ സ്നേഹിക്കുന്നതിനും സേവിക്കുന്നതിനുമുള്ള സ്വാതന്ത്യം
- സകലത്തിലും ദൈവത്തിൽ ആശ്രയിക്കുന്നതിനുള്ള സ്വാതന്ത്ര്യം

അതുകൊണ്ട് ക്രിസ്ത്യാനികൾക്കു എല്ലാ ദിവസവും സ്വാതന്ത്ര്യദിനമാകുന്നു.

## ദേശീയവും ആത്മീകവുമായ സ്വാതന്ത്ര്യത്തിന്റെ ആഘോഷം

നമ്മുടെ സ്വാതന്ത്ര്യദിനവും യേശു ക്രിസ്തു തന്റെ അനുയായികൾക്കു നൽകുന്ന സ്വാതന്ത്ര്യവും തമ്മിൽ അനേക സമാനതകൾ നിലനിൽക്കുന്നുണ്ട്. നമ്മുടെ സ്വാതന്ത്ര്യദിന ആഘോഷത്തിൽ നമ്മുടെ രാജ്യത്തിനു സ്വാതന്ത്ര്യം നൽകിത്തരുന്നതിനു ജീവൻ ബലി നൽകിയ വ്യക്തികളെ നാം ആദരിക്കാറുണ്ട്. പാപത്തിന്റെയും മരണത്തിന്റെയും അടിമത്തത്തിൽ നിന്നു നമുക്കു സ്വാതന്ത്ര്യം നൽകിത്തരുന്നതിനു തന്റെ ഏകജാതനായ പുത്രനെ യാഗമായി നൽകിയ ദൈവമായ കർത്താവിനെ ആത്യന്തികമായി നാം ആദരിക്കണം.

ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ബന്ധനത്തിൽ നിന്നു നമ്മുടെ രാജ്യത്തിനു ലഭിച്ച സ്വാതന്ത്ര്യത്തെ നാം ആഘോഷിക്കുന്നതു പോലെ വ്യക്തിപരമായി നമുക്കു ആത്മീക സ്വാന്ത്ര്യം നൽകി ദൈവരാജ്യത്തിന്റെ പ്രജകളാക്കി തീർത്ത സന്തോഷത്തെ നാം ആഘോഷിക്കണം.

ഇന്ത്യൻ പൗരനെന്ന നിലയിൽ നാം അനുഭവിക്കുന്ന അവകാശങ്ങളെ ആഘോഷിക്കുന്നതുപോലെ നഷ്ടമായ ദൈവീക പ്രതിച്ഛായ ലഭ്യമായതും ക്രിസ്തുവിന്റെ അനുയായികളെന്ന നിലയിൽ ലഭ്യമായ അധികാരങ്ങളും അവകാശങ്ങളും നാം ആഘോഷിക്കണം.

അതുകൊണ്ട് ഇന്ത്യക്കാരായ നമുക്കു സ്വതന്ത്ര്യം ആഘോഷിക്കാം. അതിലും പ്രാധാന്യം യേശുക്രിസ്തുവിൽ നമുക്കു ലഭിച്ച സ്വാതന്ത്ര്യത്തെ നാം മറക്കരുത്.

## മിഷന്റെ സ്വാതന്ത്ര്യദിനം

നമ്മുടെ ദേശീയ കഥയിലൂടെ വേദപുസ്തക ചരിത്രം നാം മനസ്സിലാക്കുന്നു. വേദപുസ്തകത്തിലെ വീണ്ടെടുപ്പിനെ ദേശിയ വീണ്ടെടുപ്പുമായി നാം യോജിപ്പിക്കുന്നു. **ഒരു ഇന്ത്യക്കാരനെന്ന നിലയിൽ നമ്മുടെ ദേശീയത മാറ്റാതെ ദൈവം നമ്മെ രക്ഷിച്ചു.** യേശു ദൈവരാജ്യം പ്രസംഗിച്ചു. ദൈവരാജ്യം അതിന്റെ രാഷ്ട്രീയ പ്രത്യാഘാതങ്ങൾ ഇല്ലാതെ ആയിരുന്നില്ല. ഇത് നീതിയിലും സഹിഷ്ണതയിലും വേരൂന്നിയുള്ള ഒരു സമുദായത്തിന്റെ ദർശനമാകുന്നു. സഹോദരി സഹോദരന്മാരായി ഒരുമിച്ചു ജീവിക്കുന്ന സമൂഹം, ദൈവത്തിൽ വേരൂന്നിയ ഒരു കുടുംബത്തിന്റെ ദർശനമാകുന്നു. ബലഹീനർക്കും അധഃസ്ഥിതർക്കും ഒരു അവസരം നൽകുന്ന സ്ഥലമായി ദൈവരാജ്യത്തെ അവൻ കണ്ടു. അനുഗ്രഹീതരായ ദരിദ്യന്മാരെ കുറിച്ചും ഇവരിൽ ഏറ്റവും ചെറിയവനെ കുറിച്ചും അവൻ സംസാരിച്ചു. ഏറ്റവും ബലഹീനരും ഏറ്റവും ദുർബലരും ഏറ്റവും സംരക്ഷിതരും ഏറ്റവും മൂല്യതയുമുള്ള ഒരു സമൂഹമാകണമെന്നുള്ള ദർശനം അദ്ദേഹത്തിന് ഉണ്ടായിരുന്നു. “ദിരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെമേൽ ഉണ്ട്; ബനദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ചയും പ്രസംഗിപ്പാനും പീഡിതരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു. (ലൂക്കോ.4:18; യെശ.61:11).

ഇവിടെ ദൈവരാജ്യ ദർശനം ഉണ്ട്: നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ. (മത്തായി.6:10). **ഉന്നതമായ വിളിയെ പിന്തുടരുന്നതിനായി നമ്മുടെ ജീവിതത്തെയും രാജ്യത്തെയും സമർപ്പിക്കുന്നതിനുള്ള സത്യ സ്വാതന്ത്ര്യം നമുക്കുണ്ട്. ആദ്യകാല അമേരിക്കൻ ചരിത്രത്തിലെ പ്രമുഖനും രാഷ്ട്ര തന്ത്രജ്ഞനുമായ ബഞ്ചമിൻ ഫാങ്ക്ലിൻ പറഞ്ഞതു പോലെ നമ്മളെല്ലാവരെയും എന്തോ ഒന്നിനാൽ ഭരിക്കപ്പെടുന്നവരാണ്. ദൈവത്താൽ ഭരിക്കപ്പെടുന്നത് നമുക്ക് തിരഞ്ഞെടുക്കാം കാരണം ദൈവമാണ് നമുക്കു ശരിയായ പാതയും നിത്യമായ സ്വാതന്ത്ര്യവും നൽകിത്തരുന്നത്.**

അതിനാൽ വിശ്വാസികളെന്ന നിലയിൽ ദൈവീക പദ്ധതിക്കായും ദൈവഹിതത്തിനായും നമ്മുടെ സ്വാതന്ത്ര്യത്തെ വിനിയോഗിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. ഇതാണ് ശ്രേഷ്ഠ കല്പനയായി നൽകപ്പെട്ടിരിക്കുന്നത്, അതായത് നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കണം. മറ്റുള്ളവരെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം അഥവ നാം സ്നേഹിക്കപ്പെടണമെന്നു ആഗ്രഹിക്കുന്ന വിധത്തിൽ മറ്റുള്ളവരെ സ്നേഹിക്കുക. **ദൈവത്തെയും മറ്റുള്ളവരെയും സ്നേഹിക്കുന്ന ഈ സ്നേഹത്തിലൂടെ തന്റെ പുത്രനായ യേശുക്രിസ്തുവിനെ ഈ ലോകത്തിലേക്കു അയച്ച ദൈവത്തിന്റെ നിരുപാധിക സ്നേഹം ലോകം അറിയുന്നതിനു ഇടയാകും. ഇതാണ് സത്യസുവിശേഷം എന്ന അറിയപ്പെടുന്നത്. ഇതാണ് ദൈവം നൽകിയ മഹാനിയോഗം. ദൈവരാജ്യം ഭുമിയിൽ പൂർണ്ണമാകണമെന്നു പ്രാർത്ഥിക്കുന്നതിനു മാത്രമല്ല ദൈവരാജ്യം നമ്മുടെ ദേശത്താകമാനം വ്യാപിപ്പിക്കുന്നതിനായി പ്രവർത്തിക്കുന്നതിനും കൂടിയാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്.**

**ആത്മീക സ്വരാജ് എന്നത് നമ്മുടെ രാജ്യത്തെ ഓരോ പൗരന്റെയും ജന്മാവകാശമാകുന്നു.**

"സ്വരാജ് എന്റെ ജന്മാവകാശമാകുന്നു. എനിക്കത് ലഭിക്കും" -ലോകമാന്യ ബാല ഗംഗാധർ തിലകിന്റെ രോമാഞ്ചകരമായ ഈ മുദ്രാവാക്യം ഇന്ത്യൻ ജനതയുടെ ചിന്തയെ ഉദ്ദീപിപ്പിക്കുകയും നമ്മുടെ സ്വാതന്ത്ര്യ സമരത്തിന് പുതുജീവൻ പകരുകയും ചെയ്തു. **ആത്മീക സ്വരാജ് നമ്മുടെ ദേശത്തെ ഓരോ പൗരന്റെയും ജന്മാവകാശമാകുന്നു. ദൈവം സകല മനുഷ്യരും രക്ഷപ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു (1.തിമൊ.2:4). ഇന്ന് ആത്മീക സ്വാതന്ത്ര്യം നമ്മുടെ ദേശത്തെ ജനത്തിന്റെ ജന്മവാകശമാകുന്നു. ഇന്ത്യക്കാരെന്ന നിലയിൽ ഈ ദേശത്തു സ്വതന്ത്രരായി ജീവിക്കാം, എന്നാൽ നമുക്കു രാഷ്ട്രീയവും വ്യക്തിപരവുമായ എല്ലാ സ്വാതന്ത്ര്യവും ഉണ്ടായിരുന്നിട്ടും ക്രിസ്തുവിനെ കൂടാതെ ജീവിക്കുന്ന നമ്മുടെ രാജ്യത്തെ ജനങ്ങൾ തടവറയിൽ കിടക്കുന്നവരെക്കാൾ അധികം ബന്ധനത്തിലാകുന്നു.** ഇന്ന് നമ്മുടെ രാജ്യത്തെ എല്ലാ ജനങ്ങളും സ്വതന്ത്രരാകണമെന്നു യേശു ആഗ്രഹിക്കുന്നു. അതെ, ആത്യന്തികമായ സ്വാതന്ത്ര്യം ആത്മീക സ്വാതന്ത്ര്യം ആകുന്നു.

നാം നമ്മുടെ ദേശത്തിന്റെ സ്വാതന്ത്ര്യ ദിനം ആഘോഷിക്കുമ്പോൾ ദൈവത്തോടുള്ള സ്നേഹവും രാജ്യത്തോടുള്ള സ്നേഹവും മുമ്പൊന്നുമില്ലാത്ത വിധം നമ്മുടെ ഹൃദയങ്ങളിൽ നിറയപ്പെടുമാറാകട്ടെ. ദൈവത്തോടും നമ്മുടെ രാജ്യമായ ഇന്ത്യയോടുമുള്ള കൂറ് പ്രതിജ്ഞയെടുക്കുമ്പോൾ നമുക്കു സ്വാധീനമുള്ള പ്രദേശങ്ങളിൽ മാറ്റങ്ങൾ ഉണ്ടാകുമാറാകട്ടെ. **ഈ ആഗസ്റ്റ് 15 ന് നാം നന്ദിയോടു കൂടി കഴിഞ്ഞ കാലങ്ങളിലേക്കു നോക്കുമ്പോൾ വിശ്വാസത്തോടെ ഭാവിയിലേക്കും നോക്കുക. അതായത് അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങും (ഫിലി.2:10). ദൈവഹിതം ചെയ്യുന്നതിനായി നമ്മുടെ ജീവിതങ്ങളെ ദൈവസന്നിധിയിൽ സമർപ്പിക്കാം. അങ്ങനെ ദൈവത്തിന്റെ സത്യമായ സ്വാതന്ത്ര്യം എല്ലാ ഇന്ത്യക്കാരുടെയും ഹൃദയങ്ങളെയും മനസ്സുകളെയും കീഴടക്കും.** സങ്കീർത്തനക്കാരന്റെ പുരാതനമായ വാക്കുകൾ – യഹോവ ദൈവമായിരിക്കുന്ന ജാതിയും അവൻ തനിക്കു അവകാശമായി തിരഞ്ഞെടുത്ത ജനവും ഭാഗ്യമുള്ളത്. (സങ്കീ.33:12). ഇത് വേഗത്തിൽ യാഥാർത്ഥ്യമാകും.!

സന്തോഷപ്രദമായ
സ്വാതന്ത്ര്യ ദിനാശംസകൾ!

ജെ ജെ ഹാരീഷ്, HRD - FMPB

# സേവിക്കാനുള്ള സ്വാതന്ത്ര്യം



**സ്വാതന്ത്ര്യത്തിന്നായിട്ടു ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി; ആകയാൽ അതിൽ ഉറച്ചു നില്പിൻ; അടിമ നുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത് (ഗലാ.5:1)**

**ഈ സ്വാതന്ത്ര്യം ജഡത്തിനു അവ സരമാക്കുക മാത്രം ചെയ്യാതെ സ്നേഹത്താൽ അന്യോന്യം സേവിപ്പിൻ (ഗലാ.5:13)**

### 1. ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി (ഗലാ.5:1)

ക്രിസ്തു തന്റെ വിലയേറിയ രക്തത്താൽ നമ്മുടെ കഴിഞ്ഞ കാല പാപങ്ങൾ എല്ലാം ശുദ്ധീകരിച്ചു നമ്മെ സ്വതന്ത്രരാക്കി. 1.യോഹ.1:7.

നാം നമ്മുടെ പാപങ്ങൾ ഏറ്റു പറയുമെങ്കിൽ, നമ്മുടെ ഓരോ പാപങ്ങളും ഏറ്റുപറയുമ്പോൾ ക്രിസ്തു വർത്തമാന പാപങ്ങളിൽ നിന്നും നമ്മെ സ്വതന്ത്രരാക്കുന്നു. ഞാൻ പാപിയാകുന്നു എന്ന് പറയുന്നത് കൊണ്ടായില്ല പകരം നാം ചെയ്ത ഓരോ പാപങ്ങളും ദൈവസന്നിധിയിൽ ഏറ്റു പറഞ്ഞ് ഓരോ പാപത്തിനും ദൈവ സന്നിധിയിൽ നിന്നു ക്ഷമ പ്രാപിക്കണം. അതുകൊണ്ടാണ് യോഹന്നാൻ ഇവിടെ നമ്മുടെ പാപങ്ങളെ ഏറ്റു പറയണം എന്നു പറയുന്നത്.

**നമ്മുടെ ദൈവം കൃപയുള്ളവനാകുന്നു:-** യോഹ.6:37 പറയുന്നു എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരു നാളും തള്ളിക്കളയില്ല. സങ്കീർത്തനം 103:8,9 പറയുന്നു, "യഹോവ കരുണയും കൃപയും നിറഞ്ഞവൻ ആകുന്നു; ദീർഘക്ഷമയും മഹാദയയും ഉള്ളവൻ തന്നേ. അവൻ എല്ലായ്പോഴും ഭത്സിക്കയില്ല; എന്നേക്കും കോപം സംഗ്രഹിക്കയുമില്ല." നമ്മുടെ കർത്താവ് കൃപാലുവാകയാൽ നാം വിണ്ടും വിണ്ടും പാപം ചെയ്യുക എന്ന് അർത്ഥമാക്കുന്നില്ല. ഉദാഹരണം: നമ്മുടെ ഭവനത്തിൽ വസ്ത്രം കഴുകുന്നതിനു സോപ്പ് ഉണ്ട്. നമ്മെ കരുതുന്ന മാതാവ് വസ്ത്രം കഴുകിത്തരുകയും ചെയ്യും. അതുകൊണ്ട് മകൻ മനപൂർവ്വമായി വസ്ത്രത്തിൽ ചെളി പുരട്ടിയിട്ടു കഴുകുവാൻ ആവശ്യപ്പെട്ടാൽ പ്രതികരണം എങ്ങനെയായിരിക്കും? അതുപോലെ യേശുക്രിസ്തു നമ്മുടെ പാപങ്ങൾ കഴുകിത്തരുവാൻ തയ്യാറാകുന്നു. എന്നാൽ നാം വീണ്ടും വീണ്ടും പാപം ചെയ്യരുത്. ദൈവം നമ്മോടു ക്ഷമിക്കുമെന്നു കരുതി നമുക്കു തോന്നിയതുപോലെ നാം ജീവിക്കരുത്. നമ്മുടെ ജീവിതത്തിൽ അറിഞ്ഞു കൊണ്ട് പാപം ചെയ്യുന്നത് നാം ഒഴിവാക്കണം.

യേശുക്രിസ്തു നമ്മുടെ പാപത്തിന്റെ ശിക്ഷ ഏറ്റെടുത്തുകൊണ്ട് ഒരിക്കലായി കാൽവറി ക്രൂശിൽ മരിച്ചു പാപത്തിനു പരിഹാരം വരുത്തി. അതുപോലെ നാമും പാപസംബന്ധമായി ദിനംതോറും മരിക്കണം. നാം ഒരേ പാപം തന്നെ ആവർത്തിച്ചു ചെയ്തു കൊണ്ടിരുന്നാൽ നാം പാപസംബന്ധമായി മരിച്ചില്ലെന്നാണ് അർത്ഥമാക്കുന്നത്.

## 2. ഉറച്ചു നില്പിൻ

ഇതിന്റെ അർത്ഥം ഇനി പാപം ചെയ്യു കയില്ലെന്നു മനസ്സിൽ ശക്തമായ തീരു മാനം എടുക്കുക എന്നാകുന്നു. യഹൂദ രാജാവായ യഹോയാക്കീം ഹൃദയകാഠി ന്യത്താൽ യിരമ്യാവ് എഴുതിയ ദൈവവ ചനം കത്തിച്ചു കളക എന്ന മനപൂർവ്വ പാപം ചെയ്തു എന്നു വേദപുസ്തകം പറയുന്നു. യിരമ്യാവ് 36:28 ൽ യഹോവ വീണ്ടും യിരമ്യാവിനോടു ചുട്ടുകളഞ്ഞ മുമ്പിലത്തെ ചുരുളിൽ ഉണ്ടായിരുന്ന വചനമൊക്കെയും വീണ്ടും എഴുതു വാൻ ആവശ്യപ്പെട്ടു. രാജാവിന്റെ പാ പം നിമിത്തം അവന്റെ പ്രജകളെ ബാബിലോണിലേക്കു അടിമകളായി കൊണ്ടുപോയി. അങ്ങനെ അടിമക ളായി കൊണ്ടു പോയവരുടെ കൂട്ടത്തിൽ യൗവ്വനക്കാരായ ദാനിയേൽ, ഹനന്യാ വ്, മീശായേൽ, അസർയ്യാവ് എന്നീ യഹൂദാ പുത്രന്മാരും ഉണ്ടായിരുന്നു. ഈ യൗവ്വനക്കാർ തങ്ങളെ അശുദ്ധ മാക്കുകയില്ലെന്ന ഉറച്ച തിരുമാനമുള്ള വരായിരുന്നു. അതുകൊണ്ട് ദൈവം അവരെ ഉയർത്തി. ദാനിയേലിനെ തന്റെ ഉറച്ച തിരുമാനം നിമിത്തം രാജ്യത്തെ രണ്ടാമനായി ഉയർത്തി. ദാനിയേലിന്റെ പ്രാർത്ഥന ജീവിതം യഹോവ സത്യദൈ വമാണെന്നു തെളിയിച്ചു. അതിനാൽ “രാജ്യത്തുള്ള ഏവരും ദാനിയേലിന്റെ ദൈവത്തിന്റെ മുമ്പാകെ ഭയഭക്തിയു ള്ളവരായിരിക്കണമെന്നു ഞാൻ തീർപ്പു കല്പിക്കുന്നു; അവൻ ജീവനുള്ള ദൈവവും എന്നേക്കും നിലനിൽക്കു ന്നവനും അവന്റെ രാജത്വം നശിച്ചുപോ കാത്തതും അവന്റെ ആധിപത്യം അവ സാനം വരാത്തതും ആകുന്നു” (ദാ നി.6:26) എന്ന രാജകല്പന ദേശ ത്തെല്ലാം പ്രസിദ്ധമാക്കി. വേദപുസ്ത കം പറയുന്നത് ദാനിയേലിനെയും കൂട്ടു കാരെയും അടിമകളായിട്ടാണ് കൊണ്ടു പോയതെങ്കിലും ദൈവം അവരെ ഉയർത്തി ബാബിലോണ്യ ദേശത്തു അധികാരമുള്ള നേതാക്കന്മാരാക്കി. യഹോയാക്കിം രാജാവിനെ അടമിയായി കൊണ്ടു പോയി അവൻ അവിടെ വെച്ചു അടിമത്വത്തിൽ മരിച്ചു പോയി.

## 3. നിങ്ങളുടെ സ്വാതന്ത്ര്യം പാപ പ്രകൃതത്തിൽ ജീവിക്കുന്നതിനു അവസരമാക്കാതെ സ്നേഹത്തിൽ അന്യോന്യം സേവിപ്പിൻ (ഗലാ.5:13)

നാം സ്വതന്ത്രരാണെന്നിരുന്നാലും നമ്മുടെ ജീവിതം പരിശുദ്ധവും പൂർ ണ്ണവും ആയിരിക്കണം. വേദപുസ്തകം പറയുന്നു, ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല. (എബ്രാ. 12:14).

ഞാൻ 40 വർഷം ഗുജറാത്തിൽ മിഷ നറിയായി പ്രവർത്തിച്ചു. ഞങ്ങളുടെ ശുശ്രൂഷയുടെ ആരംഭ നാളുകളിൽ അമ്പപാനിയിലുള്ള കുറച്ചു പേർ യേശു വിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു സ്നാനപ്പെട്ടു. ഇതു ഗ്രാമ ത്തലവനിൽ കോപം ജനിപ്പിച്ചു. പുതിയ ക്രിസ്ത്യാനികൾ ആരും ഗ്രാമ കിണ റിൽ നിന്നും വെള്ളം കോരരുതെന്നു ആജ്ഞ നൽകി. ഇതു ഗ്രാമീണരിൽ സംഘർഷമുണ്ടാക്കി. പുതിയ വിശ്വാസി കൾ ഗ്രാമത്തിലെ സംഭവ വികാസത്തെ ക്കുറിച്ചു എന്നെ അറിയിച്ചു. ഗ്രാമത്തല വന്റെ പ്രവർത്തി അന്യായമായതിനാൽ പോലീസ് സ്റ്റേഷനിൽ പരാതി നൽകു വാൻ അവർ തീരുമാനിച്ചു. ഞാൻ പു തിയ വിശ്വാസികളെ സഭയിൽ വിളിച്ചു കൂട്ടി ഞങ്ങളെല്ലാവരും ഒരുമനസ്സോടെ പ്രാർത്ഥിച്ചു. ആ പ്രാർത്ഥനയിൽ വിശ്വാ സികളിൽ ഒരാളായ രഞ്ജിത് ബായിക്കു ഒരു ദർശനം ലഭിച്ചു. ദർശനത്തിൽ ദൈവം അവന്റെ വസ്തുവിൽ കിണർ കുഴിക്കുവാൻ ആവശ്യപ്പെട്ടു. എല്ലാ വിശ്വാസികളും അതേറ്റെടുത്തു രഞ്ജീത് ബായിയുടെ വസ്തുവിൽ കിണർ കുഴി ക്കുവാൻ തുടങ്ങി. വിശ്വാസികളെല്ലാ

വരും ഒത്തു ചേർന്നു പ്രവർത്തിച്ചു. പത്തടി താഴ്ചയായപ്പോഴെ വെള്ളച്ചാട്ടം പോലെ കിണറ്റിൽ വെള്ളം കണ്ടു. വിശ്വാസികൾ അവരുടെ രീതിയനുസരിച്ച് പശമണ്ണും തേക്കിലയും ഉപയോഗിച്ചു കിണറിനു ചുറ്റുമതിൽ പണിതു. പുതിയ വിശ്വാസികൾക്കു ഇപ്പോൾ ആവശ്യത്തിനു വെള്ളം ലഭിച്ചു. ഈ സംഭവം ഏപ്രിൽ മാസത്തിന്റെ ആദ്യ ആഴ്ചയിലാണ്. ഏപ്രിൽ, മെയ് മാസത്തിൽ ഇന്ത്യയിൽ വേനൽക്കാലമാണ്. വേനൽ ചൂടിൽ അമ്പപാനി ഗ്രാമത്തിലെ കിണർ വറ്റി വരളുവാൻ തുടങ്ങി. ഗ്രാമത്തിലെ ജനങ്ങൾ കുടിവെള്ളത്തിനായി അഞ്ചു കിലേമിറ്റർ സഞ്ചരിക്കണമായിരുന്നു. ഈ കാലത്തു രജ്ജിത് ബായിയുടെ കിണറ്റിൽ ആവശ്യത്തിനു വെള്ളം ഉണ്ടായിരുന്നു. ഗ്രാമത്തലവന്റെ ഭാര്യ രജ്ജിത്തിന്റെ ഭാര്യയോടു അവരുടെ കിണറ്റിൽ നിന്നു വെള്ളം കോരുവാൻ അനുവദിക്കാമോ എന്നു ചോദിച്ചു. അവൾ നിറഞ്ഞ മനസ്സോടെ അവരെ അനുവദിക്കുക മാത്രമല്ല ഗ്രാമത്തിലുള്ള എല്ലാവരോടും അവിടെ നിന്നു വെള്ളം എടുക്കുവാൻ അനുവദിച്ചു. പുതിയ വിശ്വാസിയുടെ ഈ സന്മനസ്സ് അവരോടു കാഠിന്യമായി ഇടപെട്ട ഗ്രാമത്തലവന്റെ മനസ്സിൽ മാറ്റം വരുത്തി. ക്രിസ്ത്യാനികൾ കരുണയും സ്നേഹവുമുള്ളവരാകയാൽ അവനും യേശുവിനെ അറിയുവാൻ ആഗ്രഹിച്ചു. ഗ്രാമത്തലവന്റെ മനസ്സിലുണ്ടായ മാറ്റത്തെ തുടർന്നു ഗ്രാമത്തിലുള്ള 40 കുടുംബവും യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. വിശ്വാസികളുടെ സ്നേഹം 40 കുടുംബങ്ങളെ രക്ഷയിലേക്കു നയിച്ചു. അതുകൊണ്ട് നാം അന്യോന്യം സ്നേഹത്താൽ സേവിക്കണം.

– റവ. ജോൺസൺ ബർന്നബാസ്
FMPB മിഷനറി



# ദൈവത്തിന്റെ സ്വർഗ്ഗീയ പദ്ധതി!

(റവ. സൂസി പ്രഭാകർ ദാസ് )

**നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ചു നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു; അവ തിന്മെക്കല്ല നന്മെക്കത്രേയുള്ള നിരൂപണങ്ങൾ എന്നു യഹോവയുടെ അരുളപ്പാട് (യിരെ.29:11)**

തമിഴ് വേദപുസ്തകത്തിലെ ചിന്തകൾ എന്ന പദം ഇംഗ്ലീഷ് വേദപുസ്തകത്തിൽ പദ്ധതി എന്നു മാറ്റിയിരിക്കുന്നു. ചിന്തകൾ നമ്മുടെ മനസ്സിൽ ആദ്യം കടന്നു വരുന്നു പിന്നീട് ആവരികളുടെ മേൽ ആസൂത്രണം ചെയ്യുവാൻ നമുക്കു പ്രേരണയുണ്ടാകുന്നു. ചിന്തകൾ പദ്ധതികളിലേക്കു കടന്നു വരുന്നു. നമ്മുടെ ത്രീയേക സ്വർഗ്ഗീയ പിതാവിന്റെ ചിന്തകൾ നമ്മുടെ കരങ്ങളിൽ നമ്മെക്കുറിച്ചുള്ള അവിടുത്തെ പദ്ധതികളായി നൽകുന്നു. അതുകൊണ്ടാണ് നിങ്ങളും ഞാനും പദ്ധതിയനുസരിച്ചു പ്രവർത്തിക്കുവാൻ സ്നേഹത്തോടെ വിളിക്കപ്പെട്ടിരിക്കുന്നത് – നമുക്കു വേണ്ടി നമ്മുടെ സ്വർഗ്ഗീയ പി

താവ് തയ്യാറാക്കിയ പദ്ധതി. പദ്ധതികളെ രണ്ടായി തരം തിരിക്കാം. 1. ലൗകീകം 2. ആത്മീകം. ലൗകീക പദ്ധതി എന്നാൽ ദൈവത്തിന്റെ ഇഷ്ടത്തിനു നമ്മുടെ ജീവിതത്തെ സമർപ്പിക്കുകയും അവന്റെ പദ്ധതി പ്രകാരം ജീവിക്കുകയും ചെയ്യുന്നതാണ്. നമ്മുടെ മക്കളെ നാം എങ്ങനെ വളർത്തുന്നു, അവർക്കു എങ്ങനെ വിദ്യാഭ്യാസം നൽകുന്നു, അവരുടെ കാര്യങ്ങൾ എങ്ങനെ നടത്തുന്നു, അവർക്കു വേണ്ടി നാം വാങ്ങുന്ന വസ്തുക്കൾ തുടങ്ങിയവ, ഇതൊന്നും തെറ്റല്ല. ഇതെല്ലാം പൂർണ്ണമായ പദ്ധതിയാകുന്നു. ആത്മീക പദ്ധതി ദൈവീകമായ ലക്ഷ്യത്തോടു കൂടിയതാണ്. ഇതിൽ ദൈവരാജ്യത്തിന്റെ നിർമ്മാണം, അതിന്റെ വ്യാപനം എന്നിവ ഉൾക്കൊള്ളുന്നു. അതുകൊണ്ട് നമുക്കു വേണ്ടി ദൈവം തയ്യാറാക്കിയിരിക്കുന്ന ദൈവീക പദ്ധതി പ്രകാരം പ്രവർത്തിക്കുവാനാണ് ദൈവം നമ്മെ വിളിക്കുന്നത്.

അ.പ്ര 13:23 ൽ ദാവിദിനെ കുറിച്ചു പറയുമ്പോൾ ദാവിദ് തന്റെ തലമുറയിൽ ദൈവം നൽകിയ ഉദ്ദേശം എല്ലാം നിർവഹിച്ചു. എന്റെയും നിങ്ങളുടെയും ജീവിത കാലത്തു അടുത്ത തലമുറക്കു വേണ്ടി നാം ഒന്നും ചെയ്തിട്ടില്ലായിരിക്കും. നമ്മുടെ ദൈനം ദിന ജീവിതത്തിൽ ദൈവം നയിക്കുന്നതു പോലെ എന്തെങ്കിലും ചെയ്യുവാൻ സാധിക്കണം. സമീപ ഭാവിയിൽ ദൈവം എപ്രകാരം തന്റെ ശുശ്രൂഷ നിർവഹിക്കുമെന്നതിനെ കുറിച്ചു നമുക്കു അറിവില്ല. നമ്മുടെ തലമുറയിൽ ദൈവവേല ചെയ്യുന്നതിനു വിളിക്കപ്പെട്ട നാം ദൈവീക ശുശ്രൂഷ ചെയ്യുവാനുള്ള അവസരം നഷ്ടപ്പെടുത്തരുത്. ദൈവീക പദ്ധതി തീർച്ചയായും ദൈവത്തോടു ബന്ധപ്പെട്ടതായിരിക്കും. ആത്മീക മണ്ഡലവുമായി ബന്ധപ്പെട്ടതും ദൈവരാജ്യ കെട്ടുപണിയോടു ബന്ധപ്പെട്ടതും ആയിരിക്കും. മത്തായി 6:33 യേശു പറഞ്ഞു, "മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും." കൊലൊസ്സ്യർ 3:1 ൽ നാം വായിക്കുന്നു, "ഉയരത്തിലുള്ളതു അന്വേഷിപ്പിൻ."

## 1. കണ്ടെത്തുക

ദൈവത്തിനു തന്റെ ഹൃദയത്തിൽ നമുക്കു വേണ്ടി ഒരു പദ്ധതിയുണ്ട്. അതു കണ്ടെത്തുന്നതിനാണ് നമ്മെ വിളിച്ചിരിക്കുന്നത്. നമ്മിൽ ചിലർ അതുകണ്ടെത്തുകയും ആ പ്രവർത്തനത്തിൽ ഏർപ്പെടുകയും ചെയ്തു കഴിഞ്ഞു. അതുകൊണ്ട് യിരെമ്യാവിന്റെ കാലഘട്ടത്തിലെ പ്രവചനം പ്രവാസകാലത്തിനു ശേഷം അവർ യരുശലെമിലേക്കു മടങ്ങി വരുമ്പോൾ അവരെ കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി മനസ്സിലാക്കുവാൻ സഹായകരമായി. ദൈവം അവർക്കു വേണ്ടി ഒരുക്കിയ ദൈവീക പദ്ധതിക്കായി നെഹമ്യാവിനെ ദൈവം അയച്ചു. നെഹമ്യാവ് ദൈവത്തിന്റെ ശബ്ദം കേൾക്കുകയോ ദൈവീക വെളിപ്പാട് കാണുകയോ ചെയ്തില്ല. നെഹമ്യാവിനു നിർദ്ദേശം നൽകുന്നതിനു ഒരു പ്രവാചകനെയും ദൈവം അയച്ചില്ല. എന്നിട്ടും അവന്റെ പദ്ധതി തന്റെ രാജ്യത്തെ കുറിച്ചുള്ള അവന്റെ ഭാരത്തിൽ നിന്നു ഉരുവായതാണ്. അതുപോലെ എസ്രാ ദൈവാലയം പണിതു. യരുശലെമിന്റെ മതിൽ പണി തതിനു ശേഷം അവർ പണി നിർത്തിയില്ല അവർ ദൈവാലയം പണിയുവാൻ തുടങ്ങി. ജനത്തെ അവരുടെ മുൻഗണന തീരുമാനിക്കുവാൻ അവർ സഹായിച്ചു. "കർത്താവേ, ഞങ്ങളെ സംബന്ധിച്ചുള്ള പദ്ധതിയും ചിന്തകളും അങ്ങയുടെ ഹൃദയത്തിൽ സുക്ഷിച്ചിരിക്കുന്നു. അത് ദയവായി ഞങ്ങൾക്കു വെളിപ്പെടുത്തി തരണമേ" ഇതു നമ്മുടെ പ്രാർത്ഥന ആയിരിക്കണം.

വളരെ ചുരുക്കം ആളുകളെ തങ്ങളുടെ

ജീവിതത്തെ സംബന്ധിച്ച ദൈവീക പദ്ധതി മനസ്സിലാക്കിയിട്ടുള്ളൂ. ചിലർ ദൈവീക പദ്ധതി മനസ്സിലാക്കുവാൻ ദൈവസന്നിധിയിൽ കാത്തിരിക്കുന്നു. ദൈവം രണ്ടു കൂട്ടരെയും അനുഗ്രഹിക്കുന്നു. എഫെസ്യർ 4:11 ൽ ദൈവം ചിലരെ അപ്പൊസ്തലന്മരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടക്കന്മാരായും നിയമിച്ചിരിക്കുന്നു എന്നു പറയുന്നു. ഇതെല്ലാം ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ അത്മീക വർദ്ധനവിനു ആകുന്നു. ആർക്കും തങ്ങളെ സംഘടനയുടെ നേതാവായോ, പ്രവാചകനായോ സുവിശേഷകനായോ മിഷനറിയായോ വളർത്തിയെടുക്കുവാൻ കഴികയില്ല. ദൈവം തന്നെ ഒരോരുത്തരെയും അതിനായി അഭിഷേകം ചെയ്തു നിയോഗിക്കുന്നു. വേദപുസ്തകം വ്യക്തമായി പറയുന്നു, എന്നാൽ അഹരോനെപ്പോലെ ദൈവം വിളിക്കുന്നവനല്ലാതെ ആരും ആ സ്ഥാനം സ്വതവെ എടുക്കുന്നില്ല (എബ്രാ.5:4).

ദൈവത്തിന്റെ ഈ പദ്ധതി രണ്ടായി തരം തിരിക്കാം. 1. പൊതുവായുള്ള ഉദ്ദേശം 2. വ്യക്തിഗത ഉദ്ദേശം. പൊതുവായ ഉദ്ദേശം ദൈവരാജ്യം പണിയപ്പെടുക. ഒരു മനുഷ്യന്റെ അനുസരണക്കേട് ഈ ഭൂമിയിൽ വലിയ പ്രത്യാഘാതങ്ങൾക്കു കാരണമായി എന്നതാണ് വ്യക്തിഗത ഉദ്ദേശം.

ദൈവം ഓരോ വ്യക്തിയെയും ദൈവീക പദ്ധതി പ്രകാരമാണ് സൃഷ്ടിച്ചത്. ചിലരെ പ്രസംഗകരായും ചിലരെ ഇടയന്മാരായും ചിലരെ സുവിശേഷകരായും ചിലരെ മിഷനറിമാരായും ചിലരെ മിഷനറിമാർക്കായി ഇടിവിൽ നിന്നു പ്രാർത്ഥിക്കുന്ന പ്രാർത്ഥന പോരാളികളായും ചിലരെ അവരുടെ സമ്പത്ത് നൽകി മിഷനറിമാരെ സഹായിക്കുന്നതിനായി ദൈവം വിളിച്ചിരിക്കുന്നു. അതുകൊണ്ട് നമ്മുടെ പ്രാർത്ഥന ഇതായിരിക്കണം, “കർത്താവേ, ദയവായി നിന്റെ പദ്ധതി എനിക്കു വെളിപ്പെടുത്തി തരണമേ, നിന്റെ ഉന്നതമായ പദ്ധതി ഗ്രഹിച്ച് അതിനനുസരിച്ച് പ്രവർത്തിക്കുവാൻ എന്നെ സഹായിക്കണമേ.”

## 2. ആഗ്രഹം

ദൈവം വെളിപ്പെടുത്തിയ പദ്ധതി പൂർത്തീകരിക്കണമെന്ന ആഗ്രഹം നമുക്കുണ്ടാകണം. ആഗ്രഹം ദൈവത്തിന്റെ പദ്ധതിയിൽ നിന്നു വ്യത്യസ്ഥമാകുന്നു. ഉദാഹരണമായി ദൈവത്തിനായി ആലയം നിർമ്മിക്കണമെന്നു ദാവിദ് ആഗ്രഹിച്ചു. അത് ദാവിദിന്റെ ആഗ്രഹമായിരുന്നു. എന്നാൽ ശലോമോൻ ദൈവാലയം നിർമ്മിച്ചു. നമ്മുടെ മനസ്സിലൂടെ കടന്നു പോകുന്ന ചിന്തകൾ എല്ലാം ദൈവഹിതമാകണം എന്നില്ല. നമ്മുടെ മനസ്സിൽ പൊട്ടിമുളക്കുന്ന ചിന്തകൾ ദൈവത്തിന്റെ പദ്ധതിയാണോ അതോ നമ്മുടെ ആഗ്രഹമാണോ എന്നു നാം വിവേചിച്ചറിയണം. എങ്ങനെ നമുക്കു ദൈവത്തിന്റെ ഹിതം തിരിച്ചറിയുവാൻ സാധിക്കും? നമ്മുടെ ജീവിതത്ത സംബന്ധിച്ചുള്ള ദൈവീക പദ്ധതി മനസ്സാലാക്കുവാൻ പ്രാർത്ഥന വേളയിലുള്ള നമ്മുടെ ആന്തരിക വികാരങ്ങൾ നമ്മെ സഹായിക്കും. അതു നൽകുക, അതു ചെയ്യുക, അതിൽ പങ്കെടുക്കുക, അതു ഉപേക്ഷിക്കുക ഇതുപോലെയുള്ള നിർദ്ദേശങ്ങൾ നമ്മുടെ ഉള്ളിൽ ദൈവം നൽകും. നമ്മെ വഴിതെറ്റിക്കുന്ന അനവധി ചിന്തകൾ കടന്നു പോകുന്നതിനാൽ പലപ്പോഴും നമുക്കു നമ്മുടെ ആന്തരിക വികാരങ്ങളിൽ പൂർണ്ണമായി ആശ്രയിക്കാൻ കഴികയില്ല. നമ്മുടെ ഉള്ളിലുള്ള ആന്തരിക ചിന്തകൾ ശരിയാണോ എന്നറിയുന്നതിനു നാം വേദപുസ്തകം വായിക്കേണ്ടത് ആവശ്യമാകുന്നു. ദൈവവചനത്തിലൂടെ ദൈവം നമ്മോടു സംസാരിക്കും. ദാനിയേൽ

(മൂന്നാം അദ്ധ്യായം) പ്രവാസകാലം എത്രയെന്നു യെഹസ്കേൽ പ്രവാചകന്റെ പുസ്തകത്തിലൂടെ മനസ്സിലാക്കി. ഒന്നാമതായി ദൈവീക പദ്ധതി നമ്മുടെ ആന്തരിക വികാരങ്ങളിലൂടെ ഗ്രഹിക്കണം. രണ്ടാമതായി വേദപുസ്തകത്തിലൂടെ മനസ്സിലാക്കണം. മൂന്നാമതായി അത്മീക നേതാക്കന്മാരുടെ ആലോചനയിലൂടെ മനസ്സിലാക്കണം നാലാമതായി ദൈവത്തിന്റെ പരിശുദ്ധാത്മാവ് നൽകുന്ന അത്മീകവരത്തിലൂടെ മനസ്സിലാക്കണം. അഞ്ചാമതായി നമ്മുടെ ചുറ്റുപാടുകളിൽ നിന്നു മനസ്സിലാക്കണം. സാഹചര്യം നമുക്കു അനുകൂലമായിരിക്കും. ചില ആളുകൾക്കു സാഹചര്യം അനുകൂലമല്ല. ഉദാഹരണമായി യിസ്രായേൽ ജനം യോർദ്ദാന്റെ അടുക്കൽ വന്നപ്പോൾ യോർദ്ദാൻ കരകവിഞ്ഞൊഴുകുകയാണ്. എന്നാൽ പുരോഹിതന്മാരുടെ പാദം യോർദ്ദാനെ സ്പർശിച്ചപ്പോൾ യോർദ്ദാൻ അവർക്കു കടന്നുപോകുവാൻ വഴി നൽകി. ദൈവത്തിന്റെ പദ്ധതി പൂർത്തീകരിക്കുവാൻ പുറപ്പെട്ടാൽ കരകവിഞ്ഞൊഴുകുന്ന യോർദ്ദാൻ പോലുള്ള സാഹചര്യങ്ങൾ മാറി അനുകൂലമായി തീരും. ആറാമതായി ദൈവം ആവശ്യങ്ങൾ നിറവേറ്റി തരും. ദൈവം നമുക്കു പദ്ധതികൾ നൽകിയാൽ ദൈവം നമ്മുടെ ആവശ്യങ്ങൾ നൽകിത്തരുക മാത്രമല്ല നമുക്കു സുരക്ഷിതത്വവും നൽകി തരും. - ജോർജ്ജ് മുള്ളർ.

**A. അനുസരണം:** യോന പ്രവാചകൻ ദൈവം ആവശ്യപ്പെട്ട സ്ഥലത്തേക്കു പോകുന്നത് നിരസിച്ചു. എന്നാൽ ദൈവം അവനെ അങ്ങനെ വിട്ടുകളഞ്ഞില്ല. ദൈവം നമുക്കായി തയ്യാറായിരിക്കുന്ന പദ്ധതി പൂർത്തീകരിക്കുവാൻ ദൈവം നമ്മിൽ നിന്നു പ്രതീക്ഷിക്കുന്നത് സമ്പൂർണ്ണ അനുസരണം ആകുന്നു. ഇതു പോലെ ദൈവം നമ്മെ സംബന്ധിച്ചുള്ള ദൈവീക പദ്ധതി വെളിപ്പെടുത്തി തരും. എന്നാൽ നാം ദൈവത്തെ പൂർണ്ണമായി അനുസരിക്കുമോ? വേദപുസ്തകത്തിൽ വിവിധ തരത്തിലുള്ള അനുസരണം നാം കാണുന്നു. 1. സമ്പൂർണ്ണ അനുസരണം. 2. ഭാഗീക അനുസരണം. 3. അനുസരണമില്ലായ്മ. അതുകൊണ്ട് ദൈവത്തെ അനുസരിക്കുക എന്നത് നിർബന്ധമാകുന്നു.

**B. ഭുതകാലം മറക്കുക:** (ഫിലിപ്പിയർ 3:14)

ഭുതകാലത്തെ സംബന്ധമായി രണ്ടു കാര്യം നാം പരിഗണിക്കണം. 1. നമ്മുടെ നേട്ടങ്ങൾ 2. നമ്മുടെ പരാജയങ്ങൾ

നമ്മുടെ നേട്ടത്തെ കുറിച്ചു നാം ചിന്തിക്കുമ്പോൾ നാം അറിയാതെ നമ്മിൽ നിഗളഭാവം ഉണ്ടാകും. വിഴ്ചകൾ, മുറിവുകൾ, തകർച്ചകൾ, നമുക്കു പുറത്തു പറയുവാൻ കഴിയാത്ത ചില പ്രത്യേക കാര്യങ്ങൾ ഇതു പോലെയുള്ള പരാജയങ്ങളെ കുറിച്ചു ചിന്തിക്കുമ്പോൾ നമ്മുടെ ഉള്ളിൽ മാനസിക സംഘർഷം ഉരുവാകും. എന്നാൽ പൗലൊസ് ഇവിടെ ഊന്നൽ നൽകുന്നത് പിമ്പിലുള്ളത് മറന്നും മുമ്പിലുള്ളതിനു ആഞ്ഞും കൊണ്ട് ക്രിസ്തു യേശുവിൽ ദൈവത്തിന്റെ പരമ വിളിയുടെ ലാക്കിലേക്കു ഓടുക. (ഫിലി.3:13-14).

**C. ത്യാഗത്തിൽ വളരുക:** ചില കാര്യങ്ങൾ ത്യജിക്കുന്നതിൽ നാം വളരണം (ഫിലി.3:13,14).

നഷ്ടം പോലെയുള്ള ചില കാര്യങ്ങൾ നാം മറക്കണം. എന്നാൽ ഈ ആശയം ഇന്നു ക്രിസ്തീയ ഗോളത്തിൽ മറന്നു പോയി. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ യാഗത്തിലാണ് ദൈവ സഭ സ്ഥാപിതമായത്. ക്രിസ്തിയ പ്രവർത്തകരുടെ ത്യാഗത്തിലാണ് ആരാധനക്കൂട്ടങ്ങൾ നിലനിൽക്കുന്നത്. ഇന്നത്തെ നമ്മുടെ സഭകളുടെ വളർച്ച മനസ്സിലാക്കിയാൽ ആത്യന്തികമായി

നമുക്കു പറയുവാൻ കഴിയും അത് നിരവധി ആളുകളുടെ ത്യാഗം മൂലമാകുന്നു. ദൈവം ചെയ്ത ത്യാഗവുമായി തുലനം ചെയ്താൽ ഇതൊന്നുമല്ല. ഇതു വെറും ചപ്പും ചവറുമാകുന്നു. നിങ്ങൾ ഒരു പാട് ത്യാഗങ്ങൾ ചെയ്യുന്നുണ്ട്.

## D. ലാക്കിലേക്കു ഓടുക:

(ഫിലി.3:14)

പരിശുദ്ധാത്മവ് നമ്മുടെ കരങ്ങളിൽ ഭരമേല്പിച്ച പദ്ധതിയിലേക്കും ദർശനത്തിലേക്കും ഏറിയ ഭാരത്തോടെ നാം ഓടണം. ചില ആളുകൾ ലക്ഷ്യത്തിലേക്കു ഓടിയിട്ടുണ്ട്. എന്നാൽ ചിലർ ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ചു. നിങ്ങളെ സംബന്ധിച്ചിടത്തോളം അത് എങ്ങനെയാണ്? നിങ്ങൾ ഇപ്പോഴും ഓട്ടത്തിലാണോ? വിഷാദം, പരാജയം തുടങ്ങിയ കാരണങ്ങളാൽ നിങ്ങളുടെ തീരുമാനത്തിൽ നിന്നു പിന്മാറിയോ? ഇവിടെ പൗലൊസ് പറയുന്നു, അഭിനിവേശത്തോടെ ഞാൻ ലക്ഷ്യത്തിലേക്കു ഓടുന്നു. ചില ആളുകൾ ആരംഭത്തിൽ ദൈവവേല ചെയ്യുവാൻ വളരെ ആവേശമാണ്. കാലം കടന്നു പോകുമ്പോൾ അവർ അതു നിർബന്ധത്താൽ ചെയ്യുന്നു. ഒടുവിൽ അവർ തീരെ താല്പര്യമില്ലാതെ തുടരുന്നു.

### 3. ദൈവത്തിന്റെ ഉന്നത പദ്ധതിയുടെ വളർച്ച:

നാം ദൈവീക പദ്ധതി കണ്ടെത്തുമ്പോൾ നമ്മുടെ ഗ്രാഹ്യത്തിനപ്പുറമായി നിരവധി മാറ്റങ്ങൾ, വളർച്ച, അഭിവൃദ്ധി, അത്ഭുതങ്ങൾ സംഭവിക്കും. ദൈവവചനം പറയുന്നു, നമ്മുടെ ചിന്തകൾക്കും യാചനകൾക്കും അതീതമായി ദൈവം കാര്യങ്ങൾ ചെയ്യുന്നു. നമ്മുടെ എല്ലാ പ്രാർത്ഥനകൾക്കും അപ്പുറമായി അവൻ ഉത്തരം നൽകുന്നു. (റോമർ 11:33). എരിയുന്ന മുൾപ്പടർപ്പിൽ മോശെ ദൈവത്തിന്റെ പദ്ധതി ഗ്രഹിക്കുന്നു. ആദ്യം അവൻ നിരസിച്ചെങ്കിലും പിന്നീട് ദൈവഹിതത്തിനു തന്നെ പൂർണ്ണമായി സമർപ്പിച്ചു. യിസ്രായേൽ ജനതയെ മിസ്രയിം അടിമത്തിൽ നിന്നു വിടുവിച്ചു കൊണ്ടുവരുന്നതിനു നേതൃത്വം നൽകി. തുടർന്നു അവർ വാഗ്ദത്ത ദേശമായ കനാൻ അവകാശമാക്കി. അ.പ്രവർത്തി 16 ൽ പൗലൊസ് ഏഷ്യയിൽ ശുശ്രൂഷ ചെയ്യണമെന്നു ആഗ്രഹിച്ചെങ്കിലും പരിശുദ്ധാത്മാവ് അനുവദിച്ചില്ല. പരിശുദ്ധാത്മാവ് നമ്മെ നയിക്കുമ്പോൾ നാം അഭിവൃദ്ധി പ്രാപിക്കുക മാത്രമല്ല ചില സന്ദർഭങ്ങളിൽ ചില മേഖലകളിലേക്കു മുന്നേറുന്നതിനെ തടയും. പൗലൊസ് യൂറോപ്പിൽ മാത്രം ശുശ്രൂഷ ചെയ്യുക എന്നത് ദൈവത്തിന്റെ പദ്ധതിയായിരുന്നു. അതുകൊണ്ടാണ് ഏഷ്യയിലേക്കു പോകുന്നതിനെ ദൈവം വിലക്കിയത്. (അ. പ്ര. 16:6,7). പൗലൊസ് തന്റെ ചിന്തയിലും ആസൂത്രണത്തിലും തയ്യാറാക്കിയ പദ്ധതി ദൈവം നിരസിച്ചു. അതിന്റെ ഫലമാണ് ലൂദ്ദിയായും മറ്റനേകരും യേശുവിനെ അറിയുന്നതിനും രക്ഷിക്കപ്പെടുന്നതിനു ഇടയായത്. ദൈവത്തിന്റെ ദിവ്യമായ പദ്ധതിയെ നാം പിൻപറ്റുകയാണെങ്കിൽ ദൈവരാജ്യത്തിനായി വലിയ നേട്ടങ്ങൾ കൊയ്തെടുക്കുവാൻ സാധിക്കും. പത്രൊസിന്റെ ജീവിതത്തിലും സ്വന്ത പദ്ധതിക്കു വിരാമമിട്ടു കൊണ്ടു ദൈവം ഇടപെടുന്നതു നമുക്കു കാണുവാൻ സാധിക്കും. ഒരിക്കൽ ദൈവം നേരിട്ട് തടയുന്നു. എന്നാൽ രണ്ടാമത്തെയും മൂന്നാമത്തെയും സന്ദർഭത്തിൽ പരിശുദ്ധാത്മാവ് തടയുന്നു. നാം ദൈവത്തിന്റെ പദ്ധതി പ്രകാരം മുന്നേറിയാൽ നമ്മുടെ മേലും നമ്മുടെ സംഘടനയുടെ മേലും നമ്മുടെ ദേശത്തിന്റെമേലും യേശുവിനെ അറിയാത്ത ജാതിക്കൂട്ടങ്ങളുടെമേലും ദൈവീക ആശീർവാദം ഇറങ്ങും. നിങ്ങൾ ദൈവത്തിന്റെ ഹിത പ്രകാരം പ്രവർത്തിച്ചാൽ ദൈവം നിങ്ങളെയും നിങ്ങളുടെ തലമുറകളെയും അനുഗ്രഹിക്കും. നിങ്ങൾക്കും ചരിത്രം സൃഷ്ടിക്കാം!!

## പിന്തുടരേണ്ട കാൽപാടുകൾ



*സാമുവേൽ മാക്ഫാർലെയ്ൻ*

# വെളിച്ചത്തിന്റെ വരവ്!

ഓസ്ട്രേലിയായുടെ മുകൾഭാഗത്ത് പാർക്കുന്നവർക്ക് ജൂലൈ ഒന്നാം തീയതി കലണ്ടറിന്റെ തലവാചകം വെളിച്ചത്തിന്റെ വരവ് എന്നാകുന്നു. ഓരോ വർഷവും ടോറസ് സ്ട്രെയ്റ്റ് ദ്വീപുകളിലെ സമുദായത്തിലേക്കുള്ള ക്രിസ്തുമതത്തിന്റെ വരവ് ആഘോഷിക്കുന്ന ഒരു അവധികാലമാകുന്നു ഇത്. ഈ ദ്വീപുകളിലേക്കു വെളിച്ചം കടന്നു ചെന്നതിന്റെ 150 വാർഷികമായിരുന്നു 2021. ലണ്ടൻ മിഷനറി സൊസൈറ്റി ഡാർന്‌ലെ ദ്വീപിന്റെ തീരത്ത് വന്നിറങ്ങി അവിടെ പാർത്തിരുന്ന ജനത്തിനു വേദപുസ്തകം പരിചയപ്പെടുത്തി. ഈ സംഭവം ടോറസ് സ്ട്രെയ്റ്റ് ദ്വീപുവാസികൾക്ക് അവരുടെ സംസ്കാരിക സ്വത്വത്തിന്റെ അവിഭാജ്യഘടകമായി മാറി. ആ മേഖലയിൽ പാർക്കുന്നവർക്കു ഈ ദിവസം പൊതു അവധി നൽകി, അതിന്റെ വാർഷീകത്തോടു അനുബന്ധിച്ച് ഏറെ സന്തോഷമുണ്ട്.

എന്നാൽ ഈ ദ്വീപിൽ മിഷനറി സംഘം വന്നിറങ്ങിയ ആ ദിനത്തിൽ അത്ര സന്തോഷാഘോഷമില്ലായിരുന്നു. 1871 ജൂലൈ ഒന്ന് സന്ധ്യക്കു തൊട്ടു മുമ്പ് ലണ്ടൻ മിഷനറി സൊസൈറ്റിയിലെ റവ. സാമുവേൽ മാക്ഫാർലെയ്നും റവ. ആർച്ചിബാൽഡ് മൂറെയും എട്ട് ന്യൂ കാലിഡോണിയൻ അദ്ധ്യാപകരുടെ കൂടെ എറുബ് തുറമുഖത്ത് അഥവ വിദൂര കിഴക്കൻ ടോറസ് സ്ട്രയ്റ്റിലെ ഡാർന്‌ലെ ദ്വീപിൽ വന്നിറങ്ങി. അവർ തങ്ങളുടെ കപ്പലായ സർപ്രൈസ് കെന്നസ് തീരത്ത് നങ്കൂരമിട്ടു, തങ്ങളെ കാത്തിരിക്കുന്ന ആശ്ചര്യത്തെ കുറിച്ച് അല്പം പോലും ആശ്ചര്യപ്പെടാതെ ബോട്ട് താഴ്ത്തി.

സമീപത്തുള്ള മലയിൽ നിന്നു ദാബാദ് എന്നു പേരുള്ള ഒരു യോദ്ധാവ് ഈ സംഘം തീരത്തേക്കു അടുക്കുന്നത് കണ്ടു, തന്റെ കൂട്ടരെ വിളിച്ചു അനുഗമിക്കുവാൻ ആഹ്വാനം ചെയ്തു കൊണ്ടു വെള്ളത്തിന്റെ അരികിലേക്കു ഇറങ്ങി. മാക്ഫാർലെയ്ൻ കരയിലേക്കു നയിച്ചു. അവൻ അഗ്നിപർവ്വത പാറക്കുളങ്ങളുടെ മുകളിലൂടെ നടന്ന് ഭയങ്കരന്മാരായ എരുബിയന്മാരുടെ മുമ്പിൽ ആ കടൽതീരത്ത് മുട്ടുകുത്തി. ദാബാദ് അവരെയെല്ലാം കൊല്ലാൻ തയ്യാറായി. മാക്ഫാർലെയ്ൻ രണ്ടു കരങ്ങൾകൊണ്ടും തന്റെ ബൈബിൾ മുറുകെ പിടിച്ച് അത് ദാബാദിനു നേരെ നീട്ടി. ആ സംഭവത്തെ കുറിച്ച് അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്, “അന്നു ഞങ്ങൾ ദൈവീക സഹായത്തിനായി ചെയ്ത സമ്പൂർണ്ണ ആശ്രയത്തെക്കാൾ കൂടുതലായി ഒരു മനുഷ്യനും ഒരുനാളും ചെയ്തിട്ടില്ല.” അപ്പോൾ ശ്രദ്ധേയമായ ചിലതു സംഭവിച്ചു: ദാബാദ് തന്റെ കുന്തവുമായി നിന്നു. ആ യോദ്ധാവ് തനിക്കു വായിക്കുവാൻ കഴിയാത്ത ആ പുസ്തകം വാങ്ങി. അതു വാഗ്ദാനം ചെയ്ത വെളിച്ചം ആ സമയത്തു അവനു മനസ്സിലാക്കുവാൻ പ്രയാസമായിരുന്നെങ്കിലും ടോറസ് സ്ട്രെയ്റ്റ് ദ്വീപിൽ ഒരു പുതു യുഗത്തിന്റെ പിറവിയായിരുന്നു ആ സമയം.

മിഷനറിമാർ വരുന്നതിനു മുമ്പ് എറൂബിയക്കാർ മനുഷ്യരെ വേട്ടയാടി കൊന്നു തലയോട്ടി സംഭരിച്ചിരുന്നു. അതു നൽകി പപ്പുവ ന്യൂ ഗിനിയക്കാരിൽ നിന്നു വള്ള

ങ്ങൾ വാങ്ങുമായിരുന്നു. വെളിച്ചത്തിന്റെ വരവ് ഇത്രത്തോളം ആഘോഷമാക്കുന്നതിന്റെ കാരണം അതു സമാധാനത്തിന്റെ ആഘോഷമായിരുന്നതു കൊണ്ടാണ്. കൊല്ലുന്നത് പാപമാണെന്നു മിഷനറിമാർ പഠിപ്പിച്ചു. ആ ദ്വീപിലുള്ള ജനങ്ങൾ തങ്ങളുടെ ആയുധങ്ങൾ താഴെ വെച്ചു. ദ്വീപുകളിൽ ചർച്ച് മിഷൻ സ്ഥാപിക്കുന്നതിനായി നിയോഗിച്ച അദ്ധ്യാപകരുടെ മാർഗ്ഗ നിർദ്ദേശത്താൽ സ്ട്രെയ്റ്റിലാകമാനമുള്ള ജനങ്ങൾ ക്രിസ്ത്യാനികളായി. പ്രാദേശിക ഭാഷയിലേക്കു വേദപുസ്തകം പരിഭാഷപ്പെടുത്തി. പരമ്പരാഗതമായ രീതിയിൽ പ്രാദേശികമായി ലഭിച്ച വസ്തുക്കൾ കൊണ്ട് ദ്വീപു വാസികൾ ദൈവാലയങ്ങൾ പണിതു.

മിഷനറിമാർ ഏറെ പ്രായോഗികമായ ഒരു കാര്യം കൂടി ചെയ്തു. ടോറസ് സ്ട്രെയ്റ്റ് ദ്വീപു വാസികളെ സമുദ്ര ഉല്പന്ന വ്യാപാരത്തിൽ ചൂഷണം ചെയ്ത വ്യാപാരികളോടു ചർച്ചകൾ നടത്തുന്നതിനു മിഷനറിമാർ മുൻകൈയ്യെടുത്തു. ദ്വീപുകാർക്ക് സംരക്ഷണവും സഹായവും ഉറപ്പാക്കുകയും ചെയ്തു. കുറ്റിച്ചെടികൾ നിറഞ്ഞ ദ്വീപിലെ സസ്യജാലങ്ങൾ ഏറുബ് വാസികൾക്കു തോണികൾ നിർമ്മിക്കുന്നതിനു തടസ്സമായിരുന്നു. എന്നാൽ അവരുടെ സമുദ്ര യാത്രകൾക്കു ജലയാനങ്ങൾ അത്യന്താപേക്ഷിതമായിരുന്നു. പുതിയ ജലയാനങ്ങൾ ഉണ്ടാക്കുന്നതിനു മിഷനറിമാർ അവരെ സഹായിച്ചു. ടോറസ് സ്ട്രെയ്റ്റിലേക്കു മിഷനറിമാർക്കും ക്രിസ്തുമതത്തിനും ലഭിച്ച സ്വീകാര്യത അന്നു മുതൽ അവരുടെ ജീവിതത്തിന്റെ സമസ്ത മേഖലയിലും കാര്യമായ മാറ്റങ്ങൾ കൊണ്ടുവന്നു.

അതുകൊണ്ട് എല്ലാ വർഷവും "വെളിച്ചത്തിന്റെ വരവ്" എന്ന പ്രധാന സംഭവത്തിന്റെ ആഘോഷനാളിൽ സഭകളിൽ പ്രത്യേക ആരാധനകൾ നടത്തും. എറൂബിലെ കെമുസ് ദ്വീപിൽ മിഷനറിമാർ കടന്നുവന്നത് പുനാരാവിഷ്കരിച്ച് അവർ ആഘോഷം അർത്ഥവത്താക്കും. കിഴക്കൻ ദ്വീപിലെ പുരാതന ഭാഷയിൽ വേദപുസ്തകം വായിക്കുക, മെറിയാൻ മിറിൽ പ്രസംഗിക്കുക, പാട്ടുകൾ പാടുക തുടങ്ങിയവ ഈ ആഘോഷത്തിലെ പ്രധാന ചടങ്ങുകളാകുന്നു. എല്ലാ വർഷത്തെ ആരാധനയും വികാര നിർഭരമായിരിക്കും. ദ്വീപുവാസികളുടെ മാനസാന്തരത്തിലേക്കു നയിച്ച ദൈവസ്നേഹത്തിനു നന്ദിയർപ്പിച്ചു കൊണ്ട് പാസ്റ്റർ പ്രസംഗിക്കുമ്പോൾ കേൾവിക്കാർ കൃതജ്ഞതയാൽ കണ്ണീർ തുകുന്നത് കാണുവാൻ സാധിക്കും. അവരുടെ നന്ദിയെ സംബന്ധിച്ചു അമൂർത്തമായതൊന്നുമില്ല. ഇത് ശരിക്കും വളരെ മുമ്പുള്ളതല്ല, അഞ്ചോ ആറോ തലമുറക്കു മുമ്പുണ്ടായിരുന്ന പൂർവ്വികർ മനുഷ്യരെ വേട്ടയാടി തലയോട്ടി ശേഖരിക്കുന്നവരായിരുന്നു.

ഓസ്ട്രേലിയായുടെ വിവിധ നഗരങ്ങളിൽ പാർക്കുന്ന ടോറസ് സ്ട്രെയ്റ്റ് ദ്വീപുവാസികൾ ഈ വാർഷിക ആഘോഷത്തിൽ പങ്കു ചേരുന്നതിനു എല്ലാ വർഷവും സ്വഭവനങ്ങളിലേക്കു ചെല്ലും. ഈ സംഭവത്തിന്റെ പുനരാവിഷ്കരണത്തിനും ആഘോഷങ്ങൾക്കും നന്ദി, കാരണം ഓരോ ദ്വീപുവാസികളും ഈ ചരിത്രം അറിഞ്ഞു വളരുന്നു. ടിഐയുടെ തഗൈ സ്റ്റേറ്റ് കോളജിൽ ടോറസ് സ്ട്രേയ്റ്റ് ചരിത്രം പഠിപ്പിക്കുന്ന അദ്ധ്യാപകൻ ഡെബ് ബലിയ പറയുന്നു, "ഞങ്ങൾ പണ്ടു യുദ്ധം ചെയ്തിരുന്നു, പിന്നീട് അമ്പും വില്ലും നശിപ്പിച്ചു. ഇപ്പോൾ ഞങ്ങൾ എല്ലാവരും സുരക്ഷിതരാകുന്നു. ഇപ്പോൾ കടന്നാക്രമണം ഇല്ല. ശത്രുക്കൾ നിങ്ങൾക്കു നൽകുന്ന ഭക്ഷണത്തിൽ ആഭിചാരം ചെയ്യുമെന്ന ഭയം വേണ്ട. ഉദാഹരണത്തിന് ഇന്നു ഞങ്ങൾ സുരക്ഷിതരായി ഒരുമിച്ചു ഇരുന്നു ഭക്ഷണം കഴിക്കുന്നു."

ഇരുളിൽ നിന്നും വെളിച്ചത്തിലേക്കുള്ള മാറ്റം സുവിശേഷത്തിന്റെ വല്ലഭത്വത്തിന്റെ ഉത്തമ ഉദാഹരണം ആകുന്നു. മിഷന്റെയും ത്യാഗത്തിന്റെയും മൂല്യങ്ങൾ പുതിയ രീതിയിൽ വിലമതിക്കുവാൻ ദൈവമായ കർത്താവ് നമ്മെ സഹായിക്കുമാറാകട്ടെ. എല്ലാറ്റിലും ഉപരി സ്വപുത്രന്റെ ക്രൂശിലെ മരണം തോൽവിയെന്നു തോന്നുമെങ്കിലും യഥാർത്ഥത്തിൽ ദൈവം സകലത്തിന്റെമേലും ജയം വരിച്ചു. ജീവിതത്തിൽ

# ബഹുവ സഭാ ചരിത്രം

## ബഹുവ മിഷൻ വയൽ കാൺപൂർ റീജിയൻ

**ആരംഭം മുതൽ ജനുവരി 2020**

*തയ്യാറാക്കിയത്*
*ശ്രീമതി. ആഗ്നസ് എഡ്വേർഡ്*



ബഹുവ, ഉത്തർപ്രദേശിൽ ഫത്തെപൂർ ജില്ലയിലുള്ള നഗര പഞ്ചായത്തിലെ ഒരു പട്ടണം ആകുന്നു. ബഹുവ നഗര പഞ്ചായത്തിൽ 1956 വീടുകൾ ഉണ്ട്. വെള്ളം, മാലിന്യ സംസ്കരണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുള്ള പ്രദേശമാകുന്നു. ഈ ഗ്രാമത്തിൽ ഇപ്പോൾ പട്ടിക വർഗ്ഗക്കാർ ആരുമില്ല.

### നമ്മുടെ ശുശ്രൂഷ

സെന്റർ റീജിണൽ സെക്രട്ടറി അസറിയ രാജ്കുമാറിന്റെ പ്രാർത്ഥനയോടു കൂടി 22.7.2004 ൽ ബഹുവ മിഷൻ വയൽ തുറന്നു പ്രവർത്തനം ആരംഭിച്ചു. ശ്രീ. എഡ്വേർഡ് രാജദൂരൈയും ശ്രീമതി ജിക്കിയും ആയിരുന്നു ആദ്യമിഷനറിമാർ. 2004 ആഗസ്റ്റിൽ ദയാ സാഗർ ഫിലിം ലഡ്ഗാവ ഗ്രാമത്തിൽ പ്രദർശിപ്പിച്ചു. 600 ലധികം പേർ അതു കാണുകയുണ്ടായി. ആദ്യനാളുകളിൽ ആ ഗ്രാമത്തിൽ നിന്നു ഒരു പ്രതികരണവും ഉണ്ടായില്ല. എന്നാൽ മിഷനറിമാർ തുടർന്നും അവിടെ ദൈവവചനം പ്രസംഗിച്ചു കൊണ്ടിരുന്നു. ഖാതൗലി ഗ്രാമത്തിൽ ദയാസാഗർ ഫിലിം പ്രദർശിപ്പിക്കുന്ന വേളയിൽ ആ ഗ്രാമത്തിലെ ശ്രീ. പ്രഭു പാൽ സുവിശേഷത്തോടു താൽപര്യം കാണിച്ചു. അവൻ കർത്താവായ യേശുവിൽ വിശ്വസിച്ചു സഭയിലെ അംഗമായി.

ആദ്യകാല മിഷനറി, ശ്രീ. എഡ്വേർഡ് രാജദുരൈ വിവരിക്കുന്നത്, ആയാഹ് എന്ന ഗ്രാമത്തിലെ പതൈൻ പാസി എന്ന കുഷ്ഠരോഗി പ്രാർത്ഥനയിലൂടെ സൗഖ്യം പ്രാപിച്ചു. അതുപോലെ ഒരു വ്യക്തി മന്തു രോഗത്തിൽ നിന്നും സുഖം പ്രാപിച്ചു. ഈ രണ്ടു അത്ഭുതങ്ങൾ അനേകർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനു കാരണമായി.

---

ആർ യേശുവിൽ ആശ്രയിക്കുമോ അവർക്കു രക്ഷയും പാപമോചനവും ലഭിക്കുന്നതിനു ഈ വിജയം കാരണമായി തീർന്നു. അത്തരം ജിവിതങ്ങൾ, അത്തരം സമുദായം, അത്തരം ജാതിക്കൂട്ടം ഒരിക്കലും മുമ്പിലത്തേതു പോലെ ആകയില്ല കാരണം ജീവന്റെ വെളിച്ചം അവരുടെ മദ്ധ്യത്തിൽ ഉദിച്ചു. – സഹോ. ഡേവിഡ് ഫെന്നി

### ബഹുവ സഭാമൂപ്പൻ ശ്രീ. റാം സ്വരൂപ് സാക്ഷ്യം പറയുന്നു



*“ഞാൻ സുജൻപൂർ ഗ്രാമത്തിലെ റാം സ്വരൂപ് ആകുന്നു. എനിക്കു മക്കളില്ലായിരുന്നു. ഞാൻ ഒന്നര കിലോ നെയ്യും വാങ്ങി ബാബയെ കാണുവാനായി പോകുകയായിരുന്നു. പോകുന്ന വഴിയിൽ എന്റെ ബന്ധുവായ മുന്നിയെ കണ്ടു. അവൾ എന്നോടു എങ്ങോട്ടു പോകുകയാണെന്നു അന്വേഷിച്ചു. ഞാൻ ഒരു ബാബയെ കാണുവാൻ പോകുകയാണെന്ന വസ്തുത അവളോടു പറഞ്ഞു. ഫത്തെപൂറിലുള്ള ദൈവാലയത്തിൽ പോകുവാൻ എനിക്കു ഉപദേശം നൽകിയിട്ടു അവളുടെ ജീവിതത്തിലെ അനുഭവം പങ്കുവെച്ചു. അങ്ങനെ ഞാൻ ഫത്തെപൂർ ദൈവാലയത്തിൽ പോകുവാൻ തീരുമാനിച്ചു. അവിടെ നടക്കുന്ന സത്സാംഗിനെ കുറിച്ചു എനിക്കു അറിവൊന്നുമില്ലായിരുന്നു. ഞാൻ ഫത്തെപൂർ ദൈവാലയത്തിൽ ചെന്നു അവിടെ ഒരു മനുഷ്യനെ ചങ്ങലകളാൽ ബന്ധിക്കപ്പെട്ടവനായി ഞാൻ കണ്ടു.അവൻ പൈശാചിക ബന്ധനത്തിൽ ഭയങ്കരമായി കഷ്ടപ്പെടുന്ന വ്യക്തിയായിരുന്നു. അടുത്ത ആഴ്ച ആ മനുഷ്യൻ തന്റെ ഭാര്യയെ സൈക്കിളിന്റെ പിന്നിൽ ഇരുത്തി സഞ്ചരിക്കുന്നതു ഞാൻ കണ്ടു. മൂന്നാം ആഴ്ചയിൽ മറ്റൊരു അത്ഭുതം ഞാൻ കണ്ടു. ഈ അത്ഭുതങ്ങളിലൂടെ കർത്താവിലുള്ള എന്റെ വിശ്വാസം വർദ്ധിച്ചു. എന്റെ സഹോദരിയുടെ മകൾ ബഹുവായിലുള്ള ദൈവാലയത്തെ കുറിച്ചു എന്നോടു പറഞ്ഞു. അങ്ങനെ ഞാൻ ആ ദൈവലായ ആരാധനയിൽ സംബന്ധിക്കുകയും 2006 ൽ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുകയും ചെയ്തു.”*

ഗവൺമെന്റ് ആശുപത്രിക്കു സമീപം ഒരു സ്നേഹിതൻ നൽകിയ വാടക കെട്ടിടത്തിൽ ആരാധന യോഗം ആരംഭിച്ചു. 2004 മുതൽ 2007 വരെ ആ വാടക കെട്ടിടത്തിൽ ആരാധന തുടർന്നു വന്നു.

### സഭയുടെ വളർച്ച

സമീപ ഗ്രാമങ്ങളിൽ നിന്നു ധാരാളം ആളുകൾ ബഹുവ ആരാധന യോഗത്തിൽ സംബന്ധിക്കുവാൻ തുടങ്ങി. അവർ എണ്ണയും വെള്ളവും ഒക്കെ പ്രാർത്ഥിക്കുന്നതിനായി കൊണ്ടു വന്നു. പ്രാർത്ഥനയിലൂടെ അനേക രോഗികൾ സൗഖ്യം പ്രാപിച്ചു. ആരാധനക്കായി കൂടിയ മുറി നിറഞ്ഞു കവിഞ്ഞു. എല്ലാവർക്കും ഇരിക്കുവാൻ സ്ഥലമില്ലാതെ വന്നു. 2007 മുതൽ താക്കുർ എന്ന ആൾ നൽകിയ വാടക കെട്ടിടത്തിലേക്കു ആരാധന യോഗം ആരംഭിച്ചു. ബഹുവായിൽ ദൈവാലയം പണിയുന്നതു വരെ ആരാധന യോഗം ഈ കെട്ടിടത്തിൽ തുടർന്നു വന്നു. ചില വിശ്വാസികളുടെ സാക്ഷ്യം താഴെ കൊടുക്കുന്നു.

### ശ്രീ. റാം കൃഷൻ തന്റെ സാക്ഷ്യം വിവരിക്കുന്നു



*“ഞാൻ സർക്കാദി ഗ്രാമത്തിൽ വസിക്കുന്ന റാം കൃഷൻ ആകുന്നു. 2000 ൽ എന്റെ സഹോദരന്റെ കൈയ്യിലുണ്ടായിരുന്ന ‘പ്രേം സന്ദേശ്’ എന്ന പേരിലുള്ള ഒരു ലഘുലേഖ വായിക്കുന്നതിനു ഇട*

യായി. എന്നാൽ ഞാൻ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചില്ല. 2009 ൽ എന്റെ ഭാര്യ ഉദര വേദനയാൽ കഷ്ട പ്പെട്ടു. അവൾക്കു നൽകിയ ചികി ത്സകൾ ഒന്നും സഹായകരമായില്ല. എന്റെ സഹോദര ഭാര്യ എന്നോടു ബഹുവയിലെ ആരാധന യോഗത്തെ കുറിച്ചു പറഞ്ഞു. അങ്ങനെ ഞാൻ ദൈവാലത്തിൽ പോയി, എന്റെ ഭവന ത്തിൽ ഞങ്ങളുടെ പശുവിന്റെ പ ാൽ കറന്നു എടുത്തു കൊണ്ടുവന്നു അധികം താമസിക്കാതെ കേടാകുന്നു. ഞാൻ ദൈവാലയത്തിൽ പോകുവാൻ തുടങ്ങിയതോടെ ഈ പ്രശ്നം പരിഹ രിക്കപ്പെട്ടു. അങ്ങനെ യേശുക്രിസ്തു വിന്റെ നാമത്തിനു ശക്തിയുണ്ടെന്നു ഞാൻ മനസ്സിലാക്കി. ഞാൻ ഭവനത്തിൽ തിരികെ വന്ന ഉടനെ എന്റെ ഭാര്യ യുടെ ഉദര വേദന പൂർണ്ണമായി മാറി. മൂന്നു വിശുദ്ധന്മാർ അവൾക്കു വേണ്ടി പ്രാർത്ഥിക്കുന്നതായി ഒരു ദർശനവും കണ്ടു. ഒരു മാസം കടന്നു പോയി. 30.9.2009 ൽ ഞാൻ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീക രിച്ചു സ്നാനമേറ്റു സഭയിലെ അംഗ മായി. തുടർന്നു എനിക്കു നിരവധി ശോധനളിലൂടെ കടന്നു പോകേണ്ടി വന്നു. ഒരു നാൾ ഒരു കറുത്ത മണി എന്റെ കണ്ണിൽ വീണു ദൈവം അത്ഭുത കരമായി സൗഖ്യമാക്കി. എന്റെ മകളുടെ തള്ളവിരൽ ഒരു മിഷനിൽ അകപ്പെട്ടു മുറിഞ്ഞു പോയി. 11.2.2010 ഞങ്ങളുടെ ഭവനം കത്തിപ്പോയി. ദൈവം ഞങ്ങളെ രക്ഷപ്പെടുത്തി. ദൈവത്തിന്റെ അത്ഭുത കരമായ സഹായത്താൽ ചില വർഷ ങ്ങൾക്കു ശേഷം പുതിയ ഒരു വീടു പ ണിയുവാൻ സാധിച്ചു."

ശ്രീ.രാം കൃഷൻ ചില വർഷങ്ങൾ FMPB യിൽ സ്വദ്ദേശ സുവിശേഷകനായി പ്ര വർത്തിച്ചു.

## കോറ കനക് ഗ്രാമത്തിലെ ശ്രീ. രാം സ്വരൂപ് തന്റെ സാക്ഷ്യം വിവരിക്കുന്നു.



"ഞാൻ അവളെ അനേക ആശുപത്രിക ളിൽ കൊണ്ടു പോയി. ഡോക്ടറന്മാർ നിർദ്ദേശിച്ച മരുന്നുകളെല്ലാം നൽകി. എന്നാൽ നാളുകൾ കടന്നു പോകു ന്തോറും അവൾ കൂടുതൽ ബലഹീന യായി. ഞങ്ങളുടെ മകനിലും ചില പ്ര ശ്നങ്ങൾ ഉണ്ടായി. ഇവരുടെ രണ്ടു പേരുടെയും ചികിത്സക്കായി ധാരാളം ധനം ചിലവിട്ടു. ഇവരെ 50 ലധികം മന്ത്രവാദികളുടെ അടുക്കൽ കൊണ്ടു പോയി എല്ലാം വ്യർത്ഥമായി. ഒരു ദിവസം എന്റെ അമ്മയുടെ സ്നേഹിത യായ ഞങ്ങളുടെ ഗ്രാമത്തിലുള്ള ഒരു വൃദ്ധയെ സന്ദർശിച്ചു. അവൾ എന്റെ ഭാര്യയുടെ ആരോഗ്യത്തെ കുറിച്ചു അന്വേഷിച്ചു. എന്റെ ഭാര്യയെ ബഹുവ ദൈവാലയത്തിലേക്കു കൊണ്ടുപോ കുവാൻ ആ മാതാവ് നിർദ്ദേശിച്ചു. ബഹുവ ദൈവലായത്തിൽ പോയതിനു ശേഷം അവർക്കു ലഭിച്ച സൗഖ്യത്തെ ക്കുറിച്ചും എന്നോടു പറഞ്ഞു. തുടർച്ച യായ മൂന്നാഴ്ച ദൈവാലയത്തിൽ നട ക്കുന്ന സത്സാംഗ് പ്രോഗ്രാമിൽ പങ്കെ ടുക്കുവാൻ അവൾ ഉപദേശിച്ചു. ഞാൻ അവളെ ബഹുവ ദൈവാലയത്തിൽ കൊണ്ടു പോയി. എന്റെ ഭാര്യ പൂർണ്ണ ഹൃദയത്തോടെ ദൈവത്തിൽ വിശ്വ സിച്ചു. എന്നാൽ എനിക്കു ക്രിസ്തു മതത്തോടെ വലിയ താൽപര്യമില്ലാ യിരുന്നു. സഭാമൂപ്പനായ വാസുദേവ് എന്നോടു ദൈവവചനം ഗ്രഹിക്കുന്ന

*തിനുള്ള ജ്ഞാനത്തിനായും വിശ്വാസം വർദ്ധിക്കുന്നതിനായും ദൈവത്തോടു പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു. ഞാൻ അതിനായി പ്രാർത്ഥിച്ചു. പിന്നീട് ഞാൻ വേദപുസ്തകം വായിച്ചപ്പോൾ അതിലെ വാക്യങ്ങൾ എനിക്കു മനസ്സിലായി. അതിനെ തുടർന്നു എന്റെ വിശ്വാസവും വർദ്ധിക്കുവാൻ തുടങ്ങി. പതിവായി ദൈവത്തെ അന്വേഷിക്കുവാൻ തുടങ്ങിയതിനാൽ ദൈവം എന്റെ ഭാര്യക്കു പൂർണ്ണ സൗഖ്യം നൽകി. 28.8.2016 ഞാൻ കുടുംബമായി ദൈവസഭയിലെ അംഗമായി ചേർന്നു. ഇപ്പോൾ ഞങ്ങൾ വേദപുസ്തകം ക്രമമായി വായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു."*

## സഭയും സമുദായവും

ശ്രീ. സോനുവിന്റെ പക്കൽ നിന്നും ബഹുവ ദൈവാലയത്തിന്റെ വസ്തു വാങ്ങി. വസ്തുവിന്റെ വിസ്തീർണ്ണം 5000 ചതുരശ്ര അടിയാകുന്നു. ഖത്തോലി, ലഡ്ഗാവ, സുജൻപൂർ, അയാഹ്, ചക്കാസ്കാരൻ, കോറ കനാക്, വഹിദ്പൂർ, ഗൗരി, സിദ്ധാവ്, ബദാഗൗൺ, ബർബാത്, ഭഗവാൻപൂർ, സാക്ക, ഘാസിപൂർ, രത്തൻതാര, മുത്തൗർ, കർസോവ, ജോമോഹ്, ധരംമ്പൂർ, മീരാപ്പൂർ, കാജിപൂർ, രാജ്വ ക ദേര, ഗാനിപൂർ എന്നീ ഗ്രാമങ്ങളിൽ നിന്നുള്ളവർ ബഹുവ ആരാധനയിൽ സംബന്ധിക്കുന്നു. ഇവരെല്ലാവരും ചമാർ, കെവാന്ത്, സാഹു, പ്രജാപതി, പാസ്വാൻ എന്നി സമുദായങ്ങളിൽ നിന്നു ഉള്ളവരാകുന്നു.

## ദൈവാലയ നിർമ്മാണം.

- ദൈവാലയത്തിന്റെ പേര്: മസിഹ് സത്സംഗ് ഭവൻ, ബഹുവ.
- അടിസ്ഥാന ശിലയിട്ടത്: ജൂൺ 2008
- ദൈവാലയത്തിന്റെ വലിപ്പം 40X25 അടി, മേൽക്കൂര : RCC
- സാമ്പത്തിക സഹായം: ശ്രീ. നവനീഥറും കുടുംബവും
- പ്രതിഷ്ഠ: 3.10.2010 – പ്രതിഷ്ഠ ശുശ്രൂഷ റവ. ഇമ്മാനുവേൽ രജ്ജിത് സിംങ് നിർവഹിച്ചു. തിരുനെൽവേലി പ്രാർത്ഥനക്കൂട്ടത്തിൽ നിന്നുള്ള പത്തു പേരുടെ ഒരു സംഘം, ഫത്തെപൂർ ബ്രോഡ്വെൽ ക്രിസ്ത്യൻ ആശുപത്രിയിലെ ആളുകൾ, കാൺപൂർ റീജിനൽ സെക്രട്ടറി റവ. എൻ രാജദുരൈയും കുടുംബം, എന്നിവർ പ്രതിഷ്ഠ വേളയിൽ സന്നിഹിതരായിരുന്നു.

തുടർന്നു ശ്രീ. സുരേഷ് മാൾട്ടോ ബഹുവ മിഷൻ വയൽ മിഷനറിയായി പ്രവർത്തിച്ചു.

## സഭയുടെ പ്രവർത്തനങ്ങളും വിവരങ്ങളും

എഡ്വേർഡ് രാജുദുരൈ, രാമസ്വാമി ജറോം, സുരേഷ് മാൾട്ടോ, പച്ചിയബായ് വസാവ, അനിൽ കുമാർ, ഖായ്മിൻ താങ് എന്നീ മിഷനറിമാർ ബഹുവ മിഷൻ വയലിൽ പ്രവർത്തിച്ചു.

പതിവായി നടക്കുന്ന ഞായറാഴ്ച ആരാധനയിൽ 30-40 ആളുകൾ പങ്കെടുക്കുന്നു. പ്രാദേശിക സുവിശേഷകൻ ആരാധന യോഗത്തിനു നേതൃത്വം നൽകുന്നു. ബഹുവ ദൈവാലയത്തിലെ വിശ്വാസികളുടെ എണ്ണം 391 ആകുന്നു. വാഹിദ്പൂർ, സിദ്ധാവ്, ബാദഗൗൺ, ജാമോൻ എന്നീവിടങ്ങളിൽ നിന്നുള്ള വിശ്വാസികൾ പിന്മാറ്റത്തിലാകുന്നു.

വിശ്വാസികൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായും ബുഹുവ സഭ ആത്മീക വളർച്ച പ്രാപിച്ചു എണ്ണത്തിൽ പെരുകേണ്ടതിനുമായി അവർക്കു വേണ്ടി പ്രാർത്ഥിക്കുവാൻ ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഉത്തർപ്രദേശിലെ പുതിയ വിശ്വാസികൾ വിശ്വാസത്തിൽ തുടരണമെങ്കിൽ അവർ വലിയ വില കൊടുക്കേണ്ടിവരുമെന്നു നിങ്ങൾക്കു അറിയാമല്ലോ കാരണം അവിടെ സംസ്കാരികവും രാഷ്ട്രീയവും മതപരവുമായ സാഹചര്യങ്ങളിൽ വലിയ മാറ്റങ്ങൾ വന്നു കൊണ്ടിരിക്കുന്നു.

**1**
**ആഗസ്റ്റ്**
**തിങ്കൾ**

## ജന്മദിനാശംസകൾ

ശാന്തി രമ്യ രാജു,
മൻജിയ നായിക് ജി, രാജാ ബി,
ഫ്ളോറൻസ്, ജപറാണി എബനേസർ സാം,
കൃപ രക്ഷണ ബറെ

## ജമ്മു

### സാമ്പ: ഡേവിഡ് അയ്യനാർ & മാൻപ്രീത് കൗർ

രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 20 പുതിയ നിയമവും രണ്ടു വേദപുസ്തകവും വിതരണം ചെയ്തു. പ്രാർത്ഥനയിലൂടെ പ്രവീൺ ഹെർണിയ രോഗത്തിൽ നിന്നു മുക്തനായി. വിശ്വാസികൾ സുവിശേഷീകരണ പ്രവർത്തനത്തിൽ സജീവമായി പങ്കെടുക്കുന്നു.

ഖാത്‌ലി ഗ്രാമത്തിലെ പിന്മാറ്റക്കാരായവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. സാമ്പ പ്രദേശത്തു ദൈവാലയം പണിയുന്നതിനാവശ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസം ഉപേക്ഷിക്കുന്നതിനു വിശ്വാസികളെ ഭീഷണിപ്പെടുത്തുന്ന ഗ്രാമത്തലവന്മാരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. കർത്താവിലുള്ള വിശ്വാസം നിമിത്തം ജ്യോതിയെ ഉപദ്രവിക്കുന്ന കുടുംബാംഗങ്ങൾക്കായി പ്രാർത്ഥിക്കുക. കരളിലുണ്ടായ അണുബാധയിൽ നിന്നും സഞ്വാലി ഗ്രാമത്തിലെ തർസാമിനെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. നേഹക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗ്രാമത്തിലെ ജനങ്ങൾ വഴിതെറ്റിക്കുവാൻ ശ്രമിക്കുന്നതിനാൽ ദിയാനി ഗ്രാമത്തിലെ കമലേശും കുടുംബവും സധൈര്യം വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഹിമാചൽ പ്രദേശ്

### റിക്കോങ്പിയോ

### പല്ലു പരസേഥ് & കൽപന മാല്ലിക്

14 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 2 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 51 പുതിയ നിയമവും 50 വേദപുസ്തകവും വിതരണം ചെയ്തു. ഉയർന്ന രക്തസമ്മർദ്ദത്താൽ കഷ്ടപ്പെട്ട മാൻകുമാരിയെ കർത്താവ് സൗഖ്യമാക്കി. അവൾക്കു വേണ്ടി മിഷനറി പ്രാർത്ഥിച്ച വേളയിൽ ദുരാത്മാവ് അവളെ വിട്ടു പോയി. ഏഴു സ്ഥലങ്ങളിൽ സുവിശേഷീകരണ പ്രവർത്തനം നടത്തി. ആത്മാക്കളെ ആദായപ്പെടുത്തുന്നവർക്കായും സഭ മൂപ്പന്മാർക്കായും പ്രാർത്ഥനക്കൂട്ട നേതാക്കന്മാർക്കായും പരിശീലന പ്രോഗ്രാം ക്രമീകരിച്ചു. നമ്മുടെ വിശ്വാസികളും മിഷനറിമാരും സഞ്ചരിക്കുന്ന വേളയിൽ മലമുകളിൽ നിന്നും വലിയ കല്ല് ഉരുണ്ടു വന്ന അപകടത്തിൽ നിന്നും ദൈവം അവരെ വിടുവിച്ചു. വിശ്വാസികളെ പൈശാചിക ബന്ധനത്തിൽ നിന്നും വിടുവിക്കുന്നതിനായി ഉപവാസ പ്രാർത്ഥന സംഘടിപ്പിച്ചു.

ഉടനെ നടത്തുവാൻ ഉദ്ദേശിക്കുന്ന യുവജന ക്യാമ്പ്, വനിത ക്യാമ്പ്, നേതൃത്വ പരിശീലനം, വിബിഎസ് പ്രോഗ്രാം എന്നിവകളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ പ്രവർത്തനത്തെ എതിർക്കുന്ന റിബ്ബ, മൂറാങ്, ഇന്ദർ, മുന്ന എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന മാൻകുമാരി, ബന്ധു, രാജ്കുമാർ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ത്വാങ് ഖാൻ കാപ്. പി,
കുമാരെ ഭാരതി മഹാദേവ്

# പഞ്ചാബ്

### ഫസിൽക്ക

**ജറുയേൽ പാനി & ജ്യോത്സാന റാണി**

മൂന്നു ഗ്രാമഘങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. കാലിൽ അണുബാധയുണ്ടായ സുഭാഷിനെ ദൈവം സൗഖ്യമാക്കി. ജിത്തേന്ദറിന്റെ സഹോദരൻ പൈശാചിക ബന്ധനത്തിൽ നിന്നും മുക്തനായി.

പിന്മാറ്റത്തിലായ സന്ദീപ് സിങ്, പ്രേം സിങ് എന്നിവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. രോഗത്താൽ ശയ്യാവലംബയായ വീരോ റാണി, സന്ധിവേദനയാൽ കഷ്ടപ്പെടുന്ന മാൻഗട് റാം എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും സന്ദീപ് സിങ് വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ബുധ്‌ലാട

**നാബാ ഹമോം & ദുലാന്തി റായാങ്**

പുതിയ ഒരു ഗ്രാമത്തിൽ സുവിശേഷം അറിയിച്ചു. മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അഞ്ചു പുതിയ നിയമം വിതരണം ചെയ്തു. ഉന്നത രക്തസമർദ്ദത്താൽ ഉണ്ടായ ജസ്വത്ത് കൗർ തളർവാതത്തിൽ നിന്നു സുഖം പ്രാപിച്ചു. അപകടത്തിൽ ഹർഭഗവാൻ സിങിനെ കർത്താവ് പരിപാലിച്ചു.

ഫഹാര ഗ്രാമത്തിൽ ജീസസ് ഫിലിം പ്രദർശിപ്പിക്കുന്നതിനുള്ള തടസ്സങ്ങൾ ഇല്ലാതാകേണ്ടതിനും ഇവിടെയുള്ള ജനങ്ങൾ ശരീരത്തിലും മനസ്സിലും ആത്മാവിലും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സിമകൗർ, മുസ്കാൻ എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗുരുദീപ് സിങ്, സിമാർ കൗർ എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദിരയാപൂർ ഗ്രാമത്തിലെ ബിന്ദേർ കൗർ കുടൽ സംബന്ധമായ രോഗത്തിൽ നിന്നും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വസികൾക്കു വിശ്വാസികളായ ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നല്ല ഒരു ജോലിക്കായി ദീർഘനാളുകളായി കാത്തിരുന്ന വശ്വാസികൾക്കു നല്ല ജോലി ലഭിക്കേണ്ടതിനായും അവരുടെ വിശ്വാസം നഷ്ടപ്പെടാതിരിക്കേണ്ടതിനായും പ്രാർത്ഥിക്കുക. ഈ മാസത്തെ എല്ലാ പ്രവർത്തനങ്ങളും തടസ്സങ്ങളില്ലാതെ നടത്തേണ്ടതിനും അനുഗ്രഹത്തിനായും പ്രാർത്ഥിക്കുക. പ്രതികൂലമായ കാലവസ്ഥയിലും ചുറ്റുപാടുകളിലും മിഷനറിമാർക്കും സുവിശേഷകർക്കും വിശ്വാസികൾക്കും ദൈവീക പരിപാലനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസികൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.




ഉപവാസ
പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

കലപ്ന മല്ലിക്

### ബർണാല

**ബിധാൻ ഹസ്ത &**
**പാൻസുരി മോഹ്ലിൻ**


എട്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നടക്കുവാനോ ഇരിക്കുവാനോ കഴിയാത്ത തർസെമിനെ പ്രാർത്ഥന കേട്ടു കർത്താവ് സൗഖ്യമാക്കി. ബർണാലയിൽ 150 കുട്ടികൾ വിബിഎസിൽ സംബന്ധിച്ചു. ഭർത്താവിന്റെ വേർപാട് നിമിത്തം രാത്രിയിൽ ഉറങ്ങുവാൻ കഴിയാതിരുന്ന ജസ്വീർ കൗറിനു പ്രാർത്ഥനയുടെ ഫലമായി സുഖമായി ഉറങ്ങുവാൻ കഴിഞ്ഞു.


ധനുവാല വിശ്വാസികൾ ക്രിസ്തേശുവിലുള്ള വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. മകന്റെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന അമൃത്പാൽ സിങ്ങിന്റെയും കുടുംബത്തിന്റെയും ആശ്വാസത്തിനായി പ്രാർത്ഥിക്കുക. ഗർഭിണിയായ ഗഗൻദീപ് കൗർ മൂലക്കുരു രോഗത്തിൽ നിന്നു മുക്തയാകേണ്ടതിനും അവൾക്കു സുഖ പ്രസവം ലഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. വിശ്വാസികൾ ബന്ധുമിത്രാദികളോടു സുവിശേഷം പങ്കുവെക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### മാൻസ്ദ

**ദെബറാതോ വിശ്വാസ് & മന്ന സിങ്**


ആറു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നാലു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. അഞ്ചു വേദപുസ്തകം വിതരണം ചെയ്തു. രണ്ടു ഗ്രാമങ്ങളിൽ ഫിലിം പ്രദർശനം നടത്തി. ഈ മിഷൻ വയലിൽ നടത്തിയ വിബിഎസിലൂടെ 120 കുട്ടികൾ അനുഗ്രഹം പ്രാപിച്ചു. ഇവരിൽ 45 കുട്ടികൾ പുതു ഗ്രാമത്തിൽ നടത്തിയ വിബിഎസിൽ പങ്കെടുത്തവരാകുന്നു. ഒരു പുതിയ വേദപഠനക്ലാസ്സ് ആരംഭിച്ചു. ഏഴു ദിവസം നീണ്ടു നിന്ന പനിയിൽ ക്ഷീണതയും ബലഹീനതയുമായ ഗുരുചരണിനെ കർത്താവ് സൗഖ്യമാക്കി.


ഖായ് ഗ്രാമത്തിൽ നടന്നു കൊണ്ടിരിക്കുന്ന ദൈവാലയ നിർമ്മാണത്തിനായി വിശ്വാസികൾ സന്തോഷത്തോടു കൂടി അവരുടെ അദ്ധ്വാനവും സമ്പത്തും ദാനമായി നൽകി. 9 പേരടങ്ങുന്ന ടീമിന്റെ പ്രവർത്തനത്താൽ ദൈവരാജ്യം വ്യാപൃതമാകേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസികളുടെ ഭവനങ്ങളിൽ സമാധാനം സ്ഥാപിതമാകേണ്ടതിനായി പ്രാർത്ഥിക്കുക. സത്യാന്വേഷികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ധൈര്യപൂർവ്വം ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാർ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനും അവരുടെ ഉത്തരവാദിത്വത്തിലുള്ള സഭകളുടെ ആത്മീക വർദ്ധനവിനായി പ്രവർത്തിക്കുകയും ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

മക്കിയാർകരസി ബഞ്ചമിൻ,
സുവില ജ്ഞാനാപ്പു ദാനിയേൽ

### അഹമ്മദ് മാണ്ടി

**ചൗദരി രാജേഷ് & സരിത പോൾ, ദീപ്തി മാലി & രേണുമ**

650 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 50 പുതിയ നിയമങ്ങൾ വിതരണം ചെയ്തു. മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. രണ്ടു സ്ഥലങ്ങളിൽ നടത്തിയ വിബിഎസിൽ 130 കുട്ടികൾ പങ്കെടുത്തു. സുവിശേഷക സംഘവും വിശ്വാസികളും വളരെ സജീവമായി ഞങ്ങളോടു ചേർന്നു പുതിയ ഗ്രാമങ്ങളിലെ സുവിശേഷീകരണ യജ്ഞത്തിൽ പങ്കുചേരുന്നു. പ്രീതോ കൗറിനെ പാമ്പു കടിയേൽക്കാതെ ദൈവം വിടുവിച്ചു.

വരും ദിവസങ്ങളിൽ നടത്തുവാനുദ്ദേശിക്കുന്ന എല്ലാ യോഗങ്ങളുടെയും സുവിശേഷീകരണ പ്രവർത്തനങ്ങളുടെയും വിജയത്തിനായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലുകളിലുള്ള സഭകളിലെ വിശ്വാസികളുടെ എണ്ണം പെരുകേണ്ടതിനായി പ്രാർത്ഥിക്കുക. പ്രീതി കൗറിന്റെ മകൻ ജനിച്ചു പന്ത്രണ്ടാം ദിനം മരിച്ചു. അവളുടെയും കുടുംബാംഗങ്ങളുടെയും ആശ്വാസത്തിനായി പ്രാർത്ഥിക്കുക.

## ഹരിയാന

### ബർവാല

**മിന്റു കുതും & സുബ്രേ ബാഗ്**

മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചു. പത്തു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 15 പുതിയ നിയമവും മൂന്നു വേദപുസ്തകവും വിതരണം ചെയ്തു. സാഹു ഗ്രാമത്തിലെ ത്രിഷക്കുണ്ടായ തൊണ്ടയിലെ പ്രയാസത്താൽ ഒന്നും കുടിക്കുകയോ കഴിക്കുകയോ ചെയ്യരുതെന്നു നിയന്ത്രണമുണ്ടായിരുന്നു ദൈവം അവളെ സൗഖ്യമാക്കി. കുമ്പാർ സമുദായത്തിലെ പുതിയ കുടുംബങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു സഭായോഗത്തിൽ ക്രമമായി സംബന്ധിക്കുന്നു.

സാനിയാന ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനാവശ്യമായ വസ്തു വാങ്ങേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മളുമായി സംസർഗ്ഗത്തിലുള്ള യുവജനങ്ങൾ ആരാധന യോഗത്തിൽ പതിവായി സംബന്ധിക്കേണ്ടതിനും ആത്മീകമായി വളരേണ്ടതിനുമായി പ്രാർത്ഥിക്കുക. ഇവർ മദ്യത്തിൽ നിന്നും മയക്കുമരുന്നിൽ നിന്നും പൂർണ്ണമായി മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. ഖാരകാര ഗ്രാമത്തിലെ ഹൃദയ സംബന്ധമായ രോഗത്താൽ വലയുന്ന കമലിന്റ ഹൃദയ ശസ്ത്രക്രിയക്കു ആവശ്യമായ ധനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉഖ്ലുയാന ഗ്രാമത്തിലെ മമത, ഗൈബിപൂറിലെ വിജിന്ദർ, മാധയിലെ സന്ദീപ്, ബർവാല ഗ്രാമത്തിലെ പവൻ എന്നിവർക്കു വിശ്വാസികളായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ജോത്സന ദേവി പ്രശാന്ത്,
മേശ്രം കൽപന വാൽവി നേതാജി

### തോഷാം

**ജോൺ ഡേവിഡ്സൺ & എസ്ഥേർ**

50 പുതിയ നിയമവും ഒരു വേദപുസ്തകവും വിതരണം ചെയ്തു. വിബിഎസിൽ ഏഴു ഗ്രാമങ്ങളിൽ നിന്നുള്ള കുട്ടികൾ പങ്കെടുത്തു. കുഞ്ഞുങ്ങളുടെ ഹൃദയങ്ങളിൽ ദൈവവചനം പകരപ്പെട്ടു.

ജിന്ദിലുള്ള വിശ്വാസികൾ ഞായറാഴ്ച ആരാധന യോഗത്തിൽ പതിവായി പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷം ശ്രവിച്ചവർ പൂർണ്ണ മനസ്സോടെ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ചിന്തോ, ജഗദീഷ്, ഫുലോ ബാലവാസ് എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നു മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിൽ ആത്മീക ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. ഓൺലൈൻ കളികളിൽ ആസക്തനായി പണം നഷ്ടപ്പെടുത്തിയ വാസു അതിന്റെ അടിമത്വത്തിൽ നിന്നും മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക.

## ഉത്തർഖാണ്ഡ്

### ബാസ്പൂർ

**ക്രിസ്റ്റ്യൻ പ്രകാശ് & സുമിത്രബെൻ**

12 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. സുവിശേഷം പ്രഘോഷിച്ച രണ്ടു ഗ്രാമങ്ങളിലുള്ള അനേകർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. മൂന്നു സ്ഥലങ്ങളിൽ രാത്രി യോഗങ്ങളും രണ്ടു ഗ്രാമത്തിൽ ജീസസ് ഫിലിമും പ്രദർശിപ്പിച്ചു. കരൾ സംബന്ധമായ രോഗത്താലും തലയിൽ ഉണ്ടായ നീർക്കോളിനാലും വലയുന്ന പൂജയെ കർത്താവ് സൗഖ്യമാക്കി. മദ്യാസക്തിയിൽ നിന്നു ബൽവീന്ദർ സിങ്ങിനെ ദൈവം വിടുവിച്ചു.

ഉടനെ നടത്തുവാനുദ്ദേശിക്കുന്ന രാത്രി യോഗങ്ങൾ സ്ത്രീകളുടെയും കുട്ടികളുടെയും യോഗങ്ങൾ തുടങ്ങിയവ തടസ്സങ്ങളില്ലാതെ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ ശുശ്രൂഷയെ എതിർക്കുന്ന വ്യക്തിയെ ദൈവസ്നേഹം സ്പർശിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്കസംബന്ധമായ രോഗത്താൽ വലയുന്ന ഗീത, തളർവാത രോഗിയായ ലക്കൻ സിങ്, ക്ഷയ രോഗിയായ കാവ്യ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും രമാവതി വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശലോമിക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**6**
**ആഗസ്റ്റ്**
**ശനി**

## ജന്മദിനാശംസകൾ

സുധാഹരണി രവി

### മാൽധാചൗർ

**ശിഷുപാൽ & അനിത**

ആറു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 12 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 94 പുതിയ നിയമങ്ങൾ, മൂന്നു വേദപുസ്തകം എന്നിവ വിതരണം ചെയ്തു. ആറു ഗ്രാമങ്ങളിൽ രാത്രി യോഗങ്ങൾ സംഘടിപ്പിച്ചു. പ്രാർത്ഥനയാൽ സോന സിങ്, ആയുഷ് എന്നിവർ തൈറോഡിൽ നിന്നും സുഖം പ്രാപിച്ചു. ബാബുറാം, ബാൽദേവ് എന്നിവർ മദ്യാസക്തിയിൽ നിന്നും വിടുതൽ പ്രാപിച്ചു.

പിരുമാദാര, പത്രാമ്പൂർ എന്നീവിടങ്ങളിലേക്കു നമ്മുടെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന സ്ത്രീകൾക്കായും സുവിശേഷവേല ചെയ്യുന്നവർക്കുമായുള്ള പരിശീലനം വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശിവനാഥ്പൂർ, നാരായൺപൂർ എന്നീ ഗ്രാമങ്ങളിൽ പുതിയ സ്നേഹിതരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആകാശ്, അനുജ്, സംഗീത, റിഷിപാൽ, പ്രീയ, കാജൽ, താരവതി എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. മാനസിക രോഗത്തിൽ നിന്നും ഷിങ്കു പൂർണ്ണ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഡൽഹി

### പട്പർഗഞ്ച്

**പി ജി ക്രിസ്റ്റോഫർ & മേബൽ**

ഘരോലി ഗ്രാമത്തിൽ സുവിശേഷം അറിയിച്ചു. മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 34 പുതിയ നിയമങ്ങളും നാലു വേദപുസ്തകവും വിതരണം ചെയ്തു. 12 രാത്രി യോഗങ്ങൾ, നാലു വേദപഠനക്ലാസ്സ്, എട്ടു സ്ഥലത്തു ഉപവാസ പ്രാർത്ഥനകൾ, നാലു സ്ഥലത്തു സ്ത്രീജന യോഗം എന്നിവ അനുഗ്രഹകരമായി നടത്തി. മൂന്നു സ്ഥലത്തു നടത്തിയ വിബിഎസിലൂടെ 110 കുട്ടികൾ സുവിശേഷം ശ്രവിച്ചു. പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിലെ കുട്ടികൾക്കായുള്ള ട്യൂഷൻ കോവിഡ് മൂലം നിർത്തിവെച്ചത് പുനരാരംഭിച്ചു. പ്രദേശികമായ സഹകാരികൾ കുട്ടികളെ ഇംഗ്ലീഷ് പഠിപ്പിക്കുന്നു. ത്രിലോകപുരി ദൈവാലയത്തിന്റെ പ്രവർത്തനത്തെ സഹായിക്കുന്നതിനു വിക്കി സന്നദ്ധ പ്രവർത്തകനായി ചേർന്നു.

യേശുവിനെ രക്ഷിതാവായി സ്വീകരിച്ച 60 വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. ഡൽഹിയുടെ നഗര പ്രാന്തങ്ങളിൽ സുവിശേഷ വേല ചെയ്യുന്നതിനു കൂടുതൽ സുവിശേഷകർ മുന്നോട്ടു വരേണ്ടതിനായി പ്രാർത്ഥിക്കുക. കല്യാൺപുരി, സജ്വാൻ നഗർ എന്നിവിടങ്ങളിൽ ആരാധന യോഗം നടത്തുന്നതിനു വാടക കെട്ടിടം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തളർവാതത്താൽ കഷ്ടപ്പെടുന്ന മഹേന്ദർ, ദേവേന്ദർ, ദേവമണി എന്നിവരെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. തൈറോഡിനാലും വാതത്താലും കഷ്ടപ്പെടുന്ന മല്ലിക, ക്ഷയ രോഗികളായ രവി, എലിസബേത്ത് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഗുഡ്ഡി, റാണി, അനിൽ, റീന, റോക്കി, ശ്യാം എന്നിവരുടെ തകർന്ന കുടുംബ ജീവിതം സ്നേഹത്താൽ പുനഃസ്ഥാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**7**
**ആഗസ്റ്റ്**
**ഞായർ**

## ജന്മദിനാശംസകൾ

മോസസ് മുരളിധരൻ,
നരേന്ദ്ര ബഹദൂർ

## രാജസ്ഥാൻ

### ഖൈർത്താൾ

**സോൽവരാജ് & സെൽവമ്മാൾ**

തീദ്ട ഗ്രാമത്തിൽ സമാധാന പരമായി വിബിഎസ് നടത്തി. 13 ഗ്രാമങ്ങളിൽ രാത്രിയോഗങ്ങൾ സംഘ ടിപ്പിച്ചു. ഒമ്പതു ഗ്രാമങ്ങളിൽ നടത്തിയ കുട്ടികളുടെ യോഗം അനുഗ്രഹകരമാ യിരുന്നു. സ്ത്രീകൾക്കായും സഭാമൂ പ്പന്മാർക്കായും നടത്തിയ പരിശീലന പ്രോഗ്രാമിലൂടെ അനേകർ അനുഗ്രഹം പ്രാപിച്ചു.

തീദ്ട, മീരകാബാസി എന്നീ ഗ്രാമങ്ങളിലുള്ള യുവജനങ്ങളും മുതിർന്നവരും സ്വഗ്രാമങ്ങളിൽ സുവി ശേഷം അറിയിച്ചു ആത്മാക്കളെ നേടേ ണ്ടതിനായി പ്രാർത്ഥിക്കുക. തിർണോലി ഗ്രാമത്തിലെ ആരാധനയിൽ പുതുതായി സംബന്ധിക്കുന്ന രണ്ടു കുടുംബങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരി ക്കേണ്ടതിനായി പ്രാർത്ഥിക്കുക. മൂന്നു വിശ്വാസി കുടുംബങ്ങൾ പതിവായി രാത്രിയോഗങ്ങളിൽ സംബന്ധിക്കുന്നു.

### ഖാജുവാല

**വി കുമാർ &**
**പാട്രീസ്യ തമിഴ് സെൽവി**

മൂന്നു ഗ്രാമങ്ങളിൽ സുവി ശേഷം പ്രഘോഷിച്ചു. അഞ്ചു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അഞ്ചു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷി ച്ചു. അഞ്ചു വ്യക്തികളോടു വ്യക്തഗത മായി സുവിശേഷം അറിയിച്ചു. താവ നിയ കോളനിയിൽ നടത്തിയ വിബിഎ സിൽ അനേക അക്രൈസ്തവ കുട്ടികൾ സംബന്ധിച്ചു.

ഉടനെ നടത്തുവാനുദ്ദേശിക്കുന്ന വിബിഎസ്, രാത്രി യോഗ ങ്ങൾ, വ്യക്തിഗത സുവിശേഷ വേല, വേദപഠന ക്ലാസ്സുകൾ, അനുധാവന പ്രവർത്തനം, സുവിശേഷീകരണ പവർത്തനം, കുട്ടികളുടെ വേദപഠന ക്ലാസ്സ്, ഞായറാഴ്ച ആരാധന യോഗം എന്നിവകളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ലൗപ്രീതിനു നല്ലൊരു ജോലി ലഭിക്കേണ്ടതിനും സുവിശേ ഷത്തോടു താൽപര്യം കാണിക്കുന്ന അവന്റെ പ്രതിശ്രുതവധു യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായും പ്രാർത്ഥിക്കുക. നമ്മുടെ മിഷനറി താമ സിക്കുന്ന ഭവനത്തിന്റെ ഉടമ സുഖ്ദേവ് സിങ്ങും കുടുംബവും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## സിംഹത്തിന്റെ വായിൽ നിന്നും രക്ഷിച്ചു!

ഉത്തർഖാണ്ഡിൽ ദിനേശ്പൂർ മിഷൻ വയലിലെ ശ്രീലങ്ക ഗ്രാമത്തിലെ റെഹ്മാൻ കാട്ടിൽ പോയ വേളയിൽ ഒരു സിംഹം അവന്റെ നേരെ വന്നു. അവൻ സമീപത്തുള്ള ഒരു മരത്തിൽ ചാടി കയറി പ്രാർത്ഥനയോടെ ഇരു ന്നു. അവൻ മരത്തിൽ നിന്നും ഇറ ങ്ങിവരുന്നതു കാത്ത് സിംഹം ഏറെ നേരം മരത്തിന്റെ അടിയിൽ കാത്തു നിന്നു. ഒടുവിൽ ഒരു കൂട്ടം ആളു കൾ അവിടെ വന്നു സിംഹത്തിന്റെ വായിൽ നിന്നും അവനെ രക്ഷിച്ചു.

# 8 ആഗസ്റ്റ് തിങ്കൾ

## ജന്മദിനാശംസകൾ

ആൻഡ്രൂസ് ജവഹർ,
ഹെപ്സിബ ആൻഡ്രൂസ്,
മഹല ഷീലബൻ പഹുജബായി

### അനുപ്ഗഢ്

**പൗലൂസ് ബർജോ & ബിനിത ടോപ്പോ**

രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 28 പുതിയ നിയമവും നാലു വേദപുസ്തകവും വിതരണം ചെയ്തു. 13 സ്ഥലങ്ങളിൽ വേദപഠന ക്ലാസ്സുകൾ സംഘടിപ്പിച്ചു. നാലു രാത്രി യോഗങ്ങൾ തടസ്സങ്ങളില്ലാതെ നടത്തി. പത്താം ക്ലാസ്സിലെ പരീക്ഷ എഴുതിയ നമ്മുടെ വിശ്വാസികളുടെ മക്കൾ നല്ല മാർക്ക് വാങ്ങി വിജയിച്ചു.

ഈ മിഷൻ വയലിൽ ധാരാളം ആത്മാക്കളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കൈയിലും നെഞ്ചിലും ഉണ്ടായ മുഴയിൽ നിന്നും ജുഹാ ഭായിയെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാനസിക രോഗിയായ ലാല സിങ്, മൂത്രാശയത്തിലുള്ള കല്ലിനാൽ ഭാരപ്പെടുന്ന വിന്ദേർ കുമാർ, വിർപാൽ കൗർ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളുടെ മക്കൾക്കു അനുയോജ്യമായ ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### അജിത്ഗഢ്

**ജയബീർ സിങ് & ദേവി റാണി**

50 വ്യക്തികൾ പുതിയ നിയമം ആവേശത്തോടെ സ്വീകരിച്ചു. അനുധാവന പ്രവർത്തനം, രാത്രി യോഗങ്ങൾ, വേദപഠനക്ലാസ്സ് എന്നിവ വിജയകരമായി നടക്കുന്നു. വൃക്കതകരാറിൽ ആയ ഏഴു വയസ്സുള്ള ജയ് തന്റെ പിതാവ് കനഹായുടെ പ്രാർത്ഥനയെ തുടർന്നു സൗഖ്യമായി. ലാലി ദേവി എണ്ണ എടുത്ത് തന്റെ മുഴയിലും കഴുത്തിലും പുരട്ടി പ്രാർത്ഥിച്ചപ്പോൾ ദൈവം അവളെ സൗഖ്യമാക്കി. പനിയെ തുടർന്നു രക്താണുക്കളുടെ അളവ് കുറഞ്ഞ അങ്കിതിനെ അവന്റെ അമ്മ ഉപവസിച്ചു പ്രാർത്ഥിച്ചതിനെ തുടർന്നു ദൈവം സൗഖ്യമാക്കി.

വിബിഎസിൽ സംബന്ധിച്ച കുട്ടികൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അവരിലൂടെ അവരുടെ കുടുംബാംഗങ്ങളും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഫുള്ളി ദേവിയെ പൈശാചിക ബന്ധനത്തിൽ നിന്നും ദൈവം വിടുവിച്ചു. പോലിസ് സേനയിൽ ചേരുന്നതിനു തയ്യാറെടുക്കുന്ന കാഞ്ചനയെ തിരഞ്ഞെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗർഭപാത്ര സംബന്ധമായ രോഗത്തിൽ നിന്നു മഞ്ജു ദേവിയെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 9 ആഗസ്റ്റ് ചൊവ്വ

### ജന്മദിനാശംസകൾ

ജോസഫിൻ ഷീബ

## ഉത്തർപ്രദേശ്

### ഗോണ്ട

**ഓംപ്രകാശ് ഗുപ്ത & തുമ്പ ചൗദരി**

ബോർഡ് പരീക്ഷ എഴുതിയ എല്ലാ കുട്ടികളും വിജയിച്ചു. ഗോണ്ട ബാലഭവനത്തിൽ പുതുതായി നിർമ്മിച്ച കുഴൽ കിണർ പ്രവർത്തന ക്ഷമമായി.

അവധി കഴിഞ്ഞ് എല്ലാ കുട്ടികളും മടങ്ങിവന്നു പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗോണ്ട ബാലഭവനത്തിലെ വസ്തു സംബന്ധമായി ലക്നൗ ഹൈക്കോടതിയിലുള്ള കേസിൽ നമുക്കനുകൂലമായ തീർപ്പുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. നട്, കാച്ചി എന്നീ ജാതിക്കൂട്ടങ്ങളെ ക്രിസ്തുവിനായി നേടേണ്ടതിനായി പ്രാർത്ഥിക്കുക.

### ഭാർത്ഥന

**സുരേഷ് മാൾട്ടോ & പ്രേമലത**

എട്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. പത്തു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 105 പുതിയ നിയമവും അഞ്ചു വേദപുസ്തകവും വിതരണം ചെയ്തു. 22 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. നാലു സ്ഥലങ്ങളിൽ സംഘടിതമായി സുവിശേഷീകരണ പ്രവർത്തനം നടത്തി. രണ്ടു സത്സാംഗ് പ്രോഗ്രാം നടത്തി. 29 ഗ്രാമങ്ങളിൽ നടത്തിയ വിബിഎസിൽ 448 കുട്ടികൾ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. ചെറു പ്രാർത്ഥനക്കൂട്ടവും വേദപഠന ക്ലാസ്സും ക്രമമായി നടക്കുന്നു. മൂന്നു സ്ഥലങ്ങളിൽ കുഴൽ കിണർ കുഴിച്ചു. വിജയ് കുമാറും ഒരു വിശ്വാസിയും സഞ്ചരിച്ച ഓട്ടോ മറിഞ്ഞപ്പോൾ ദൈവം അത്ഭുതകരമായി അവരെ സംരക്ഷിച്ചു.

വിബിഎസിൽ പങ്കെടുത്ത കുട്ടികളുടെ ഉള്ളിൽ വിതറിയ സുവിശേഷത്തിന്റെ വിത്തുകൾ ഫലം കായിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഫംഗസ് അണുബാധയിൽ നിന്നു നമ്മുടെ സുവിശേഷകന്റെ ഭാര്യ ആരതിയെ ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ സുവിശേഷകൻ ജയകരന്റെ ഭാര്യ രാധയുടെ തലയിലെ മുറിവ് സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. കാൻസർ രോഗത്തിൽ നിന്നു തേജ് സിങ്, ക്ഷയരോഗത്തിൽ നിന്നു റീന എന്നിവരെ ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജാഗ്രം കുടുംബത്തിനു ദൈവം ഒരു പൈതലിനെ നൽകി അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**10**
**ആഗസ്റ്റ്**
**ബുധൻ**

ഉപവാസ
പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

സൻമത മനോഹർ തനെ,
ഓം പ്രകാശ്

### ജിൻജക്

**സമരേന്ദ്ര സിങ് & സുഷ്മിത**

12 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 450 പുതിയ നിയമവും രണ്ടു വേദപുസ്തകവും വിതരണം ചെയ്തു. 22 ഗ്രാമങ്ങളിൽ നടത്തിയ വിബിഎസിൽ അനേക അക്രൈസ്തവ കുട്ടികൾ പങ്കെടുത്തു. അഷറാമിന്റെ മകനെ വലിയൊരു അപകടത്തിൽ നിന്നും ദൈവം വിടുവിച്ചു. ഭാബൻ പൂർ, ഭാദവാൽ എന്നീ ദൈവാലയ പരിസരത്തു രണ്ടു കുഴൽ കിണറുകൾ കുഴിച്ചു. മൂന്നു ഗ്രാമങ്ങളിൽ സത്സാംഗ് പ്രോഗ്രാം നടത്തി. കരിയൻവാല ഗ്രാമത്തിലെ മൂന്നു കുടുംബങ്ങൾ ഭോലനഗർ ആലയത്തിൽ പുതുതായി കടന്നു വന്നു സംബന്ധിക്കുന്നു.

ജോഗി, ബഞ്ചാര സമാജ് എന്നീ ജനവിഭാഗങ്ങളിലുള്ളവർ കൂട്ടത്തോടെ വിശ്വാസത്തിലേക്കു കടന്നു വരേണ്ടതിനായി പ്രാർത്ഥിക്കുക. ഭർത്താവിന്റെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന കാന്തിയുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. വിബിഎസിലൂടെ 800 കുട്ടികളെ കർത്താവിനായി നേടുന്നതിനായിട്ടുള്ള പദ്ധതി പ്രാവർത്തീകമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ സാമ്പത്തിക വർഷം 200 വ്യക്തികളെ രക്ഷയിലേക്കു നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മൂത്രാശയത്തിൽ കല്ലുള്ള റാണിയുടെയും മാനസിക രോഗിയായ പൂജയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## മദ്ധ്യപ്രദേശ്

### ദാബ്രെ

**സതികാന്ത് പരിച്ച & സാഗരിക പ്രധാൻ**

സുവിശേഷീകരണ പ്രവർത്തനം നടത്തിയ ഒരു ഗ്രാമത്തിൽ 250 വ്യക്തികൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 400 പുതിയ നിയമവും ഒരു വേദപുസ്തകവും വിതരണം ചെയ്തു. വിശാൽ ഭാത്തമും ഭാര്യയും സുവിശേഷ വേലക്കായി തങ്ങളെത്തന്നെ സമർപ്പിച്ചു. ഇവിടെ ഇലക്ഷൻ നടക്കുന്നതു നിമിത്തം നമ്മുടെ പ്രവർത്തനത്തിനു യാതൊരു തടസ്സവുമുണ്ടായിട്ടില്ല.

ധാഹൈ, സുൽത്താൻപൂർ എന്നീ ഗ്രാമങ്ങളിലെ വിശ്വാസികൾ ക്രിസ്തേശുവിലുള്ള വിശ്വാസത്തിൽ പുതുക്കം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സന്തോഷും ഭാര്യയും സുവിശേഷ വേലക്കായി തങ്ങളെ സമർപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിവാഹം കഴിഞ്ഞു ഒമ്പതു വർഷമായിട്ടും മക്കളില്ലാത്ത ദീപക്കിനും ഭാര്യക്കും മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശക്തമായ മഴ നിമിത്തം തടസ്സം നേരിട്ട കുഴൽ കിണറിന്റെയും ദൈവാലയത്തിന്റെ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 11 ആഗസ്റ്റ് വ്യാഴം

### പനസെമാൾ

**ഭാൻസിങ് എം വാസാവ & ജെമൻ**

ആറു വ്യക്തികൾ യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ചു. എട്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 12 ഗ്രാമങ്ങളിൽ സംഘടിപ്പിച്ച വിബിഎസ് 512 കുട്ടികൾക്കു പ്രയോജനപ്പെട്ടു. മാന്ദിനി ഗ്രാമത്തിലെ 28 വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. സ്മിത്തിയ ദാദയുടെ നട്ടെല്ലിലുണ്ടായ ട്യൂമർ പ്രാർത്ഥനയാൽ നിങ്ങിപ്പോയ്.

ഘാട്ടിയ, സാപ്, ഖാദ്കി, ഉമ്പർവേദ, കാവ്ദി, തീല്ല എന്നീ ഗ്രാമങ്ങളിലുള്ള സുവിശേഷ വിരോധികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. വൃക്കയുടെ പ്രവർത്തനം നിലച്ചതിനാൽ ജീവിതത്തിന്റെ അവസാന നാളുകളിലെത്തിയ ജെറിയ ദാദയുടെ അത്ഭുത സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**നേപ നഗർ: ജുബരാജ് ഭരതൻ & ഷീബ ജാസ്മിൻ**

രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ആറു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 2 വേദപുസ്തകം വിതരണം ചെയ്തു. നാലു ദിവസം തുടർച്ചയായി ഇക്കിളിനാൽ കഷ്ടപ്പെട്ട നന്ദ്കിഷോറിനു വേണ്ടി പ്രാർത്ഥിച്ച വേളയിൽ തന്നെ കർത്താവ് അവനെ സൗഖ്യമാക്കി. ശരീരമാസകലം മുറിവിനാൽ കഷ്ടപ്പെട്ട മകനു വേണ്ടി സലിത പ്രാർത്ഥിച്ചതിനാൽ ദൈവം മകനു പൂർണ്ണ സൗഖ്യം നൽകി.

പിന്മാറ്റത്തിലായിരുന്ന സോനാർ ബായി വിശ്വാസത്തിലേക്കു തിരികെ വരുന്നതിനായി പ്രാർത്ഥിക്കുക. ഈ വർഷം കൃഷിക്കാവശ്യമായ മഴ തക്ക സമയത്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഹൃദയസംബന്ധമായ രോഗത്താൽ വലയുന്ന ജണ്ഡലാലിന്റെ മാതാവ്, ഗോപാൽ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കരൾ വീക്കത്താൽ കഷ്ടപ്പെടുന്ന സിങ്ലു ബാബയുടെ വിടുതലിനായി പ്രാർത്ഥിക്കുക.

### പാൽ

**മഹെന്ദ്രൻ & പുഷ്പം**

ആറു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. രണ്ടു പുതിയ നിയമങ്ങൾ വിതരണം ചെയ്തു. പ്രാർത്ഥനയുടെ ഫലമായി കൃഷി ചെയ്യുന്നതിനായി രാജു എട്ട് ഏക്കർ സ്ഥലം സ്വന്തമാക്കി. കൈയ്യിൽ പൊട്ടലുണ്ടായ അഞ്ജലിയയെയും ശരീരമാസകലം പരുക്കൾ വന്ന മുനിബന്നിനെയും കർത്താവ് സൗഖ്യമാക്കി. റീന ബായിയുടെ ആട് കാണാതെ പോയി മൂന്നു ദിവസത്തിനു ശേഷം പ്രാർത്ഥനയുടെ ഫലമായി തിരികെ വന്നു.

അമ്പാനി ഗ്രാമത്തിലെ വിശ്വാസികളെ ഭീഷണിപ്പെടുത്തുകയും ആരാധനയെ തടസ്സപ്പെടുത്തുകയും ചെയ്യുന്ന ഫോറസ്റ്റ് ഉദ്യോഗസ്ഥന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. അർജുനന്റെ വലതു കാൽപാദത്തിൽ മാംസം വളരുന്നു, സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ദാരിദ്ര്യത്തിൽ കഴിയുന്ന സാക്കിയ ഗ്രാമത്തിലെ ജനങ്ങളുടെ ഭവനത്തിനു പട്ടയം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 12
## ആഗസ്റ്റ്
## വെള്ളി

### ജന്മദിനാശംസകൾ

ജ്യോതി മേരി ഹെലൻ മാംഗുന്ത,
മത്ഥിയാസ് മാൾട്ടോ

### ഖാൽവ

**ബിനീത് പ്രസാദ് ഭരതൻ &**
**അമോജിത**


രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 25 പുതിയ നിയമം വിതരണം ചെയ്തു. 41 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. രണ്ടു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. 80 പേർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. ശക്തമായ എതിർപ്പുകൾ ഉള്ള ചർക്കേദ, ബാദ, മോഹോല, ദഗാദ്ക്കുദ ബിച്ച് എന്നീ ഗ്രാമങ്ങളിൽ സുവിശേഷീകരണ പ്രവർത്തനം നടത്തി. ഖാലൽവ ദൈവാലയത്തിൽ നടത്തിയ രണ്ടു ദിവസത്തെ പ്രത്യേക യോഗത്തിൽ 100 പേർ പങ്കെടുത്തു. ദഗാദ്ക്കുത് ഗ്രാമത്തിൽ ചെറു പ്രാർത്ഥനക്കൂട്ടം രൂപീകരിച്ചു. ഗർഭപാത്രത്തിൽ ട്യൂമർ ബാധിച്ച ഉർമ്മിളയെ കർത്താവ് സൗഖ്യമാക്കി. പൈശാചിക ബന്ധനത്തിൽ നിന്നു ഉർമ്മിളയെയും മദ്യാസക്തിയിൽ നിന്നു അവളുടെ ഭർത്താവിനെയും അവരുടെ ഭവനത്തിൽ നടത്തിയ പ്രാർത്ഥനയാൽ ദൈവം വിടുവിച്ചു.


പുതുതായി രൂപീകരിച്ച പ്രാർത്ഥനക്കൂട്ടം നല്ലവണ്ണം പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുന്നതിനു പദ്ധതിയിട്ട യോഗങ്ങളും ശുശ്രൂഷകളും വിജയകരമായി നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. ചിക്കത്തലൈ, ജാംദാദ് എന്നീ ഗ്രാമങ്ങളിൽ ഈ സാമ്പത്തിക വർഷം ദൈവാലയം പണിയേണ്ടതിനായി പ്രാർത്ഥിക്കുക. മാറിടത്തിൽ കാൻസർ ബാധിച്ച പ്രമീളയെ കർത്താവ് സൗഖ്യമാക്കി. ജാഹോലബാബ, മാൻസറാം എന്നിവരെ തളർവാതത്തിൽ നിന്നും ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സംഗീത, രാധബായ് എന്നിവരെ പൈശാചിക ബന്ധനത്തിൽ നിന്നും വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നും രാധാസാം മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക.

### സർവ്വശക്തനായ ദൈവം!

മദ്ധ്യപ്രദേശിൽ നേപാ നഗർ മിഷൻ വയലിലെ തുകൈതാട് ഗ്രാമത്തിലെ ഗിരിജബായ് രാംകിഷോർ കഴിഞ്ഞ 12 വർഷമായി പൈശാചിക ബന്ധനത്താൽ കഷ്ടപ്പെടുകയായിരുന്നു. ഈ ദുരാത്മാവ് അവളെ മാത്രമല്ല ഉപദ്രവിച്ചത് മുഴുകുടുംബത്തെയും വലെച്ചു. രണ്ടു വർഷം മുമ്പ് അവരുടെ ഒമ്പതു വയസ്സുള്ള മകൻ ഒരു ഡാമിനു സമീപം കളിച്ചു കൊണ്ടിരിക്കയായിരുന്നു. ദുരാത്മാവ് അവനെ വെള്ളത്തിലേക്കു തള്ളിയിട്ടു അവൻ മുങ്ങിമരിച്ചു. ഗിരിജബായിയിലൂടെ ദുരാത്മാവ് അവളോടു പറയുമായിരുന്നു കുടുംബത്തെ മുഴുവൻ നശിപ്പിച്ചതിനു ശേഷമേ അതു വിട്ടു പോകയുള്ളു. അവരുടെ മകനെ കൊന്നതും ദുരാത്മാവാണെന്നു കുറ്റസമ്മതം നടത്തി. കുടുംബങ്ങൾ വല്ലാത്ത അവസ്ഥയിലായി അവരെല്ലാവരും ഭീതിയുടെ പിടിയിലായി. അവരുടെ ബന്ധുക്കൾ യേശുക്രിസ്തുവിനെ കുറിച്ചു അവരോടു പറഞ്ഞു. ജൂൺ 12 ന് ഗിരിജബായിയെ പ്രാർത്ഥനക്കായി നമ്മുടെ തുകൈതാഡ് ആരാധനക്കൂട്ടത്തിൽ കൊണ്ടു വന്നു. എല്ലാ വിശ്വാസികളും ഒരുമിച്ചു അവൾക്കു വേണ്ടി പ്രാർത്ഥിച്ചു. ആ യോഗത്തിൽ വെച്ചു തന്നെ ദൈവം അവളെ പൈശാചിക ബന്ധനത്തിൽ നിന്നും വിടുവിച്ചു. ഇപ്പോൾ അവർ കുടുംബമായി യേശുവിനെ ആരാധിക്കുന്നു. അവർ ക്രിസ്തേശുവിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക..

## 13 ആഗസ്റ്റ് ശനി

### ജന്മദിനാശംസകൾ

അശോക് നായക്ക്,
ജ്ഞാനശേഖരി ജോൺ ഡേവിഡ് രാജ്

### ദുൽക്കോത്

**ഐസക് & സീത**


നാലു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 11 പുതിയ നിയമങ്ങൾ വിതരണം ചെയ്തു. കുട്ടികളുടെ യോഗങ്ങൾ, രാത്രി യോഗങ്ങൾ എന്നിവ അനുഗ്രഹകരമായി നടത്തി. ഗർഭം ധാരണത്തിന്റെ ആറാം മാസത്തിൽ അമിത രക്തസ്രാവത്താൽ ഭാരപ്പെട്ട കരീനയെ വിശ്വാസികളുടെ ആത്മാർത്ഥമായ ഉപവാസത്താലും പ്രാർത്ഥനയാലും ദൈവം സൗഖ്യമാക്കി. ഉപവാസ പ്രാർത്ഥനയിൽ സംബന്ധിച്ച മനിഷിനെ അപസ്മാര രോഗത്തിൽ നിന്നും ദൈവം സൗഖ്യമാക്കി. വിഷപാമ്പിന്റെ കടിയേറ്റതിനെ തുടർന്നു ഛർദ്ദിക്കുകയും വിറയ്ക്കുകയും ചെയ്ത കെനാമിങിനു വേണ്ടി വിശ്വാസികൾ പ്രാർത്ഥിച്ചപ്പോൾ അവന്റെ ശരീരത്തിലെ വിഷമിറങ്ങി അവനു സൗഖ്യം ലഭിച്ചു. ബാസാലി ഗ്രാമത്തിലെ നാന്ലയെ മാനസിക രോഗത്താൽ അഞ്ചു വർഷത്തോളം പൂട്ടിയിട്ടിരുന്നു. ദൈവം പൈശാചിക ബന്ധനത്തിൽ നിന്നു അവനെ വിടുവിച്ചു.


ഗാദി, ചാമേലി, കാലികിരാട്, ബൗത്തി, സിന്ദ്ക്കേദ, റെങ്ക, ജൈയ്ത്തിലി, ഭിലോദി, അമ്പ കോളനി എന്നീ ഗ്രാമങ്ങളിൽ വിവിധ കാരണങ്ങളാൽ നിർത്തിവെക്കേണ്ടി വന്ന യോഗങ്ങൾ പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളുടെ മദ്ധ്യേ വിഭാഗികത ഉരുവാക്കുകയും നമ്മുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുകയും ചെയ്യുന്ന നമ്മുടെ മുൻ സുവിശേഷകന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ഗൗത്തി ആരാധനക്കൂട്ടത്തിലെ ആരാധന യോഗം പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആഭിചാര ക്രിയകൾ ചെയ്യുന്ന റാഗ ബായി & ജുഗ്ലിബായ്, ധൻസിങ് & കാലുമത എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ചോട്ടിബായ്, അമല്യയാപൻ, ദെഹ്മാനിയ, പിപാലയ എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നു മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. മാനസിക രോഗം നിമിത്തം സ്വന്ത കുഞ്ഞിനു പാലു പോലും കൊടുക്കുവാൻ കഴിയാത്ത യുവ മാതാവ് ലുദി ബായിയുടെ വിടുതലിനായി പ്രാർത്ഥിക്കുക. സഭാ മൂപ്പനായ സുഭ സിങ് ഭയത്തിൽ നിന്നും മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക.

### ദൈവം ശ്രേഷ്ഠ സൗഖ്യദായകൻ !

പശ്ചിമ ബംഗാളിൽ സാംസി മിഷൻ വയലിലുള്ള ഗീതൽപൂർ ഗ്രാമത്തിലെ രൂപലാൽ അക്രൈസ്തവനാകുന്നു. തന്റെ ഇടതു കൈയ്യിൽ ഉണ്ടായ അണുബാധയാൽ അവൻ കഷ്ടപ്പെടുകയായിരുന്നു. കൈയിൽ നല്ല നീരും മുറിവിൽ നിന്നു പഴുപ്പും വന്നു കൊണ്ടിരുന്നു. എല്ലാ ചികിത്സകളും വ്യർത്ഥമായി. അവന്റെ മാതാപിതാക്കൾ നമ്മുടെ സുവിശേഷ സംഘത്തെ പ്രാർത്ഥിക്കുവാനായി ക്ഷണിച്ചു. അവർ അവന്റെ കൈമേൽ എണ്ണ പൂശി പ്രാർത്ഥിച്ചു. അന്നു തന്നെ അവന്റെ കൈയ്യിലെ മുറിവ് സൗഖ്യമായി. അവർ കർത്താവിന്റെ സ്നേഹം കൂടുതലായി അറിയുന്നതിനു താൽപര്യം പ്രകടിപ്പിക്കുന്നു.

**14**
**ആഗസ്റ്റ്**
**ഞായർ**

## ജന്മദിനാശംസകൾ

ചാൾസ് ചെല്ലകുമാർ,
ധ്രുബരാജ് ബബർത്ത
സോഫിയ ദാനിയേൽ രാജാമണി

## ബീഹാർ

### റാണിഗഞ്ച്

**ജോൺ & സെലീന ജോയ്സ്**

മഹിഷി, ദംസാനിയ എന്നീ ഗ്രാമങ്ങളിൽ ഞായറാഴ്ച ആരാധന ആരംഭിച്ചു. ഗോവിന്ദപൂറിൽ രാത്രി യോഗം നടത്തി. അഞ്ചു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. പരദേശി ബിന്ദുവിനെ അജ്ഞാത രോഗത്തിൽ നിന്നു ദൈവം വിടുവിച്ചു.

പുതിയ വിശ്വാസിയായ പൂജ ദേവി സ്വമേധയ ഒട്ടൈ ഗ്രാമത്തിൽ സുവിശേഷീകരണ പ്രവർത്തനം നടത്തി, അനേകർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. ഗോപിന്ദാപൂർ ഗ്രാമത്തിലെ രാത്രി യോഗത്തിൽ മൂന്നു കുടുംബം പതിവായി സംബന്ധിക്കുന്നു. ബിജയ് മഹത്തോയുടെ വസ്തു സംബന്ധമായ തർക്കം പരിഹരിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറിമാരും സുവിശേഷകരും വള്ളത്തിൽ കോഷ് നദി കടക്കുന്ന വേളയിൽ ദൈവം അവരെ സുരക്ഷിതമായി പരിപാലിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷീകരണ പ്രവർത്തനത്തിൽ മിഷനറിമാരെ സഹായിക്കുന്ന ദീപനാരായണൻ, മിത്തലേശ് എന്നിവരുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക.

### ഒരു തെറ്റ്!

മഹാരാഷ്ട്രയിൽ ജിമ്മലഗാട്ട മിഷൻവയലിലെ പെർക്കബട്ടി ഗ്രാമത്തിലാണ് സുനിത മാധവി പാർക്കുന്നത്. അവൾ മാഡിയ ഗോണ്ട് ജാതി സമൂഹത്തിലുള്ളവളാകുന്നു. അവൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. അവളുടെ കുടുംബാംഗങ്ങളോടെ കൂടി അവൾ വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. യേശുവിൽ വിശ്വസിക്കുന്നതിനു മുമ്പ് അവൾക്കു മദ്യപിക്കുന്ന സ്വഭാവം ഉണ്ടായിരുന്നു. വിശ്വാസത്തിൽ വന്നതിനു ശേഷം അതു പാടില്ല എന്നു പഠിപ്പിച്ചു. അതിനെ തുടർന്നു മുഴുവൻ കുടുംബവും മദ്യത്തിന്റെയും പുകയിലയുടെയും ഉപയോഗം നിർത്തി. ഒരുനാൾ അവളുടെ ഉറ്റ സുഹൃത്തുക്കളിൽ ഒരാൾ മദ്യപിക്കുവാൻ അവളെ പ്രേരിപ്പിക്കുകയും അവൾ കുടിക്കുകയും ചെയ്തു. കുടുംബാംഗങ്ങൾ അവൾക്കു കർക്കശമായ താക്കീത് നൽകി അവളെ ശാസിച്ചു. അതിനെ തുടർന്നു മാനസിക സമ്മർദ്ദത്തിലായ അവൾ വിഷം കുടിച്ചു. അബോധാവസ്ഥയിലായ അവളെ രക്ഷിതാക്കൾ ജിമലഗാട്ട ആശുപത്രിയിൽ എത്തിച്ചു. അവളുടെ സഹോദരൻ മിഷനറിയെ ഈ വിവരം അറിയിച്ചു. അവളെ ആശുപത്രിയിലേക്കു കൊണ്ടു പോയ വേളയിൽ മിഷനറി അവിടെയുള്ള ക്രിസ്ത്യാനിയായ ഡോക്ടറെ ഫോണിൽ വിളിച്ചു ചികിത്സക്കു വേണ്ട ക്രമീകരണം ചെയ്തു. ഡോക്ടർ ആവശ്യമായ ചികിത്സ നൽകിയതിനു ശേഷം കൂടുതൽ മെച്ചമായ ചികിത്സക്കായി താലൂക്ക് ആശുപത്രിയിലേക്കു കൊണ്ടു പോകുവാൻ ആവശ്യപ്പെട്ടു. എന്നാൽ അവർ അതിനു തുനിയാതെ മിഷനറിയോടു പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു. അങ്ങനെ ആ രാത്രി മുഴുവൻ അവളുടെ സൗഖ്യത്തിനായി അവർ പ്രാർത്ഥിച്ചു കൊണ്ടിരുന്നു. ദൈവം അവരുടെ പ്രാർത്ഥന കേട്ടു അവളെ സമ്പൂർണ്ണമായി വിടുവിച്ചു. ദൈവത്തിനു സ്തോത്രം!

**15**
**ആഗസ്റ്റ്**
**തിങ്കൾ**

## ജന്മദിനാശംസകൾ

ഹെബ്സിബ ശാമുവേൽ,
ജാൻസി റോബിൻസൺ,
മഗ്ദലിൻ ഗ്രേസ് ഐസക്,
ദുലാന്തി റിയാങ്

## ജാർഖണ്ഡ്

### ഈസ്റ്റേൺ റീജിയൻ വികസനം

**ജോൺസൺ രാജദുരൈ & വിനോദിനി ജോൺസൺ**

വിവിധ രോഗത്താലും വിഷ പ്രാണികളുടെ ശല്യത്താലും കഷ്ടപ്പെട്ടിരുന്ന ശിശു പരിപാലന കേന്ദ്രത്തിലുള്ള കുഞ്ഞുങ്ങളെ കർത്താവ് സംരക്ഷിച്ചു. 16 ഗ്രാമങ്ങളിലെ ശിശു സാക്ഷരത യജ്ഞം ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിച്ചു. വയോജന വിദ്യാഭ്യാസ പദ്ധതി 28 യുവജനങ്ങൾക്കു പ്രയോജനപ്പെട്ടു.

16 ഗ്രാമങ്ങളിലെ കുട്ടികൾക്കു സാക്ഷരത നൽകുന്ന പ്രോഗ്രാമിന്റെ ഭാഗമായ രണ്ടാം സംഘത്തെ തിരഞ്ഞെടുക്കുന്ന പ്രാരംഭ നടപടികൾ വിജയകരമായി പൂർത്തീകരിച്ചു. വേദപുസ്തകം വായിക്കുന്നതിനും പാട്ടുപുസ്തകം ഉപയോഗിക്കുന്നതിനും യൗവ്വനക്കാരായ വിശ്വാസികളെ പ്രാപ്തരാക്കുക എന്ന് മുഖ്യ ലക്ഷ്യത്തെ ദൈവം ആശീർവദിക്കേണ്ടതിനായി പ്രാർത്ഥിക്കുക. KG, ഒന്നാം സ്റ്റാൻഡേർഡ് എന്നീ തലത്തിലുള്ള വിദ്യാർത്ഥികൾ മാൾട്ടോ, ഇംഗ്ലീഷ്, ഹിന്ദി എന്നിവ പത്തു മാസത്തിനുള്ളിൽ പഠിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ പ്രോഗ്രാമിലൂടെ മൂന്നു വർഷത്തിനുള്ളിൽ 3000 കുട്ടികൾക്കു പ്രയോജനകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിലായിരുന്നവരെ വീണ്ടെടുക്കുന്നതിനുള്ള പദ്ധതികൾ ഉരുവാക്കേണ്ടതിനായി പ്രാർത്ഥിക്കുക. കൃഷിക്കാർക്കായുള്ള പരിശീലനം, തൊഴിൽ പരിശീലനം, ഉപജീവന മാർഗ്ഗത്തിനായി മുളകൾ കൊണ്ടു പലവിധ സാധനങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം തുടങ്ങിയവ പൂർത്തീകരിച്ച 10 ക്ലാസ്സിലെയും പന്ത്രണ്ടാം ക്ലാസ്സിലെയും കുട്ടികൾക്കായി (ഈ വർഷം 77 കുട്ടികൾ പൂർത്തീകരിച്ചു.) നടത്തിയ മത്സരത്തിൽ മാൾട്ടോ യുവജനങ്ങൾ വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭർത്താക്കന്മാരെ നഷ്ടപ്പെട്ട 2000 മാൾട്ടോ സ്ത്രീകളുടെ ഉപജീവനത്തിനായി ആട്, കോഴി, പന്നി, തുടങ്ങിയ വളർത്തു മൃഗങ്ങളെ നൽകി. ജീസസ് ഫിലിം പ്രദർശിപ്പിക്കുന്നതിനും 600 ഗ്രാമങ്ങളിൽ ബോധവത്കരണ പ്രോഗ്രാം സംഘടിപ്പിക്കുന്നതിനുമായി ഒരു ടീമിനെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രാജ്മഹാൾ വികാസ് സമതി സത്യസന്ധമായി ഗവൺമെന്റ് വികസന പ്രോഗ്രാമുകൾ ജനങ്ങളിൽ എത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കൃഷിക്കു സഹായകരമായ കൈപുസ്തകം, ബാന്നറുകൾ, വീഡിയോ പ്രോഗ്രാമുകൾ, അനുധാവന പ്രവർത്തനത്തിനു സഹായകരമായ വസ്തുതകൾ (പരദേശി മോക്ഷയാത്ര പോലെയുള്ളവ) മാൾട്ടോ ഭാഷയിൽ ലഭ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. രാജമഹാൾ മലനിരകളിൽ പാർക്കുന്ന മാൾട്ടോ ജനങ്ങളുടെ ഉപജീവന മാർഗ്ഗം വർദ്ധിപ്പിക്കുന്നതിനായി കൈക്കൊണ്ട മാർഗ്ഗങ്ങൾ വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാർഷിക വിളകൾ, മൃഗ സമ്പത്ത്, ചെറുകിട വ്യവസായത്തിൽ നിന്നുള്ള ഉല്പന്നങ്ങൾ എന്നിവക്കു നല്ല ഫലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജലസേചനം, കൃഷി ഭൂമിയുടെ വികസനം, കുടിവെള്ള പദ്ധതി തുടങ്ങി പ്രകൃതി വിഭവങ്ങളുടെ വികസനത്തിനു ഗവൺമെന്റിൽ നിന്നു നല്ല സഹായം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

മേരി സെബാസ്റ്റ്യൻ

**മൺട്രോ**

**മിർജ്യോ കിസ്കു & സെലീന ഹസ്ത**

എട്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ആറു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 16 സ്ഥലത്തു രാത്രി യോഗങ്ങൾ നടത്തി. സഭൂമൂപ്പന്മാരുടെ യോഗം, യുവജന യോഗം, ചെറു പ്രാർത്ഥന ക്കൂട്ടം എന്നിവ വിഘ്നങ്ങളില്ലാതെ നടത്തി. ദാവൂദ് മാറൈയ കുടുംബം അനേക അക്രൈസ്തവരെ തങ്ങളുടെ ഭവനത്തിലേക്കു ക്ഷണിച്ചു വരുത്തി സുവിശേഷം അറിയിച്ചു. വിഷപാമ്പിന്റെ ദംശനമേറ്റ തലക്കുറി ബസ്രയെ കർത്താവ് സൗഖ്യമാക്കി. പ്രസവ വേദനയെ തുടർന്നു രക്തസമ്മർദ്ദം ഉയർന്നപ്പോൾ ചികിത്സിച്ച നേഴ്സുമാർ റീന കോറിനെ 60 കിലോമിറ്റർ അകലെയുള്ള ആശുപത്രിയിലേക്കു കുഴികൾ നിറഞ്ഞ റോഡിലൂടെ കൊണ്ടുപോകുവാൻ നിർദ്ദേശിച്ചു. എന്നാൽ അവർ ഒരുമിച്ചു പ്രാർത്ഥിച്ചപ്പോൾ ഒരു ആശുപത്രിയിലും കൊണ്ടുപോകാതെ റീന ഒരു പൈതലിനു ജന്മം നൽകി.

ചാരായം വാറ്റുന്ന മർക്കൂസും കുടുംബവും മാനസാന്തരപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. മൂന്നു മാസം മുമ്പ് ഉണ്ടായ ഭാര്യയുടെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന രാജേഷിന്റെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. തലച്ചോറിൽ രക്തം കട്ടപിടിച്ചതിനെ തുടർന്നു മാനസീകമായി വിഷാദത്തിലായ രാജേഷിന്റെ സൗഖ്യത്തനായി പ്രാർത്ഥിക്കുക. നിർമ്മൽ ടുഡു ക്ഷയരോഗത്താലും പ്രമേഹത്താലും കഷ്ടപ്പെടുന്നു. ദിനേശ് ചന്ദ്ര ഹെർമ്മം എല്ലാ ദുഷിച്ച കൂട്ടുകെട്ടും മദ്യപാന സ്വഭാവവും ഉപേക്ഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ലാൽമട്ടിയ**

**അമരേന്ദ്രൻ & സ്വേത**

അഞ്ചു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പെട്ടെന്നു കൈകളുടെ ചലന ശേഷി നഷ്ടപ്പെട്ട ചോട്ടോരി ടുഡുവിനെ കർത്താവ് സൗഖ്യമാക്കി. ഒരു കുടുംബം സ്വമേധയാൽ സുവിശേഷ വേലയിൽ നമ്മെ സഹായിക്കുന്നു.

ഈ മിഷൻ വയലിലുള്ള എല്ലാ ഗ്രാമങ്ങളിലും ആത്മീക ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. ഫിലിം പ്രദർശനം നടത്തുന്നതിനുള്ള തടസ്സങ്ങൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. ബബിതയുടെ മാതാവിനു നിവർന്നു നിൽക്കുവാൻ കഴിയുന്നില്ല സൗഖ്യത്തിനായി പ്രാർത്ഥിക്കുക. താല ടുഡുവിന്റെ പഴകിയ വൃണം സൗഖ്യമാകേണ്ടതിനായും യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായും പ്രാർത്ഥിക്കുക. വിശ്വാസിയായ സൻജിലി ഒമ്പതു മാസമായി കാലിലുണ്ടായ ഒടിവിനാൽ കഷ്ടപ്പെടുന്നു. കുടുംബാംഗങ്ങൾ അവന്റെ വിശ്വാസം നിമിത്തം അവനെ ഉപദ്രവിക്കുന്നു.

**17**
**ആഗസ്റ്റ്**
**ബുധൻ**

ഉപവാസ
പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

നാഗൈ തിയാങ്ങ്ചിങ്ങ് ഹൗസെൽ

**തീൻപഹാട് & ഭഗ്യ**

**ജപകുമാർ & പൊൻലത,**
**നെഹമ്യാവ് & അനാമിക**

നമ്മുടെ വിശ്വാസിയായ മസൂരിയ ഗ്രാമത്തിലെ വിശ്വാസി നിരഞ്ജൻ കൽക്കോയെ ഈ മിഷൻ വയലിൽ നിന്നുള്ള മൂന്നാമത്തെ മിഷനറിയായി തിരഞ്ഞെടുത്തു. നമ്മുടെ പ്രാദേശിക സുവിശേഷകൻ ആൽബർട്ട് ഗുജൂറിന്റെ ഹെർണിയ ഓപ്പറേഷൻ വിജയകരമായി നടത്തി. കോറോണ നിമിത്തം പഠനം നിർത്തിയ നമ്മുടെ കുട്ടികൾക്കു പഠനം തുടരുന്നതിനു വീണ്ടും പ്രവേശനം ലഭിക്കുന്നതിനു കർത്താവ് സഹായിച്ചു. ചാവ്റി ആരാധന സമൂഹത്തിനു ദൈവാലയത്തിലേക്കു പോകുന്നതിനു നല്ല വഴിയില്ല. അതുകൊണ്ട് അവർ ചുറ്റി വളഞ്ഞാണ് ദൈവാലയത്തിലേക്കു വന്നത്. ഭൂമിദാനം നൽകിയ ആൽബർട്ട് ഗുജൂറും സഹോദരനും തമ്മിലുള്ള തർക്കത്തിനു പരിഹാരം ഉണ്ടായതിനെ തുടർന്നു നമുക്കു പ്രധാന റോഡിൽ നിന്നു ദൈവാലയത്തിലേക്കു വഴി ലഭിച്ചു. മസുറീയ, ബത്താല, ഗുരുപതി, പെയ്സ് എന്നീ ഗ്രാമങ്ങളിൽ ദൈവാലയം പണിയുന്നതിനു വിശ്വാസികൾ മുന്നോട്ടു വന്നു. മഗാത്തോ, മുസാഗർ, മുണ, ദാസ് എന്നീ ജാതിക്കൂട്ടങ്ങൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു.

ആൽബർട്ട് ഗുജൂർ വേഗത്തിൽ പൂർണ്ണ സൗഖ്യം പ്രാപിച്ചു ആവേശ പൂർവ്വം സുവിശേഷ വേല ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക. മാധൻസാഹി ഗ്രാമത്തിലെ ദൈവാലയ നിർമ്മാണം വേഗത്തിൽ പൂർത്തീകരിച്ചു സമർപ്പണ ശുശ്രൂഷ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. ബാലഭവനത്തിൽ താമസിച്ചു ഗവൺമെന്റു സ്കൂളുകളിൽ പഠിക്കുന്ന വിശ്വാസികളുടെ മക്കൾക്കു മെച്ചമായ വിദ്യാഭ്യാസം ലഭിക്കുന്നില്ല. പൂർണ്ണ സമയ സുവിശേഷ വേലക്കായി സമർപ്പിച്ച രാജേന്ദ്ര ഗിസ്ബോട്ട, രവീന്ദർ ഗുജൂർ, സുഖ്ദേവ് ടിർക്കി, റാം എക്ക, രാജേഷ് ലക്കട, സുനിൽ കുമാർ എന്നിവരുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക.

### ദൈവത്തിന്റെ വഴികൾ അഗോചരം

ജാർഖണ്ഡിൽ മൺട്രോ മിഷൻ വയലിലുള്ള ഇതഹാരി ഗ്രാമത്തിലാണ് ദുലാരി കുമാരിയും സോണി കുമാരിയും പാർക്കുന്നത്. അവർ രണ്ടു പേരും ഒരു ദിവസം മാനസിക രോഗികളായി. ഇരുവരെയും പ്രാർത്ഥനക്കായി സുവിശേഷകരുടെയും സഭാമൂപ്പന്മാരുടെയും അടുക്കൽ കൊണ്ടുവന്നു. പ്രാർത്ഥന വേളയിൽ സുവിശേഷകൻ അവരോടു യേശു കർത്താവേ എന്നെ സൗഖ്യമാക്കണമേ എന്നു അപേക്ഷിക്കുവാൻ ആവശ്യപ്പെട്ടു. അവരിൽ ഒരാൾ വായ് തുറന്നില്ല. എന്നാൽ അടുത്തയാൾ ചിരിക്കുവാൻ തുടങ്ങി. പിന്നീട് നമ്മുടെ സുവിശേഷകർ അവർക്കു വേണ്ടി ആത്മാർത്ഥതയോടെ മണിക്കൂറുകൾ പ്രാർത്ഥിച്ചു. അതിനെ തുടർന്നു അവർ ക്ഷീണിതരായി തളർന്നു വീണു. അവർക്കു ബോധം തിരികെ ലഭിച്ചപ്പോൾ അവർ സൗഖ്യത്തോടെ എഴുന്നേറ്റു. സംസാരിക്കുവാൻ ആവശ്യപ്പെട്ടപ്പോൾ സംസാരിക്കാതെ ഇരുന്നത് എന്ത് എന്നു ചോദിച്ചപ്പോൾ അവർ സംസാരിക്കുവാൻ ആഗ്രഹിക്കുന്നില്ലെന്നു മറുപടി പറഞ്ഞു. അവർ യേശുവിൽ വിശ്വസിക്കുവാൻ തുടങ്ങി. അവർ കുടുംബത്തോടു കൂടെ സഭായോഗത്തിൽ പതിവായി സംബന്ധിക്കുവാൻ തുടങ്ങി. മുഴു കുടുംബവും യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുവാൻ ദൈവം അവരെ ശക്തരാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 18
### ആഗസ്റ്റ്
### വ്യാഴം

## ജന്മദിനാശംസകൾ

ഗീതാ കെന്നത്,
മെൽബിൻ റെജിനി സുന്ദർ,
അഖിലേശ് കുമാർ
മേരി നെങ്നെയ്കിം ഖൊങ്സായ്

### സന്താളി LTI & കദുവ

**സുന്ദർദുരൈ & മെൽബിൻ**

കഴിഞ്ഞ മാസം അഞ്ചു ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുവാൻ സാധിച്ചു. മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അഞ്ചു വേദപുസ്തകം വിതരണം ചെയ്തു. നവജിവൻ സേവ മണ്ഡൽ 80 കുടുംബങ്ങൾക്കു റേഷൻ വിതരണം ചെയ്തു. ഇവിടെ നടത്തിയ സുവിശേഷ യോഗത്തിൽ 800 വിശ്വാസികൾ പങ്കെടുത്തു. സ്തോത്രകാഴ്ചയായി 40,000 രൂപ ലഭിച്ചു. വിബിഎസ് ശുശ്രൂഷയിലൂടെ 7000 കുട്ടികളോടു സുവിശേഷം പ്രഘോഷിച്ചു. രണ്ടു ദിവസത്തെ ഉപവാസ പ്രാർത്ഥനയിൽ 250 വിശ്വാസികൾ സംബന്ധിച്ചു. വയോജന വിദ്യാഭ്യാസ പദ്ധതിയിലൂടെ 72 പേർ അക്ഷരജ്ഞാനം അഭ്യസിക്കുന്നു. ഇവരിൽ 17 പേർ സ്കൂളിൽ പോകാത്തവരാകുന്നു. പെട്ടെന്നു കുഴഞ്ഞു വീണു കാഴ്ച ശക്തി നഷ്ടപ്പെട്ട പ്രേം ലത ഹസ്താക്കിന്റെ കണ്ണുനീരോടു കൂടിയുള്ള പ്രാർത്ഥന കേട്ടു ദൈവം അവളെ സൗഖ്യമാക്കി.

ഹൃദയ സ്തംഭനത്താൽ മരണമടഞ്ഞ ലാസർ മുർമ്മുവിന്റെ കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ പ്രാദേശിക സുവിശേഷകൻ തീമോത്തി മാൾട്ടോയെ ഹെർണിയ രോഗത്തിൽ നിന്നും ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ അനേക വിശ്വാസികൾ അപ്സമാര രോഗത്താൽ വലയുന്നു. ഇവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഒരു കാൽ നഷ്ടപ്പെട്ട പുതുതായി വിശ്വാസത്തിലേക്കു വന്ന അനിൽ ബസ്കി ഒരു ചെറു കട നടത്തി ഉപജീവന മാർഗ്ഗം തേടുന്നു. ഇദ്ദേഹത്തെ ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## പശ്ചിമ ബംഗാൾ

### ഹൽദിബാരി

**അനിൽ കുമാർ ബിസോയ് & ആലീസ്**

നാലു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. അഞ്ചു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. 30 പുതിയ നിയമങ്ങൾ വിതരണം ചെയ്തു. മൂന്നു ഗ്രാമങ്ങളിൽ രാത്രിയോഗങ്ങൾ വിജയകരമായി നടത്തി.

യേശുവിൽ വിശ്വസിക്കുന്ന രാജബോൻഷി ജനങ്ങൾ ക്രിസ്തുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറാകുന്നില്ല. അനുധാവന പ്രവർത്തനം നടത്തിയ ഗ്രാമത്തിലെ ജനങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജനങ്ങളെ ബന്ധിച്ചു നിർത്തിയിരിക്കുന്ന ദുരാത്മാവിന്റെ ബന്ധനത്തിൽ നിന്നും അവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

സൂസമ ഹരമോഹൻ,
സുസ്മിത സമരേന്ദ്ര സിങ്

### ഇതാഹാർ

**അഷ്ടബൻ ആദിത്യ കുമാർ ലിമ & മാനിനി കുമാരി**


ആറു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 118 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. 14 പേർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. രണ്ടു ആരാധനക്കൂട്ടങ്ങൾ ആരംഭിച്ചു. രക്തം ശർദ്ദിച്ച അഞ്ജലി ഹസ്താക്കിനെ കർത്താവ് സൗഖ്യമാക്കി. ഈ മിഷൻ വയലിലെ പ്രവർത്തനത്തിനായി ഒരു മിഷനറി കുടുംബവും സ്വദേശ സുവിശേഷകകനും കടന്നു വന്നു.


പുതിയ വിശ്വാസികൾ ആത്മീക വളർച്ച പ്രാപിക്കേണ്ടതിനും അവരുടെ ബന്ധുമിത്രാദികളോടു സുവിശേഷം പങ്കുവെക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. തളർവാതത്തിൽ നിന്നു ബാഹ സൊറനെയും ബുത്ത് മാറാണ്ടിയെയും കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. മോനിക്ക സൊറൻ, സിറു സൊറൻ, റങ്കീൽ സൊറൻ, ലുക്കി മുർമ്മു, അർജുൻ മാറാണ്ടി, സജ്ജൈ മാറാണ്ടി എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ചെറു പ്രാർത്ഥനക്കൂട്ടം നേതാക്കന്മാരുടെ ഇടയിൽ ഭംഗിയായി നടക്കേണ്ടതിനും അവർ അനേകർക്കു സാക്ഷികളാകേണ്ടതിനുമായി പ്രാർത്ഥിക്കുക.

### സാംസി

**ദീപ് രത്ന & മിഥ്‌ലേശ്**


ഒമ്പതു ഗ്രാമങ്ങളിൽ സംഘമായി സുവിശേഷ വേല ചെയ്തു. 28 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. രണ്ടു സ്ഥലത്തു പുതിയ പ്രാർത്ഥനക്കൂട്ടം ഉരുവാക്കി. ഒരിടത്തെ പ്രാർത്ഥനക്കൂട്ടം പുനരാരംഭിച്ചു. വിശ്വാസികളുടെ ക്യാമ്പ്, ചെറു പ്രാർത്ഥനക്കൂട്ടം, സുവിശേഷകരുടെ വേദപഠന ക്ലാസ്സ് എന്നിവ വിജയകരമായി സംഘടിപ്പിച്ചു. നമ്മുടെ വിശ്വാസികളുടെ മക്കളായ ശമുവേൽ, സോന എന്നിവർക്കു 11 ക്ലാസ്സിലേക്കു പ്രവേശനം സൗജന്യമായി ലഭിച്ചു. അവിടെത്തന്നെ പന്ത്രണ്ടാം ക്ലാസ്സും പഠിക്കുവാൻ സൗകര്യമുണ്ട്. ജുമുറി മാറാണ്ടിയുടെ നാലു ആടുകൾ കാണാതെ പോയി രണ്ടു ദിവസത്തിനു ശേഷം പ്രാർത്ഥനയാൽ തിരികെ ലഭിച്ചു. ഏഴു വർഷത്തെ തുടർമാനമായ പ്രാർത്ഥനയുടെ ഫലമായി ലുപൗങ് ഗ്രാമത്തിൽ സുവിശേഷത്തിനായുള്ള വാതിൽ തുറന്നുകിട്ടി.


സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന ജമാൽപൂർ ഗ്രാമത്തിലെ മൂന്നു കുടുംബം, സുധ, ബദ്ക്കു മാറാണ്ടി, തുളസി മാറാണ്ടി എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മഴക്കാലത്തു ദൈവത്തെ ആരാധിക്കുന്നതിനു പ്രയാസം നേരിടുന്ന വാറി ഗ്രാമത്തിൽ വേഗത്തിൽ ഒരു ദൈവാലയം പണിയേണ്ടതിനായി പ്രാർത്ഥിക്കുക. ബീഹാറിന്റെ അതിർത്തി പ്രദേശങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിക്കുന്നതിനുള്ള പദ്ധതി വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന സജ്ജലി സ്വറന്റെ കുടുംബത്തിലൂടെ ജിത്താൽപൂർ ഗ്രാമത്തിൽ ആരാധനക്കൂട്ടം ഉരുവാക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

യിസ്രായേൽ ദാനിയേൽ പി,
ഇമ്മാനുവേൽ മുർമ്മു,
നീരു ബൻ സോമാ ബായി

### താപാൻ

**കിങ്സ്ളി ലിവിങ്സ്റ്റൺ & ഡെൽഫിൻ**

ഒരു ഗ്രാമത്തിൽ സുവിശേഷം അറിയിച്ചു. രണ്ടു രാത്രി യോഗങ്ങളും മൂന്നു സ്ഥലങ്ങളിൽ ഫിലിം പ്രദർശനവും നടത്തി. ഇവിടെ നടത്തിയ വിബിഎസിൽ 75 കുട്ടികൾ പങ്കെടുത്തു. പ്രസവത്തോടനുബന്ധിച്ചുണ്ടായ അമിത രക്തസ്രാവത്താൽ ഗുരുതരാവസ്ഥയിലായ റീന സൊറനെ ദൈവം വിടുവിച്ചു.

സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന നുറുൾ, നെഹമ്പ, താപ്പാൻ എന്നീ ഗ്രാമങ്ങളിൽ പാർക്കുന്ന മാലിൻ ടുഡു, ജിത സൊറൻ, സുൻജിത് സൊറൻ, സിബലാൽ സൊറൻ, സോം സൊറൻ, സോനതാൻ ടുഡു, സുജലാൽ ടുഡു, സുധീർ സൊറൻ എന്നീ കുടുംബങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നുറുൾ ഗ്രാമത്തിൽ പണി ആരംഭിച്ച താൽക്കാലിക ദൈവാലയത്തിന്റെ പണി വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന ഫിലിം പ്രദർശനം, ഭവന പ്രാർത്ഥനകൾ, സംഘടിതമായ സുവിശേഷീകരണ യജ്ഞം, വിശ്വാസികൾക്കായുള്ള ക്യാമ്പ്, എന്നീവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. കണ്ണിനുണ്ടായ നീർവീക്കത്തിൽ നിന്നു ദരിയുത് മാർദിയെയും അപസ്മാര രോഗത്തിൽ നിന്നു റജിന മാർദിയെയും 12 വർഷത്തിലധികമായി കണ്ണിലുണ്ടായ അണുബാധയാൽ കഷ്ടപ്പെടുന്ന ലോതിക സൊറനെയും കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദുരാത്മാവിന്റെ ഭീതിയിൽ നിന്നു ദെബു സൊറനെ ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മഹിപൂർ ഗ്രാമത്തിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഗംഗരാമ്പൂർ

**ഡിഹെ & ചരണി**

നാലു ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചു. 12 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഒമ്പതു പുതിയ നിയമവും മൂന്നു വേദപുസ്തകവും കർത്താവ് വിതരണം ചെയ്തു. 11 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. മൂന്നു കുടുംബങ്ങൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. ആത്മാക്കളെ ആദായപ്പെടുത്തുന്നവർക്കായി സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ 26 പേർ പങ്കെടുത്തു. 20 വ്യക്തികൾ മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിക്കുന്നതിന്നും അനേകരെ ക്രിസതുവിനായി നേടുന്നതിനുമായി തങ്ങളെത്തന്നെ സമർപ്പിച്ചു.

പുതിയ വിശ്വാസികളായ സോം സൊറൻ, സെന്തു സൊറൻ, മൊസിലാൽ ടുഡു എന്നീ കുടുംബങ്ങൾ ക്രിസ്തേശുവിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. പനപാക്കൂർ ഗ്രാമത്തിൽ ഒരു താല്കാലിക ദൈവാലയം പണിയേണ്ടതിനായി പ്രാർത്ഥിക്കുക. ഇവിടെയുള്ള വിശ്വാസികൾ സ്വന്തക്കാരോടും ബന്ധുക്കളോടും സുവിശേഷം പങ്കുവെക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

എമി ആനന്ദി

## അസം

**ജോരൈെ: സുനിൽ & ജോയ് ബല്ല**

അഞ്ചു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. പത്തു ഗ്രാമങ്ങളിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. കുട്ടികൾക്കായി നടത്തിയ യോഗത്തിൽ 40 കുട്ടികൾ സംബന്ധിച്ചു. ഒരു ദിവസത്തെ സത്യാന്വേഷകരുടെ ക്യാമ്പും വിശ്വാസികളുടെ പരിശീലന പ്രോഗ്രാമും നടത്തി.

നമ്മുടെ പ്രവർത്തനത്തെ എതിർക്കുന്ന റോമ പെഗുവിനെ കർത്താവ് സ്പർശിച്ചു മാനസാന്തരപ്പെടുത്തേണ്ടതിനായി പ്രാർത്ഥിക്കുക. സുനിൽ കുമ്പാഗിന്റെ കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മൊങ്കള പെഗു മദ്യപാന സ്വഭാവം ഉപേക്ഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പാപ ഡൊലെക്കു ഒരു പൈതൽ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഛത്തീസ്ഘട്

**ദൈയത്താം**

**തങ്ചിൻലിയൻ & വങ്കിതിയാൻചിങ്**

രണ്ടു ഗ്രാമങ്ങളിലുള്ള പത്തു വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. രണ്ടു പുതിയ നിയമം വിതരണം ചെയ്തു. തടസ്സങ്ങളില്ലാതെ ഉപവാസ പ്രാർത്ഥന സംഘടിപ്പിച്ചു. അനേക ആളുകൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു.

വൈദ്യുത ആഘാതത്താൽ രണ്ടു കാലിലും പൊള്ളലേറ്റ കുഷ്മേഹയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വൈദ്യുതാഘാതത്തിന്റെ ദോഷങ്ങളിൽ നിന്നും അനിൽ മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക. ഏൽമാനിയ സോണാരിന്റെ കുടുംബത്തിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന ഫിലിം പ്രദർശനം, രാത്രി യോഗങ്ങൾ, അനുധാവന പ്രവർത്തനം തുടങ്ങിയവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

## ഒടിഷ

**റായ്റംഗ്പൂർ: ശമുവേൽ & ഹവീല**

ആറു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 14 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. വയൽ ഉഴുന്ന വേളയിൽ നെഞ്ചിൽ കഠിനമായ വേദനയനുഭവപ്പെട്ട മകൻ സമദിനെ കർത്താവ് സൗഖ്യമാക്കി. വിശ്വാസികളുടെ പ്രാർത്ഥന കേട്ട് ബലോനായക്കിനെ മഞ്ഞപിത്തത്തിൽ നിന്നും ദൈവം സൗഖ്യമാക്കി.

മൂന്നു ആരാധനക്കൂട്ടങ്ങളിൽ ദൈവാലയ പണിയുന്നതിനു പദ്ധതിയിട്ടിരിക്കുന്നു. വേഗത്തിൽ പണി ആരംഭിക്കേണ്ടതിനായും അതിനാവശ്യമായ രേഖകൾ വേഗത്തിൽ തയ്യാറാക്കേണ്ടതിനായും പ്രാർത്ഥിക്കുക. ബാൽക്കാസി ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം വേഗത്തിൽ ആരംഭിക്കേണ്ടതിനായും ഇതു മുഖാന്തിരം മുഴു ഗ്രാമവും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായും പ്രാർത്ഥിക്കുക. ആരാധന യോഗത്തിൽ സംബന്ധിക്കുന്നവർ രോഗ സൗഖ്യം പ്രാപിക്കേണ്ടതിനും അവർ ക്രമമായി ആരാധന യോഗത്തിൽ സംബന്ധിക്കേണ്ടതിനായും പ്രാർത്ഥിക്കുക. യമുന ബത്താനിയുടെ ഭർത്താവ് മടങ്ങി വന്നു അവളോടു ചേർന്നു കുടുംബ ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

# 22
## ആഗസ്റ്റ്
### തിങ്കൾ

## ഗുജറാത്ത്

**LTI ഫോകടി**

**രൂബൻ രവി & വിജയറാണി**

സഹിയാദ്രി റീജിയനിലെ പതിനേഴു സീനിയർ സുവിശേഷകർക്കായി നടത്തിയ പരിശീലന പ്രോഗ്രാം വിജയകരമായിരുന്നു. ഫൊക്ടിയിലെ വസ്തുവിന്റെ ചുറ്റിലും വേലി കെട്ടുന്ന പണി വിജയകരമായി പൂർത്തീകരിച്ചു. മധ്യവേനൽ അവധി കഴിഞ്ഞു ബാലഭവനത്തിലേക്കു മടങ്ങി വന്ന കുട്ടികളും പുതുതായി പ്രവേശനം നൽകിയ കുട്ടികളും പഠനം ആരംഭിച്ചു.

മൂന്നു റീജിയനിലെയും സുവിശേഷകർക്കായി നൽകുന്ന പരിശീലനത്തിന്റെ മൂന്നാം ഘട്ടത്തിന്റെ വിജയത്തിനായി പ്രാർത്ഥിക്കുക. ഈ റീജിയനിൽ കുടിവെള്ള ക്ഷാമം അനുഭവിക്കുന്നതിനാൽ ആവശ്യമായ മഴ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സ്വദ്ദേശ സുവിശേഷകരുടെ പഠനത്തിനാവശ്യമായ പാഠങ്ങൾ പുസ്തക രൂപത്തിൽ തയ്യാറാക്കേണ്ടതിനായി പ്രാർത്ഥിക്കുക. രമേശ് ബായിയും ഗോമതിയും നമ്മുടെ പരിശീലന കേന്ദ്രത്തിൽ പാചകക്കാരായും അറ്റകുറ്റ പണിക്കാരായും വീണ്ടും കടന്നു വന്നു.

**നസ്വാടി**

**യുവനേഷ് & ഝാൻസി**

നാലു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 124 വ്യക്തികൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. 10 പുതിയ നിയമവവും അഞ്ചു വേദപുസ്തകവും വിതരണം ചെയ്തു. ഏഴു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. വിശ്വാസികൾ രാത്രിയോഗത്തിൽ ഒരുമിച്ചു പ്രാർത്ഥിച്ചപ്പോൾ അപസ്മാര രോഗത്തിൽ നിന്നും രാകേഷ് ബായിയെ ദൈവം നൊടിയിടയിൽ സൗഖ്യമാക്കി. കമലേശ് ബായിക്കു നല്ല ഒരു യൂണിവേഴ്സിറ്റിയിൽ നിയമ പഠനം നടത്തുന്നതിനു അവസരം ലഭിച്ചു.

ദുർഗ്ഗഭീൽ ജാതിയുടെ സാമ്പത്തിക ഉന്നമനത്തിനായി പ്രാർത്ഥിക്കുക. ദുംഗ്രാഭിൽ ജനങ്ങളുടെ മദ്ധ്യെ വ്യാപിക്കുന്ന അരിവാൾ (വിളർച്ച) രോഗം സമ്പൂർണ്ണമായി മാറേണ്ടതിനായി പ്രാർത്ഥിക്കുക. ഖാലിദിയ ഗ്രാമത്തിലെ ദൈവാലയ നിർമ്മാണം തടസ്സങ്ങളില്ലാതെ വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അയൽ സംസ്ഥാനങ്ങളിൽ കാർഷികവൃത്തിക്കായി കടന്നു പോയ വിശ്വാസികൾ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വരും നാളുകളിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന യോഗങ്ങളുടെയും സുവിശേഷീകരണ പ്രവർത്തനത്തിന്റെയും അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിലെ സഭകളിൽ പുതിയ വിശ്വാസികൾ കവിഞ്ഞൊഴുകേണ്ടതിനായി പ്രാർത്ഥിക്കുക.

**23**
**ആഗസ്റ്റ്**
**ചൊവ്വ**

## ജന്മദിനാശംസകൾ

രാമമുനി ജെബിവി പ്രസാദ്,
വെങ്കിടേശ് വല്ലാർ,
ആശീഷ് കുമാർ,
സുബാശിനി മുർമ്മു

### ദരംമ്പൂർ & കെർഗാം

**വിഘ്നേശ്വരൻ & എയ്ഞ്ചലിൻ**

ആറു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 17 വേദപുസ്തകം വിതരണം ചെയ്തു. കുന്തിയ ഗ്രാമത്തിലെ മൂന്നു കുടുംബങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. കെർഗാമിലെ പത്തു വ്യക്തികൾ യേശുവിലൂള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. തളർവാതത്തിൽ നിന്നു ആദിബന്നിനെ കർത്താവ് സൗഖ്യമാക്കി. ദണ്ടുവേൽ ഗ്രാമത്തിൽ ഒരു പ്രാർത്ഥനക്കുട്ടം ആരംഭിച്ചു.

സാർത്തർവെര ഗ്രാമത്തിൽ സുർക്കാർ നാവിലെ കാൻസറിനാൽ ഭാരപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഉദരത്തിലുണ്ടായ ട്യൂമറിനാൽ വലയുന്ന ജൂലി ബന്നിന്റെ വിടുതലിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നു റീന ബൻ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കോബ, മാമ, പാച്ച, പോബി, സാർത്തർവെര എന്നീ ഗ്രാമങ്ങളിൽ ദൈവാലയം പണിയേണ്ടതിനായി പ്രാർത്ഥിക്കുക.

### ഭാവനഗർ

**അഖിലേശ് കുമാർ & കിരൺ ദേവി**

ഈ മിഷൻ വയലിൽ പുതുതായി നിയോഗിതനായ മിഷനറി കുടുംബത്തെ ദൈവം എടുത്തു ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കോവിഡ് 19 രോഗം നിമിത്തം ചിതറിപ്പോയ വിശ്വാസികളെ എല്ലാം സന്ദർശിക്കുന്നതിനു സാധിച്ചു. അലാങ് ആരാധനക്കൂട്ടത്തിലെ വിശ്വാസികളെല്ലാവരും തടസ്സങ്ങളില്ലാതെ ആരാധന യോഗത്തിൽ ക്രമമായി പങ്കെടുക്കുന്നു.

മിഷനറിയുടെ വീട്ടുടമ അവരുടെ ഭവനത്തിൽ ആരാധന യോഗം നടത്തുന്നതിനു അനുവാദം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. കത്തിയവാടി ഭാഷ പഠിക്കുന്നതിനു മിഷനറിയെ ദൈവം സഹായിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഒരു കമ്പനിയിൽ ജോലി ചെയ്തു കൊണ്ടിരുന്ന ദിനേശ് ബായിക്കു പെട്ടെന്നു കണ്ണിൽ ചില പ്രശ്നങ്ങൾ ഉണ്ടാകുകയും അതുകാഴ്ച ശക്തിയെ ബാധിക്കുകയും ചെയ്തു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മഹാമാരിയിൽ ചിതറിപ്പോയ എല്ലാവരെയും ഒരുമിച്ചു കൂട്ടുന്നതിനുള്ള ഉദ്യമം വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### പൗരപ്രമുഖനെ സർവ്വശക്തനായ ദൈവം സ്പർശിച്ചു!

ഡൽഹിയിൽ പട്പർഗഞ്ച് മിഷൻ വയലിലെ കല്യാൺപുരിയിൽ പാർക്കുന്ന കുൽദീപ് ആ ദേശത്തെ പൗര പ്രമുഖനായിരുന്നു. ഒരുനാൾ അവന്റെ പിതാവ് കാളിചരൺ മാനസിക രോഗിയായി ഭവനത്തിലെ എല്ലാവരെയും ഉപദ്രവിക്കുവാൻ തുടങ്ങി. അതിനാൽ കുടുംബത്തിലെ സമാധാനം നഷ്ടപ്പെട്ടു. കുൽദീപ് തന്റെ സുഹൃത്തിലൂടെ നമ്മുടെ സുവിശേഷകൻ പ്രേംചന്ദിനെ വിളിച്ചു പ്രാർത്ഥന ആവശ്യപ്പെട്ടു. പ്രേം ചന്ദ് ഫോണിലൂടെ പ്രാർത്ഥിക്കുകയും കാളിചരണിനോടു വിശ്വസ്തതയോടെ യേശു കർത്താവിനോടു പ്രാർത്ഥിക്കുവാൻ ഉപദേശവും നൽകി. പ്രാർത്ഥന അവസാനിപ്പിച്ച ഉടനെ തന്നെ കാളിചരണിനു മാനസിക രോഗത്തിൽ നിന്നു സൗഖ്യം ലഭിച്ചു. ആ കുടുംബം യേശുവിൽ വിശ്വസിക്കുവാനും യേശുവിനോടു പ്രാർത്ഥിക്കുവാനും ആരംഭിച്ചു. ഈ കുടുംബം ജീവനുള്ള സത്യദൈവത്തെ അറിയേണ്ടതിനും ദൈവസഭയിലെ അംഗമാകേണ്ടതിനുമായി പ്രാർത്ഥിക്കുക.

**24**
**ആഗസ്റ്റ്**
**ബുധൻ**

ഉപവാസ
പ്രാർത്ഥന ദിനം

### മോതപോണ്ട

### ശമുവേൽ സുബ്രമണി & സുശീല

12 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. രണ്ടു വേദപുസ്തകം വിതരണം ചെയ്തു. കുട്‌ലി ദൈവാലയത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. കുട്‌ലി സഭയിലെ വിശ്വാസികളുടെ ഇടയിലുണ്ടായിരുന്ന കുടുംബ പ്രശ്നം വേദവചനത്തിലൂടെയുള്ള ആലോചനയാൽ പരിഹരിക്കപ്പെട്ടു. വിശ്വാസികളുടെ മക്കൾക്കു ഉന്നത പഠനത്തിനു പോകുവാൻ അവസരം ലഭിച്ചു. വീടിന്റെ മേൽക്കൂരയിൽ നിന്നു താഴെ വീണ രാകേഷ് ബായിയെ കർത്താവ് സൗഖ്യമാക്കി. ഉയർന്ന രക്ത സമ്മർദ്ദത്താൽ സംസാര ശേഷി നഷ്ടപ്പെട്ട സുലോചനയെ കർത്താവ് സൗഖ്യമാക്കി.

യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞവർ ആത്മീക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബോർഡിംഗ് സ്കൂളിൽ പഠിക്കുന്ന കുട്ടികൾ ക്രിസ്തേശുവിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളുടെ വയലുകളിൽ നല്ല മഴയും നല്ല വിളവും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. NEETപരീക്ഷക്കു തയ്യാറെടുക്കുന്ന വിശ്വാസികളുടെ മക്കൾക്കായി പ്രാർത്ഥിക്കുക. ഹൃദയത്തിൽ ബലഹീനത അനുഭവിക്കുന്ന റീച്ച ബന്നിന്റെയും എയ്ഡ്സ് രോഗിയായ സ്വപ്നയുടെയും മൂത്രാശയത്തിൽ അണുബാധയുള്ള തിരുബായിയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### കാദോട് : രാമസിങ്ബായ് വസാവ & ഉർമ്മിളബൻ

മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. രാകേഷ് ബായിയെ മദ്യാസക്തിയിൽ നിന്നും ദൈവം വിടുവിച്ചു.

സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന രാജു ബായി, രാകേഷ് ബായി എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഖാദപാർ ഗ്രാമത്തിലെ ഛാന്ദ് ബായിയുടെ അധരത്തിലുള്ള കാൻസർ സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. ഛേതൻ ബായി മദ്യാസക്തിയിൽ നിന്നു മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക. പൽസോദ് ശിശു പരിപാലന കേന്ദ്രത്തിലെ കുട്ടികൾ പഠനം തുടരേണ്ടതിനായും വിഹാൻ ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനാവശ്യമായ വസ്തു ലഭിക്കേണ്ടതിനായും പ്രാർത്ഥിക്കുക.

### കണ്ണുനീരിൽ മനസ്സലിയുന്ന ദൈവം!

മഹാരാഷ്ട്രയിൽ ചോപ്ട മിഷൻ വയലിലെ തല്നെർ ഗ്രാമത്തിലെ പ്രശാന്ത് കോലിയെ അയൽക്കാരൻ ഇരുമ്പ് കമ്പികൊണ്ടു ക്രൂരമായി മർദ്ദിച്ചു. തലയിൽ മുറിവേറ്റ അവൻ ബോധഹീനനായി താഴെ വീണു. ഇതു കണ്ട കുടുംബാംഗങ്ങൾ അവൻ മരിക്കുമെന്നു കരുതി അലറി കരഞ്ഞു. ഗ്രാമത്തിലുള്ളവർ ഓടിക്കൂടി അവനെ ദുലെ ആശുപത്രിയിലേക്കു കൊണ്ടു പോയി. ആ യാത്രയിൽ അവന്റെ അമ്മയും സഹോദരിയും കണ്ണുനീരോടെ കർത്താവിനോടു പ്രാർത്ഥിച്ചു. ആ സമയത്തു ആരോ അവന്റെ നെഞ്ചിൽ ഇടിക്കുന്നതായി തോന്നി അവൻ കണ്ണുതുറന്നു. കണ്ണുനീരോടു കൂടിയ പ്രാർത്ഥനക്കു മറുപടിയായി ദൈവം അവനു ജീവൻ തിരികെ നൽകി. ഡോക്ടറന്മാർക്കു പോലും വിശ്വസിക്കുവാൻ കഴിഞ്ഞില്ല. മുറിവിനായുള്ള രണ്ടാഴ്ചത്തെ ചികിത്സക്കു ശേഷം അവന്റെ വീട്ടിലേക്കു മടങ്ങി വന്നു. എല്ലാ മഹത്വവും യേശുക്രിസ്തുവിനു മാത്രം!

**25**
**ആഗസ്റ്റ്**
**വ്യാഴം**

## ജന്മദിനാശംസകൾ

എസ്ഥേർ ഏബ്രഹാം

# ദാദ്ര നഗർ ഹാവേലി

### ഖാൻവേൽ

**അരുൾ ആശീർ & സുഗുണ**

വിബിഎസിൽ പങ്കെടുത്ത 350 കുട്ടികളിൽ 25 പേർ അക്രൈസ്തവ പശ്ചാത്തലത്തിൽ നിന്നുള്ളവർ ആയിരുന്നു. ലക്ഷ്മി ബന്നിന്റെ ഉദരം വീർത്തു വന്നതിനാൽ അവർക്കു ചില ദിവസങ്ങളോളം ഭക്ഷണം കഴിക്കുവാൻ സാധിച്ചില്ല. പ്രാർത്ഥന കേട്ടു കർത്താവ് അവളെ സൗഖ്യമാക്കി. വസോന ഗ്രാമത്തിലെ ഉഷ മാനിസിക പ്രശനങ്ങളാൽ ഉറങ്ങുവാൻ ബുദ്ധിമുട്ടി. പ്രാർത്ഥനയാൽ ദൈവം അവളെ സൗഖ്യമാക്കി അവൾ സുഖമായി ഉറങ്ങി. ജമ്നി ബന്നിന്റെ പ്രാർത്ഥനയുടെ ഫലമായി മകൻ മടങ്ങിവന്നു ഭവനകാര്യങ്ങൾ ശ്രദ്ധിക്കുന്നു. അങ്ങനെ ആ ഭവനത്തിൽ സമാധാനം സ്ഥാപിതമായി.

14 വയസ്സുള്ള മകളുടെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന റാങ്കിബന്നിനെയും കുടുംബത്തെയും ദൈവം ആശ്വസിപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗർഭപാത്ര സംബന്ധമായ രോഗത്താൽ വലയുന്ന സുമൻ ബൻ, നിർമ്മല ബൻ സംഗീത ബൻ എന്നിവരുടെയും വൃക്ക സംബന്ധമായ രോഗത്താൽ പ്രയാസപ്പെടുന്ന യശോധ, നൈന, നിത എന്നിവരുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ദർശൻ, പാർവ്വതി ബൻ എന്നിവർക്കു തലമുറകളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

# മഹാരാഷ്ട്ര

### ജവഹർ

**ഗെദ്ദാം ശ്രീനിവാസ റാവു & രാജലക്ഷ്മി**

ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. രണ്ടു പുതിയ നിയമവും രണ്ടു വേദപുസ്തകവും വിതരണം ചെയ്തു. വിശ്വാസികളുടെ ഗ്രാമത്തിലും അക്രൈസ്തവ ഗ്രാമത്തിലും രാത്രി യോഗങ്ങൾ തടസ്സങ്ങളില്ലാതെ നടത്തി.

സഭയിലെ യുവജനങ്ങൾ വിബിഎസ് നടത്തുവാൻ സഹായിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബോയ്സാർ എന്ന പുതിയ മിഷൻ വയലിലെ പ്രവർത്തനങ്ങൾ അഭിവൃദ്ധിപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. റീതു, സുരേഖ എന്നിവരുടെ കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാർ, യുവജനങ്ങൾ, വനിതകൾ എന്നിവർക്കായി നടത്തുന്ന പരിശീലന പരിപാടിയുടെ വിജയത്തിനായി പ്രാർത്ഥിക്കുക.

## 26
## ആഗസ്റ്റ്
## വെള്ളി

### ജന്മദിനാശംസകൾ

ചിന്തു കോര എഡ്വിൻ

### മുക്കട

### എം ശങ്കർ & ആനന്ദി

നാലു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. അഞ്ചു പുതിയനിയമവും അഞ്ചു വേദപുസ്തകവും വിതരണം ചെയ്തു. സാവർപാട, പാവർപാട എന്നീ ഗ്രാമങ്ങളിൽ ആരാധനക്കൂട്ടം ഉരുവാക്കി. സത്യാന്വേഷകരുടെ യോഗത്തിൽ സംബന്ധിച്ച വേളയിൽ പൈശാചിക ബന്ധനത്തിൽ നിന്നും അനിത ബന്നിനെ ദൈവം സൗഖ്യമാക്കി. രോഗം ബാധിച്ച് ഗുരുതരാവസ്ഥയിലെത്തിയ ഗംഗുബന്നിനെ പ്രാർത്ഥനയുടെ ഫലമായി ദൈവം വിടുവിച്ചു. തെറ്റായ ചികിത്സയിൽ ശരീരത്ത് പരുക്കൾ ബാധിച്ച അങ്കുഷിനെ കർത്താവ് സൗഖ്യമാക്കി.

യൗവ്വനക്കാരായ വിശ്വാസികൾ സുവിശേഷീകരണ പ്രവർത്തനത്തിൽ പങ്കാളികളാകേണ്ടതിനായി പ്രാർത്ഥിക്കുക. ബൊമ്റിപാട ഗ്രാമത്തിലെ ജനങ്ങളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. വ്യാജകേസിൽ നിന്നും ബാവു ബോയെ ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആഭിചാര ക്രീയയുടെ ദോഷങ്ങളിൽ നിന്നു ദീലീപ് ബായിയും കുടുംബവും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ സത്സാംഗ് പ്രോഗ്രാമിൽ പങ്കെടുക്കുന്ന കോലി സമുദായത്തിലെ പുതിയ കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ആശീർവാദ് ബാലഭവനം, അല്ലപ്പള്ളി

### നിങ്ത്നൗജം & ലിയാമ്പിയക്നെമി

പത്താം ക്ലാസ്സിലെ എല്ലാ കുട്ടികളും ബോർഡ് പരീക്ഷ പാസ്സായി. മദ്ധ്യപ്രദേശിലെ കാന്തുവ റീജിയനിൽ സംഘടിപ്പിച്ച ബാലഭവന വാർഡന്മാരുടെ പരിശീലന പ്രോഗ്രാമിൽ നമ്മുടെ മിഷനറിമാരും പങ്കെടുത്തു.

എല്ലാ കുട്ടികളും സമയത്തു തന്നെ ബാലഭവനത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. ഈ പുതിയ അദ്ധ്യായന വർഷം കുട്ടികളെല്ലാവരും മിടുക്കരായി പഠിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ അദ്ധ്യായന വർഷം കുട്ടികളെല്ലാവരും വിവിധ രോഗങ്ങളിൽ നിന്നും സുരക്ഷിതരായിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉന്നത വിദ്യാഭ്യാസത്തിനായി മുന്നേറുന്ന കുട്ടികളാരും പഠനം ഉപേക്ഷിച്ചു പോകാതിരിക്കുവാൻ പ്രാർത്ഥിക്കുക.

### എട്ടപ്പള്ളി

### അരവിന്ദ് വസാവെ & എജു

13 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 30 വേദപുസ്തകം വിതരണം ചെയ്തു. രണ്ടു ദിവസത്തെ ഉപവാസ പ്രാർത്ഥനയും മുഴുരാത്രി പ്രാർത്ഥനയും അനുഗ്രഹകരമായി നടത്തി. മോട്ടർ സൈക്കിളിൽ നിന്നും വീണ നമ്മുടെ സ്വദ്ദേശ സുവിശേഷകനെ ദൈവം പരിപാലിച്ചു. ഗരൻജി ഗ്രാമത്തിലെ ബാന്ദു ഹിച്ചാമി യേശുവിനെ അറിഞ്ഞതിനെ തുടർന്നു വിവിധ രോഗങ്ങളിൽ നിന്നും ദൈവം വിടുവിച്ചു.

നമ്മുടെ മിഷനറി മാദിയ ഭാഷ വേഗത്തിൽ പഠിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുടുതൽ ആളുകൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എല്ലാ വിശ്വാസികളും ആത്മീക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മഴക്കാലത്തു എല്ലാ വിശ്വാസികളെയും ദൈവം പരിപാലിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളുടെ കൃഷിയിടങ്ങളിൽ ദൈവീക ആശീർവാദം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**27**

**ആഗസ്റ്റ്**

**ശനി**

### ജിമ്മലഗട്ട (സിറോൻച)

**ശ്രീനിവാസ് ലാസറസ് & സുനിത**

മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 12 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 33 പുതിയ നിയമങ്ങളും മൂന്നു വേദപുസ്തകവും വിതരണം ചെയ്തു. 53 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. 45 ചെറു പ്രാർത്ഥനക്കൂട്ടങ്ങളിൽ ക്രമമായി പ്രാർത്ഥനകൾ നടക്കുന്നു. 46 വേദപഠനക്കൂട്ടത്തിൽ വേദപുസ്തക പഠനവും പതിവായി നടക്കുന്നു. ആറു ഗ്രാമങ്ങളിൽ സംഘടിതമായ സുവിശേഷീകരണ പ്രവർത്തനം നടത്തി. ആഭിചാര ദോഷങ്ങളിൽ നിന്നും അതിന്റെ ഭവിഷത്തിൽ നിന്നും സുമിത്രയെ ദൈവം വിടുവിച്ചു.

ഗോണ്ട്സ്, മദിയ ഗോണ്ട്സ്, മാന്യ കോയ, നെതാകനി കോമാതീസ് എന്നീ സമുദായങ്ങളിൽ നിന്നുള്ളവർ കൂട്ടത്തോടെ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദിലീപ്, സന്തോഷ്, യശ്വന്ത്, വെങ്കടി എന്നീ കുടുംബങ്ങളിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്ഷയരോഗത്തിൽ നിന്നു സാമക്കയും മാനസിക പ്രയാസത്തിൽ നിന്നു പ്രഗണ്യ, നന്ദിഗൗൺ എന്നിവരെയും വൃക്ക സംബന്ധമായ രോഗത്തിൽ നിന്ന് വെങ്കടിയുടെ മാതാവിനെയും കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ചോപട് & സങ്‌വി ബാലഭവനം

**ഗോപീകൃഷ്ണൻ & മേനക**

നാലു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 20 പുതിയ നിയമങ്ങളും മൂന്നു വേദപുസ്തകവും വിതരണം ചെയ്തു. ലക്ഷ്മണനും കലാവന്തിയും സ്വമേധയാൽ സുവിശേഷ വേലയെ സഹായിക്കുന്നു. അഞ്ചു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. നീണ്ട നാളുകൾക്കു ശേഷം സ്ത്രീകളുടെ യോഗം ആരംഭിച്ചു. പത്തു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഗാലങ്കി ഗ്രാമത്തിലെ ആധാർ, കാലു, ദിനേശ് എന്നീ കുടുംബങ്ങൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു.

ഗാലങ്കി, ഗുദഗാവ്, നജ്ജിയപാട, സജ്യപാട, ഭങ്കേദ, മഹാദേവ് എന്നീ ഗ്രാമങ്ങളിൽ ആരാധനക്കൂട്ടങ്ങളും കുട്ടികളുടെ ക്ലാസ്സും ആരംഭിക്കുന്നതിനുള്ള പദ്ധതി തടസ്സങ്ങൾ ഇല്ലാതെ സാധ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന ഗുദഗാവ് ഗ്രാമത്തിലെ ഭജൻ പ്രോഗ്രാം, പദസാരി ഗ്രാമത്തിലെ രാത്രി യോഗം, അമാലോയിലെ വിശ്വാസികളുടെ പരിശീലന പ്രോഗ്രാം, കന്യായപാട ഗ്രാമത്തിലെ സഭാമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാം, സങ്കവി ഗ്രാമത്തിലെ യുവജന യോഗം, വിബിഎസ് എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

## 28 ആഗസ്റ്റ് ഞായർ

### ജന്മദിനാശംസകൾ

എഡ്വേർഡ് ജപസിങ്. ജെ,
സുനിത വെച്ചിയ വസാവെ

## കർണ്ണാടക

**ഗജേന്ദ്രഗട: മജ്ജീയ നായക് & രത്ന**

ദൈവകൃപയാൽ മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അഞ്ചു വേദപുസ്തകവും 20 പുതിയ നിയമവും വിതരണം ചെയ്തു. 20 സ്ഥലങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. 12 ഗ്രാമങ്ങളിൽ ഉപവാസ പ്രാർത്ഥനയും 12 സ്ഥലങ്ങളിൽ രാത്രി യോഗങ്ങളും നടത്തി. യെൽബുർഗ, ജി ഗട എന്നീവിടങ്ങളിൽ അന്വേഷക ക്യാമ്പ് നടത്തി. വിശ്വാസികളെ ദൈവവചനത്തിൽ പരിപോഷിപ്പിക്കുന്നതിനായി ആറിടത്തു വേദപുസ്തക പഠനം നടത്തി. പ്രാർത്ഥനയുടെ ഫലമായി മന്നമയുടെ നെഞ്ചു വേദന കർത്താവ് സൗഖ്യമാക്കി.

ഉടനെ നടത്തുവാനുദ്ദേശിക്കുന്ന യോഗങ്ങളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ഗവരമ്മ, ഇരയ്യ എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആറുവയസ്സുള്ള രോഹിതിന്റെ കാഴ്ച ശക്തി പെട്ടെന്നു ഇല്ലാതായി. അവനു കാഴ്ച ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കേച്ചപ്പ ഹരിജനെ തളർവാതത്തിൽ നിന്നും മഹാദേവിയെ ഗർഭപാത്ര സംബന്ധമായ രോഗത്തിൽ നിന്നും ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ആന്ധ്രാപ്രദേശ്

### റോദ്ദാം

**ദെബോട്ട ലിമ & സോണിയ റാണി**

ഒരു ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചു. 11 പുതിയ നിയമം വിതരണം ചെയ്തു. അഞ്ചു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ഈ യോഗങ്ങളിലൂടെ എട്ടു പുതിയ സ്നേഹിതരെ ലഭിച്ചു. മുഴു രാത്രി പ്രാർത്ഥനയും ഫിലിം പ്രദർശനവും നടത്തി. പൈശാചിക ബന്ധനത്തിൽ നിന്നും നാർഷാമ വിടുതൽ പ്രാപിച്ചു. ഗർഭപാത്രത്തിൽ ട്യൂമറിനാൽ ഭാരപ്പെടുന്ന ജയസുധ പ്രാർത്ഥനയെ തുടർന്നു വിടുതൽ പ്രാപിച്ചു. മോട്ടർ സൈക്കിൾ അപകടത്തിൽ നിന്നു നമ്മുടെ മിഷനറിയെയും കുടുംബത്തെയും ദൈവം രക്ഷിച്ചു.

റോദ്ദാം, തുരുക്കുലപട്ടണം, സാനിപള്ളി എന്നീ ഗ്രാമങ്ങളിൽ ദൈവാലയം പണിയുന്നതിനാവശ്യമായ വസ്തുക്കൾ വിശ്വാസികൾ ദാനമായി നൽകി. തുരുക്കുലപട്ടണത്തിൽ ആരാധന യോഗം നടത്തുന്നതിനു ഒരു കെട്ടിടം വാടകയ്ക്കു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭാരതിയും കുടുംബവും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റത്തിലായിരുന്ന വെങ്കിടകൃഷ്ണപ്പയും കുടുംബവും യേശുവിലുള്ള വിശ്വാസത്തിലേക്കു മടങ്ങി വരേണ്ടതിനായി പ്രാർത്ഥിക്കുക. ഉദരത്തിലെ ട്യൂമറിനാൽ കഷ്ടപ്പെടുന്ന ജയസുര്യയെയും ഹൃദയ സംബന്ധമായ രോഗത്താൽ വലയുന്ന അനിലിനെയും കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**29**
**ആഗസ്റ്റ്**
**തിങ്കൾ**

**കുപ്പം**

**പോൾ കുപ്പുസ്വാമി & ഷൈല**

ഏഴു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പത്തു സഭകളിൽ ഞായറാഴ്ച ആരാധന തടസ്സങ്ങളില്ലാതെ നടന്നു. ആറു സ്ഥലങ്ങളിൽ ഭവന പ്രാർത്ഥന നടത്തി. എട്ടു ഗ്രാമങ്ങളിൽ ജീപ്പ് ടീമിന്റെ സഹായത്തോടെ സുവിശേഷീകരണ പ്രവർത്തനം നിർവഹിച്ചു. 15 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. ഒരു ഗ്രാമത്തിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. എട്ടു സ്ഥലത്തു നടത്തിയ വിബിഎസ് 400 കുട്ടികൾക്കു പ്രയോജനപ്പെട്ടു. നമ്മുടെ വിശ്വാസികളിൽ ഒരാൾ ഒരു മിഷനറിയെ സ്പോൺസർ ചെയ്യുന്നതിനു തയ്യാറായി മുന്നോട്ടു വന്നു.

ഉടനെ നടത്തുവാൻ പോകുന്ന പരിശീലന പ്രോഗ്രാം, യോഗങ്ങൾ, ശുശ്രൂഷകൾ തുടങ്ങിയവയുടെ വിജയത്തിനായി പ്രാർത്ഥിക്കുക. ലഘുലേഖ വിതരണം, ഫിലിം പ്രദർശനം എന്നിവ വിലക്കിയിരിക്കുന്ന ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളായ ശിവണ്ണ, ലളിത, ചിന്നക്ക, അശോക്, രാഗിണി, അറുമുഖം, കവിത, നവനീതമ്മ, മാസിലാമണി എന്നിവർ പതിവായി ആരാധന യോഗത്തിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വീഴ്ചയിൽ ഇടുപ്പെല്ലിനു പൊട്ടലുണ്ടായ വിശാലാക്ഷിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വെങ്കിടാചലം കടഭാരത്തിൽ നിന്നു മുക്തനായി സമാധാന ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നട്ടെല്ലു സംബന്ധമായ രോഗത്താൽ വലയുന്ന സത്യപ്രിയയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**ദൈവീക ദർശനം!**

മദ്ധ്യപ്രദേശിൽ നേപനഗർ മിഷൻ വയലിലുള്ള പാലസൂർ ഗ്രാമത്തിലെ ജുനബായിക്കു 30 വയസ്സുണ്ട്. കഴിഞ്ഞ 15 വർഷമായി അവൾ പൈശാചിക ബന്ധനത്താൽ വലയുന്നു. 15 വർഷം മുമ്പ് അവളുടെ വിവാഹം ഒരു പുരുഷനുമായി നിശ്ചയിച്ചതാണ്. എന്നാൽ ഏതോ കാരണത്താൽ അതു നടന്നില്ല. ഇതിൽ കോപിഷ്ഠരായ വരന്റെ കുടുംബക്കാർ ആഭിചാര ക്രിയകൾ ചെയ്തു. ജുനബായി പൈശാചിക ബന്ധനത്തിലായി. പിശാച് അവളെ ഉപദ്രവിച്ച് അവളുടെ വിവാഹ ജീവിതം ദുഷ്കരമാക്കി. ഇതിൽ നിന്നും രക്ഷപ്പെടുവാൻ കുടുംബത്തിലുള്ളവർ പല മാർഗ്ഗങ്ങൾ തേടിയെങ്കിലും എല്ലാം വ്യർത്ഥമായി. കഴിഞ്ഞ മാസം അവർ പാലസൂറിൽ നാം നടത്തിയ പ്രാർത്ഥന യോഗത്തിൽ സംബന്ധിച്ചു. ഒരു ദിവസം ജുനബായിക്കു വേണ്ടി പ്രാർത്ഥിക്കുമ്പോൾ നമ്മുടെ വിശ്വാസികളിൽ ഒരാൾ ഒരു ദർശനം കണ്ടു. ആ ദർശനത്തിൽ ആ പെൺകുട്ടിയെ അവളുടെ മാതാപിതാക്കളുടെ അടുക്കൽ കൂട്ടിക്കൊണ്ടു ചെന്നു അവൾക്കു വേണ്ടി ഉപവസിച്ചു പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു. വിശ്വാസിയും ആ ദമ്പതികളും അവളുടെ രക്ഷിതാക്കളുടെ ഭവനത്തിൽ ചെന്നു ഉപവാസത്തോടെ പ്രാർത്ഥിച്ചു. ദൈവത്തിനു മഹത്വം ആ നിമിഷം മുതൽ ദുരാത്മാവ് ജുനബായിയെ വിട്ടു പോയി. ഹല്ലേലുയ്യ!

**30**
**ആഗസ്റ്റ്**
**ചൊവ്വ**

## തമിഴ്നാട്

### തമിഴ്നാട് സോണൽ ആഫീസ്

**ആൽബിൻ & വിജയറാണി**

ധർമപുരി, തിരുവണ്ണാമലൈ, ഡെങ്കകണികോട്ടൈ എന്നീ റീജിയനുകളിൽ വിബിഎസ് വിജയകരമായി നടത്തി. സഭാമൂപ്പന്മാരുടെ പരിശീലന പരിപാടി ഏറെ പ്രയോജനകരമായിരുന്നു. പങ്കെടുത്തവർ അനുഗ്രഹം പ്രാപിച്ചു. വിഷപാമ്പിന്റെ ദംശനമേറ്റ ജയകൊടിയെ കർത്താവ് രക്ഷിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നു പൂരാണി വിടുതൽ പ്രാപിച്ചു.

സോമനഹള്ളി ഗ്രാമത്തിലുണ്ടായ എതിർപ്പിനാൽ പിന്മാറ്റത്തിലായ മാലമുത്തു, ആബിൽ, ഇന്ദിരാണി എന്നിവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. നവീൻ, ആൻസർ, കിഷാൻ, ജയരാമൻ, വല്ലി, മുരുകൻ, മൂർത്തീ, കേനാൻ, ശാന്ത എന്നിവർ യേശുവിലൂള്ള വിശ്വാസം ധൈര്യപൂർവ്വം ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. മാധുവിന്റെ കുടുംബത്തിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തൈറോഡിന്റെ പ്രയാസത്തിൽ നിന്നു സമ്പൂർണ്ണത്തിനെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാലാവി പ്രദേശത്തു ദൈവാലയം പണിയുന്നതിനാവശ്യമായ വസ്തു വാങ്ങേണ്ടതിനായി പ്രാർത്ഥിക്കുക.

### എലംപിള്ളൈ

**വിൽസൺ & ജയ**

താദിക്കാരൻ, എലംപള്ളി എന്നീ ദൈവലായങ്ങളിലെ കുട്ടികൾക്കായി വിബിഎസ് നടത്തി. പത്ത് പന്ത്രണ്ട് ക്ലാസ്സുകളിലെ പരീക്ഷ എഴുതിയ എല്ലാ കുട്ടികൾക്കും വിജയം ലഭിച്ചു. ഒരിക്കൽ വേദപുസ്തകം വലിച്ചു കീറി കളഞ്ഞ സതീഷ് കുമാർ ഇപ്പോൾ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു.

പ്ലീഹ മാറ്റി വെക്കൽ ശസ്ത്രക്രീയക്കു വിധേയരാകുന്ന സെൽവിന്റെയും ഭാര്യ വിൻസിലയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നു നീലാവതിയെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ലക്ഷ്മിക്കു സംസാര ശേഷി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കവിത, നിർമ്മല, പ്രീയ എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിഷപാമ്പിന്റെ കടിയേറ്റു ഒരു മാസത്തിലധികം ചികിത്സക്കു വിധേയമായി ആശുപത്രിയിൽ കഴിയുന്ന ലക്ഷ്മിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### മരണത്തിൽ നിന്നു പുതുജീവൻ!

മഹാരാഷ്ട്രയിൽ ചോപ്ട മിഷൻ വയലിലെ മഹാദേവ ഗ്രാമത്തിലെ സവിത ബായി കഴിഞ്ഞ ചില മാസങ്ങളായി അപസ്മാര രോഗത്താൽ വലയുകയായിരുന്നു. കഴിഞ്ഞ മാസം അവൾ അപസ്മരം ബാധിച്ചു മരിച്ചു. ഗ്രാമീണർ സംസ്കാരത്തിന്റെ ക്രമീകരണങ്ങൾ ചെയ്തു. സംസ്കാര ചടങ്ങിൽ പങ്കെടുക്കുവാൻ ചില വിശ്വാസികളും അവിടെ ചെന്നു. നമ്മുടെ വിശ്വാസികൾ അവൾക്കു വേണ്ടി പ്രാർത്ഥിച്ചു. പ്രാർത്ഥന കേട്ട ദൈവം സവിതക്കു ജീവൻ മടക്കി നൽകി. അവൾ ജീവനോടെ എഴുന്നേറ്റു.

## 31
## ആഗസ്റ്റ്
**ബുധൻ**

ഉപവാസ
പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

കിസ്റ്റോഫർ പി. ജി,
ബാലാജി യേശുദാസൻ,
രജ്ജൻ ഖാസാല

### തിരുവള്ളൂർ

**പോൾ ആനന്ദൻ & സാറാ ജ്യോതി**

കാക്കന്ദിഗൈ ഗ്രാമത്തിലെ യുവജനങ്ങൾ സുവിശേഷത്തോടു താൽപര്യമുള്ളവരായി പ്രാർത്ഥന യോഗത്തിൽ സംബന്ധിക്കുന്നു. നമ്മുടെ വിശ്വാസി അജിത്തിനു കോരമണ്ഡൽ സിമിന്റ് കമ്പനിയിൽ ജോലി ലഭിച്ചു. രേവതിയുടെ ഭർത്താവ് ചിന്നു താൽപര്യപൂർവ്വം പ്രാർത്ഥനയോഗത്തിൽ സംബന്ധിച്ച് ദൈവവചനം ശ്രവിക്കുന്നു.

വേണുഗോപാലപുരത്തെ പ്രാർത്ഥന യോഗത്തിൽ സംബന്ധിക്കുന്ന കുട്ടികളും യൗവ്വനക്കാരും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കവിതയുടെ മാതാവിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ഗായത്രിയും വന്ദനയുടെ വല്യമ്മച്ചിയും മദ്യാസക്തിയിൽ നിന്നു മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. ചന്ദ്രമ്മയുടെ ദൈനംദിന ആവശ്യം സന്ധിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

### കേലമംഗലം

**ബാലസുബ്രമണ്യൻ & ലൂസീന**

നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നാലു പുതിയ നിയമവും രണ്ടു വേദപുസ്തകവും വിതരണം ചെയ്തു. മൂന്നു വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്നു. NSM ബാലഭവനത്തിൽ ആറു കുട്ടികൾക്കു പ്രവേശനം ലഭിച്ചു. ഗർഭസ്ഥ ശിശു വിലങ്ങി കിടന്നതിനാൽ ഡോക്ടറന്മാർ ഓപ്പറേഷനു തയ്യാറായ വേളയിൽ പ്രേമക്കു സുഖ പ്രസവം നൽകി ദൈവം അനുഗ്രഹിച്ചു.

തൈറോയ്ഡിന്റെ പ്രയാസത്തിൽ നിന്നു കേഷത്രി, ജയലക്ഷ്മി, കൃഷ്ണമ്മ എന്നിവരെയും അപസ്മാര രോഗത്തിൽ നിന്നു രാജൻ, ശിവ, മുനിരാജ്, പാണ്ടിയൻ എന്നിവരെയും അസഹനിയമായ തലവേദനയാൽ കഷ്ടപ്പെടുന്ന എസ്ഥേറിനെയും ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. വെങ്കടസ്വാമിക്കു സംസാര ശേഷി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ലോകേഷ്, പ്രകാശ്, ജോഷ്വ എന്നിവരുടെ കുടുംബത്തിൽ സമാധാനം സ്ഥാപിതമാകേണ്ടതിനായി പ്രാർത്ഥിക്കുക.

### അചഞ്ചലമായ വിശ്വാസം!

പശ്ചിമ ബംഗാളിൽ സാംസി മിഷൻ വയലിലെ വാറി ഗ്രാമത്തിലെ നമ്മുടെ വിശ്വാസികൾ ഇതര വിഭാഗക്കാരായ അവരുടെ ഗ്രാമത്തിലുള്ളവരിൽ നിന്നും ഗ്രാമത്തലവനിൽ നിന്നും ഉപദ്രവം എൽക്കുന്നു. ഗ്രാമത്തിലുള്ളവർ അവരെ ഒറ്റപ്പെടുത്തി മാറ്റി നിർത്തി. ഗ്രാമീണർ നമ്മുടെ സുവിശേഷകനെയും കുടുംബത്തെയും - ഇവർ നിമിത്തമാണ് ഗ്രാമത്തിലുള്ളവർ യേശുവിങ്കലേക്കു വരുന്നത് എന്നു കരുതി- ഗ്രാമത്തിൽ നിന്നു തുരത്തിയോടിക്കുവാൻ തീരുമാനിച്ചു. ക്രിസ്ത്യാനികളെ എതിർക്കുന്ന ഗ്രമീണർ സഭാമൂപ്പന്റെ പന്നിയെ മോഷ്ടിച്ചു കൊന്നു തിന്നു. എല്ലാ ദിവസവും അവർ എന്തെങ്കിലും പ്രശ്നം ഉണ്ടാക്കും. സഭാമൂപ്പനും വിശ്വാസികളും ഉറച്ചു നിന്നു പറയുന്നു, ഇവയൊന്നും കർത്താവായ യേശുവിനെ അനുഗമിക്കുന്നതിൽ നിന്നും ഞങ്ങളെ പിന്മാറ്റുകയില്ല. ഇത്തരത്തിൽ ഉറച്ച വിശ്വാസമുള്ള വിശ്വാസികൾക്കായി ദൈവത്തെ സ്തുതിക്കാം. തുടർന്നും ഈ വിശ്വാസികൾക്കായി നമുക്കു പ്രാർത്ഥിക്കാം.

## We want to help you to be in touch with…
## Friends Missionary Prayer Band

**KERALA COUNCIL CHAIRMAN: Very.Rev.P.O.Ninan,** Mallappally, Ph.0469 -2683034

**ZONAL ADVISOR : Bro. C.S. Isaiah,** F.M.P.B, Messiah Sadan, Thirumala P.O,
............................... Thiruvanathapuram -695006. Mob. 9447 000 899

**ZONAL OFFICE : Rev. Thomas Mathew,** Zonal Secretary, FMPB, Choorakuzhiyil House,
.................................Makkapuzha P.O, Ranni - 689 676.Mob. 9495 309 335,
.................................E - Mail. thomasmatthew@fmpb.org, sajifmpb@gmail.com

**REGION ADVISOR : Rev. Stanly George,** FMPB, Abhayam, Umbernad, Kallumala P.O,
.................................Mavelikara - 90 110 Mob.9495 156 486; 9446 191 886
.................................E- Mail. stanleygeorge@fmpb.org

**SOUTH KERALA REGION : Rev. Manoj P J,** Regional Secretary, FMPB, House No.
.................................CNRA 117, Chathiod pond Road, Nalanchira, Trivandrum - 695015
.................................Mob.8951 766 255, 8951 766 255 E- Mail. manoj@fmpb.org

**Parassala:** ............... **Rev.Syrus Samuel,** FMPB Mob.88259 26935, 88628 95099

**Thiruvanathapuram: Mrs. Usha Parimalam,** Prom. Secretary Mob. 94959 90899

**Neyyattinkara East : Mr.K. Thankappan,** Hon. Pro. secretary, FMPB, “Prabhath”,
.................................Cheruvarakonam, Parasala P.O -695 502 Ph.0471 2200001

**Neyyattinkara West: Mr. N.Selvakumar,** Hon. Prom. Sec., Ph.0471 2390636 Mob.7559 969 446

**Tiruvanathapuram : Eng.P.J.Thomas,** Hon.Prom.Sec. Ph.0471 2540146

**Kattakada : ......... Mr.R.Vimalraj,** Hon. Prom. Sec, Ph. 85474 92327

**Kollam : ............. Mr.K.M.Mathew,** Hon.Prom.Sec. Kakkalil (H) -689 521, Mob. 9497 147 024

**CENTER KERALA REGION : Rev. Abraham Thomas,** Regional Secretary, FMPB,
.................................Madhavanpady, Vadavathoor P.O, Kottayam - 686 010.
.................................Mob. 9847799031, 9562750798. E - Mail. samfmpb@gmail.com

**Thiruvalla:............. Mrs. Rebacamma Paul,** Promotional Secretary Mob 9444 665 917,

**Pathanamthitta :Mr. K.A. John,** Hon. Prom.Secretary, FMPB,Kizhakkearuthickal,
.................................Keekozhur.P.O - 689 672. PH:0468 227 7039, Mob.9495 757 563.

**Kottayam 1 : ..... Mr. Jose Prakash,** Hon.Prom.sec. FMPB, Chackalayil Peace Cottege,
.................................Amalagiri P.O, Ph.0481 259 9262, Mob. 9447 321 298.

**Kottayam 2 : ..... Mr. W.H. George,** Hon.Prom.sec. FMPB, Vazhamattom House,
.................................Manarcadu P.O, Kottayam - 686 019, Mob. 9447 279 825.

**Munnar : ............. Mr.T. Samuel,** Hon.Pro.Sec. Mob. 8281 286 643

**NORTH KERALA REGION : Rev. Vavachen.M.P,** Regional Secretary, FMPB, Ararat,
.................................Narayananasan Road, Vittila P.O- 682 019; Mob. 9847 575 416;

**Kothamangalam : Rev. Babu P,** Prom.Sec. Mob.8809 936 270

**Thripunithura :... Mr. P. A. Abraham,** Hon.Prom.Sec. Mob.682 039; 9447 024 508

**Perumbavoor........ Mr. K. P. Paul,** Hon.Prom.Sec. Mob: 98473 55189

**Kakkanadu............ Mrs. Ponnamma Abraham,** Hon.Prom.Sec. Mob: 94474 73685

**MALABAR REGION : Rev. Golden Inbaraj,** Regional Secretary, 2/600 Unity garden,
.................................Kaithakuzhi,Erattakulam P O, Palakkad, 678 622. Mob. 09013 042 185.

**Kozhikode : ........ Mr. Roy Mathew Cheeeran,** Hon.Prom. Sec. Mob. 9847 950 811

**Wayanadu : ........ Mr. D. P. Roosevelt,** Hon.Prom.Sec. Mob. 9961 613 066; 04936 281008

**Palakkad : .......... Mr. P. P. Cherian,** Hon.Prom. Sec. Mob. 9496 193 322

**375 മിഷനറി ആൽബം**

ഊട്ടിയിലുള്ള ഒരു അക്രൈസ്തവ കുടുംബത്തിലെ മൂന്നാമത്തെ മകനായി 1982 ഫെബ്രുവരി ഒന്നിന് സഹോദരൻ ശങ്കർ ജനിച്ചു. അവന്റെ മാതാപിതാക്കൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചതിനാൽ അവരോടുകൂടെ ശങ്കറും എല്ലാ ആഴ്ചയിലും ആരാധന യോഗത്തിൽ സംബന്ധിച്ചു വന്നു. പ്രതീക്ഷക്കു വിരുദ്ധമായി അവൻ ദുഷിച്ച കൂട്ടുകെട്ടിൽ അകപ്പെട്ടു. ഒരു നാൾ സഭയിൽ നടത്തിയ യുവജന യോഗത്തിൽ സംബന്ധിച്ച അവൻ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 2006 ൽ ഡാനിഷ്പേട്ടിൽ നടത്തിയ FMPB യുടെ വാർഷിക ക്യാമ്പിൽ പങ്കെടുത്തു. സഹോദരൻ നവനീഥറിന്റെ സന്ദേശത്തിന്റെ സ്വാധിനത്താൽ ഉത്തരേന്ത്യയിലെ ഗിരിവർഗ്ഗക്കാരുടെ ഇടയിൽ പ്രവർത്തിക്കണമെന്നാഗ്രഹമുണ്ടായി. കടശ്ശി യോഗത്തിൽ നൽകിയ ആഹ്വാനത്തിൽ പൂർണ്ണ സമയ സുവിശേഷ വേലക്കായ് സ്വയം സമർപ്പിച്ചു. 2006 ജൂലൈ ഒമ്പതിന് FMPB യിൽ ചേർന്നു. ഹൃസ്വകാലത്തേക്കു ആസ്ഥാന മന്ദിരത്തിൽ പ്രവർത്തിച്ചു. പിന്നീട് ചുരുങ്ങിയ നാളുകളിൽ പാലമ്നെർ മിഷൻ വയലിൽ ചേർന്നു മിഷൻ പ്രവർത്തനത്തെ മനസ്സിലാക്കിയതിനു ശേഷം ഝാൻസിയിൽ മിഷനറി പരിശീലനത്തിനായി പോയി. പഠനം പൂർത്തീകരിച്ച ശങ്കറിനെ ഗോദാവരി റീജിയനിൽ കാത്കരി വർഗ്ഗക്കാരുടെ മദ്ധ്യെ പ്രവർത്തിക്കുന്നതിനായി നിയോഗിച്ചു. 2009 ജനുവരി 27 ന് സഹോദരി ആനന്ദിയെ വിവാഹം കഴിച്ചു. അവരെ കുടുംബമായി സൈവാൻ മിഷൻ വയലിലെ വാർളി ജനങ്ങളുടെ ഇടയിലേക്കു അയച്ചു. 2012 ൽ അവരുടെ പ്രവർത്തനം തൽസാരി മിഷൻ വയിലിലേക്കു മാറ്റി. ഇപ്പോൾ അവർ കുടുംബമായി ദഹാനു മിഷൻ വയലിൽ പ്രവർത്തിക്കുന്നു.

നാഗർകോവിലെ വടച്ചേരി സ്വദ്ദേശികളായ താമ്പരത്തു തമാസമാക്കിയ ക്രിസ്തീയ മാതാപിതാക്കളുടെ രണ്ടാമത്തെ മകളായി 03.05.1984 ൽ സഹോദരി ആനന്ദി ജനിച്ചു. സ്വന്തം അമ്മ അനുവിലൂടെയാണ് അവൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചത്. സീനിയർ മിഷനറിയായ ശ്രീ. ഫ്രാൻസിസ് ജയ്പാൽ സിങ് നേതൃത്വം നൽകിയ സ്കാൻ യോഗത്തിൽ അവൾ ദൈവവേലക്കായ് സ്വയം സമർപ്പിച്ചു. അവൾ FMPB യിൽ ചേർന്നു 2007 ൽ മിഷനറി പരിശീലനം പൂർത്തീകരിച്ച ആനന്ദിയെ ജാർഖണ്ഡിലെ ചാന്ദന ബാലഭവനത്തിൽ നിയോഗിച്ചു. അവിടെ രണ്ടു വർഷം പ്രവർത്തനം പൂർത്തീകരിച്ച ആനന്ദിയെ ശ്രീ. ശങ്കർ വിവാഹം കഴിച്ചു. വിവാഹാനന്തരം അവർ കുടുംബമായി മഹാരാഷ്ട്രയിലെ മിഷൻ വയലുകളിൽ വാർളി ജനങ്ങളുടെ മദ്ധ്യെ പ്രവർത്തിക്കുന്നു.

ദൈവം ഇവർക്കു രണ്ടു മക്കളെ നൽകി അനുഗ്രഹിച്ചു. മൂത്തമകൾ ലിദിയ ശാലിനി ആറാം ക്ലാസ്സിലും ഇളയ മകൾ ലെറ്റിഷ്യ ഷൈനി നാലാം ക്ലാസ്സിലും ഡോണാവൂരിലെ സന്തോഷ വിദ്യാലയത്തിൽ പഠിക്കുന്നു. ഈ മിഷനറി കുടുംബത്തെ നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയിൽ ഓർക്കുക.



**ശ്രീ. എം. ശങ്കർ & ശ്രീമതി. ആനന്ദി കുടുംബം**



# ദേശീയ ഉപവാസ പ്രാർത്ഥന

**2022 ആഗസ്റ്റ് 12,13,14**

## നമ്മുടെ ദേശത്തിനു വേണ്ടി
## ദൈവമുമ്പാകെ ഇടിവിൽ നിന്നു പ്രാർത്ഥിക്കുക

നമ്മുടെ രാജ്യത്തിന്റെ ക്ഷേമത്തിനും സഭകളുടെ ഉണർവ്വിനുമായി
മിഷൻ വയലുകളിലും മൊബലൈസേഷൻ കേന്ദ്രങ്ങളിലും
ആസ്ഥാന മന്ദിരത്തിലും ക്രമീകരിച്ചിരിക്കുന്നു

കൂടുതൽ വിവരങ്ങൾക്ക്: -
നിങ്ങളുടെ സമീപത്തുള്ള മൊബലൈസേഷൻ കേന്ദ്രങ്ങളുമായി ബന്ധപ്പെടുക

***Published by:*** S. Sutharsan Thomas Jeyaraj on behalf of Friends Missionary Prayer Band from 29, High School Road, Ambattur, Chennai 600 053. Tel. 044-2657 0404 E-mail: info@fmpb.org ***Printed by:*** Rasi Graphics (P) Ltd. No. 40, Peters Road, Royapettah, Chennai - 600014. ***Editor: S. Sutharsan Thomas Jeyaraj***